

# സത്യദൂതൻ

വില ₹ 30

2024 മാർച്ച് – ഏപ്രിൽ

ലക്കം 03 – 04

## റമദാന്റെ അനുഗ്രഹങ്ങൾ

## നീതിയുടെ തത്വവും ശരീരത്തിന്റെ സന്തുലനവും

## മതേതരത്വം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

## ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**(ഖലീഫത്തുൽ മസീഹ് IV)**

**വിവ: എ. എം മുഹമ്മദ് സലീം**


***മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന***
***ദൈവികഗുണങ്ങളുടെ***
***അസാധാരണവും അത്യുജ്ജ്വലവുമായ***
***ആവിഷ്ക്കാരം***




# അകം


**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7** **റമദാന്റെ അനുഗ്രഹങ്ങൾ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹു)

2024 മാർച്ച് 15 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.

**9** **റമദാൻ: ചില വസ്തുതകൾ**

ഹദ്റത്ത് അഹ്മദ് عليه السلام

**12** **നീതിയുടെ തത്വവും ശരീരത്തിന്റെ സന്തുലനവും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് رحمه الله

**18** **യേശു കുരിശിൽ മരിച്ചിട്ടില്ല. യഥാർത്ഥത്തിൽ സംഭവിച്ചതെന്ത്?**

എ.എം. മുഹമ്മദ് സലീം



**24** **ക്രിസ്തുമതത്തെ കുറിച്ച് നൂറ് ചോദ്യങ്ങൾ**

സലീം അഹ്മദ്

**30** **ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

ഖലീഫത്തുൽ മസീഹ് അവ്വൽ رضي الله عنه

ഇബ്നു വഫാ ബേപ്പൂർ

**36** **മതേതരത്വം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.**

വി. ആർ കൃഷ്ണയ്യർ

**39** **കുറിപ്പുകൾ**

**പരമ ദയനീയം ലോക മുസ്‌ലിം അവസ്ഥ**

മുസാഫിർ

**43** **അനുസ്മരണം**



لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

2024 മാർച്ച് – ഏപ്രിൽ
ഹി.ശ. 1404– അമാൻ – ശഹാദത്ത്
1445 ശഅബാൻ – റമദാൻ–ശവ്വാൽ
പുസ്തകം 96 ലക്കം 03 – 04
വില 30 രൂപ

എഡിറ്റർ
**എ.എം.മുഹമ്മദ് സലീം**
**ഫോൺ : 8907 182 933**
Email: salimqld@gmail.com

ചീഫ് എഡിറ്റർ
**എച്ച്.ശംസുദ്ദീൻ**
**ഫോൺ : 9946 021 252**

മാനേജർ
**വി.എം.മാലിക് അമീൻ**
**ഫോൺ : 9895 867 185**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്
എറണാകുളം നോർത്ത്, കൊച്ചി–682018

**Printed & Published by**
B.B.Ahmad Kabeer,
for the Kerala
Ahmadiyya Muslim Jama-ath

**Printed at**
A-One Offset Prints,
Ramanattukara,
Calicut, Kerala - 673 633

**Published at**
Masjid Umar, St. Benedict Road,
Ernakulam, Kochi-18.


**Edited by** A.M. Muhammed Salim.

**Design:** HA *Creative Graphics*

## വിശുദ്ധ ഖുർആനിൽ നിന്ന്



**വിശ്വാസികൾ പരസ്പരം സഹോദരങ്ങൾ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരന്മാർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന് വേണ്ടി.** (49:11)



## നബിവചനം

**സൂര്യൻ ഉദിച്ചുയരുന്ന ഓരോ ദിവസവും നന്മ ചെയ്യൽ ഓരോ മനുഷ്യാവയവത്തിന്നും കടമകയാക്കപ്പെട്ടതാണ്. പരസ്പരം പോരടിക്കുന്ന രണ്ടു പേർക്കിടയിൽ സമാധാനം സ്ഥാപിക്കുന്നത് നന്മയാണ്. ഒരാളെ അയാളുടെ സവാരി മൃഗത്തിന്ന് പുറത്ത് കയറാൻ സഹായിക്കുക അല്ലെങ്കിൽ അയാളുടെ ഭാണ്ഡം കെട്ടാൻ സഹായിക്കുന്നതും നന്മയാണ്. നല്ലൊരു വാക്ക് നന്മയാണ് നമസ്ക്കാരത്തിന്ന് വേണ്ടി നടക്കുന്ന ഓരോ കാലടിവെപ്പും നന്മയാണ്. ഉപദ്രവകരമായ വസ്തുക്കൾ വഴിയിൽ നിന്നും നീക്കം ചെയ്യുന്നതും നന്മയാണ്.** *(ബുഖാരി, മുസ്‌ലിം)*

## വാഗ്ദത്ത മസീഹിന്റെ വചനം



**പ്രിയ ജനങ്ങളേ! സമാധാനത്തെ പോലെ കാമ്യമായിട്ട് മറ്റൊന്നും തന്നെയില്ല. വരുവീൻ നമ്മൾ ഇരു കൂട്ടർക്കും ഈ ഉഭയ സമ്മതം മുഖേന ഒരു ജാതിയായി തീരാം. അന്യോനം പ്രവാചകന്മാരേയും മത ഗ്രന്ഥങ്ങളേയും ആക്ഷേപിക്കുന്നത് മൂലം എത്രമാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായിതീരുന്നതെന്നും രാജ്യത്തിന്ന് എത്രമാത്രം നഷ്ടമാണ് സഹിക്കേണ്ടി വരുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ? വരുവീൻ ഇനി അന്യോന്യം മതബോധങ്ങളെ വക വെച്ചു കൊടുക്കുന്ന സഹിഷ്ണുതാ ശീലത്തിന്റെ അനുഗ്രഹ ഫലങ്ങളേയും ഒന്നു പരീക്ഷിച്ചു നോക്കുവീൻ ! ഇതത്രേ പരസ്പരം സന്ധിക്കാനും മൈത്രി  ഭാവം പുലർത്താനുമുള്ള ഉത്തമ മാർഗ്ഗം . ഇതല്ലാതെ മറ്റേതെങ്കിലും മാർഗ്ഗേണ മൈത്രി സ്ഥാപിക്കാമെന്ന് വിചാരിക്കുന്നത് ദുർഗന്ധമേറിയ ചലവും ദുഷ്ടും ഉള്ളിലടങ്ങിയ ഒരു പരുവിന്റെ ബാഹ്യമായ തിളക്കം കണ്ട് തൃപ്തിപ്പെടുന്നതിന്ന് തുല്യമാകുന്നു.** *(മൈത്രി സന്ദേശം)*

# വാനലോകത്തുനിന്നുള്ള ജലവർഷം പോലെ

ആകാശത്തു നിന്നുമുള്ള ജല വർഷം ഭുമിയിലുണ്ടാക്കുന്ന ജീവിതോത്സവങ്ങളെപറ്റി വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിക്കുന്നു. ഭൂമിയിലെ ജലാശയങ്ങൾ നവീകരിക്ക പ്പെടുന്നതും ഭുവനതലം ഹരിതാഭമാവുന്നതും ജീവരാശികൾ സജീവമാകുന്നതും ധാന്യ വയലുകളും ഫലവൃക്ഷങ്ങളും സസ്യലതാദികളും സഫലങ്ങളാവുന്നതുമെല്ലാം ആകാശത്ത് നിന്നുള്ള ജലം ഭൂമിയിൽ പതിക്കുമ്പോഴുണ്ടാവുന്ന ജീവൽസ്ഫുരണങ്ങളാണ്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: **'അല്ലാഹു ആകാശത്തനിന്ന് വെള്ളമിറക്കുന്നു. തൽഫലമായി ഭൂമി പച്ച പിടിക്കുന്നു! അല്ലാഹു കാരുണ്യവാനും സൂക്ഷ്മജ്ഞനുമാകുന്നു'**(2:64) വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്[(അ)] വിശദീകരിക്കുന്നു: 'ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവ ബോധനത്തിനും വിവേക ബുദ്ധിക്കും തമ്മിലുള്ളത്. ദൈവ ബോധനം സ്വർഗ്ഗീയ ജലവും, വിവേക ബുദ്ധി ഭൗമിക ജലവുമാണെന്ന് പറയാം. ഭൂമിയിലുള്ള വെള്ളം എപ്പോഴും മഴവെള്ളം കൊണ്ട് നിർമ്മലമായി നിലനിറുത്തപ്പെടുന്നു. അതുപോലെ സ്വർഗ്ഗീയ സലിലമാകുന്ന ദൈവ വചനത്തിന്റെ വെളിപാട് നിലച്ചു പോകുന്ന പക്ഷം ഭൗമിക ജലമാകുന്ന വിവേക ബുദ്ധി ശുഷ്ക്കിച്ചു പോകുന്നതാണ്. ദൈവ വചനത്തിന്റെ സ്വീകർത്താവിന്റെ ആഗമനം കൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘ കാലം കഴിഞ്ഞു പോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ വെള്ളം വറ്റി മലിനമായിത്തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും നശിച്ചു പോകുന്നതാണ്. (ഇസ്‌ലാം മത തത്വ ജ്ഞാനം.-പേ. 200)

നമുക്ക് നിത്യ പരിചയമുള്ളതും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പ്രകൃതി പ്രതിഭാസത്തെ ഉദാഹരിച്ച് കൊണ്ട് വിശുദ്ധ ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവിക വെളിപാടുകളെ കൊണ്ട് മാത്രമാണ് ജീർണ്ണതയേറ്റ സമൂഹങ്ങളെ അല്ലാഹു പുനരുജ്ജീവിപ്പിക്കുന്നത് എന്നാണ്. പക്ഷേ ഭൗമികമായ ചിന്തകളിലും താൽപര്യങ്ങളിലും ആമഗ്നരായ മതസമൂഹം തങ്ങളുടെ ഭൗതികോന്മുഖമായ ആശയങ്ങൾ കൊണ്ടും ശുഷ്ക്കമായ മതവിജ്ഞാനം കൊണ്ടും സമൂഹത്തെ പുനരുജ്ജീവിപ്പിക്കാനുള്ള വൃഥാ ശ്രമമാണ് എവിടെയും നടത്തുന്നത്. ദൈവ കാരുണ്യത്തിന്റെ സ്വർഗ്ഗീയമായ ആത്മീയ ജ്ഞാനങ്ങൾ വരുന്ന കവാടം എന്നെന്നേക്കുമായി അടഞ്ഞുപോയി എന്ന് കരുതുന്ന സമൂഹം ഒരിക്കലും ആ അനർഘനിധി അന്വേഷിക്കുകയില്ല. എന്നാൽ അല്ലാഹു പറയുന്നു: **'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തനായി നില കൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും'**(41:30) ഇത്തരത്തിൽ സമൂഹത്തിന്റെ പുനരുദ്ദാരണത്തിന്നായി വെളിപാടുകൾ കൊണ്ടനുഗൃഹീതരായ പ്രവാചകന്മാരുടെ അവതരണം ഉണ്ടാകുമെന്ന് ആദം സന്തതികളെ അഭിസംബോധനം ചെയ്തു കൊണ്ട് അല്ലാഹു പറയുന്നു: **'ആദം സന്തതികളേ എന്റെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് വിവരിച്ചു തരുന്ന നിങ്ങളിൽ നിന്നുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ ആർ സൂക്ഷ്മത കൈകൊള്ളുകയും സ്വയം നന്നാക്കി തീർക്കുകയും ചെയ്യുന്നുവോ, അവർക്ക് യാതൊന്നും ഭയപ്പെടാനില്ല അവർ വ്യസനിക്കുകയുമില്ല.'**(7:36) ആലങ്കാരികമായി സദൃശരൂപത്തിൽ അവസാന കാലത്ത് വരുമെന്ന് പറഞ്ഞ ഇസബ്നു മറിയം യഥാകാലം വന്നു. അതാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി[(അ)]. അന്ധവിശ്വാസ ജഡിലമായ സങ്കൽപ്പത്തോടെ ആകാശത്ത് നിന്നും വാഗ്ദത്ത പുരുഷൻ വരുമെന്നാണ് മുസ്‌ലിംകൾ വിശ്വസിച്ചിരിക്കുന്നത്.

ലോകം യുഗാന്ത്യ സംഭവങ്ങളുടെ അടയാളങ്ങൾ ഓരോന്നായി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മുസ്‌ലിം ലോകം നാലുഭാഗത്തു നിന്നും വിപത്തുകളാൽ വലയം ചെയ്യപ്പെടുകയും നാനാ വിധത്തിലും ജീർണ്ണ പ്രായമായിരിക്കുകയും ചെയ്തിരിക്കുന്നു. ഇതിനെല്ലാം പരിഹാരമായി മുഹമ്മദ് നബി[(സ)] പ്രവചന പ്രകാരം അല്ലാഹു യഥാകാലം അയച്ച വാഗ്ദത്ത മസീഹിനെ സ്വീകരിക്കാതെ മുസ്‌ലിം ഉമ്മത്തിനു രക്ഷയില്ല. യഹൂദന്മാർ ഈസാ മസീഹിനെ നിഷേധിച്ചതിനാൽ നാശത്തിനും ശാപത്തിനും പാത്രമായത് പോലെ മുസ്‌ലിം സമൂഹം ആകാതിരിക്കട്ടെ.



# ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ സൂത്രവാക്യം

**ഹദ്റത്ത് അഹ്മദ്** عليه السلام

അല്ലയോ മുസ്‌ലിംകളെ! നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യജാതിയായി കരുതി പോന്നു. ഇതേ കാരണത്താൽ തന്നെ നിങ്ങൾ അവരേയും ഒരു വ്യത്യസ്ത ജാതിയായി വിചാരിച്ചു വരുന്നു. ഈ വിപരീത ഭാവത്തിന്ന് ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മദ്ധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദ ഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുവരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലിക മൈത്രി ഉണ്ടായെന്ന് വരാം. എന്നാൽ യഥാർത്ഥ മൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിതീരുന്നത് നിങ്ങൾ വേദത്തെയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊള്ളുകയും അപ്രകാരം ഹിന്ദുക്കൾ തങ്ങളുടെ ഹൃസ്വ മനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബി(സ) നായകൻ മുഹമ്മദ് മുസ്തഫാ തിരുമേനിയുടെ സത്യത്തെ സമ്മതിക്കുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കുമിടയിൽ യഥാർത്ഥ ഐക്യവും സൗഹാർദ്ദവും ഉണ്ടായിതീരുന്നതിനുള്ള ഏക പദ്ധതിയെന്നും ഇതു തന്നെയാണ് ഹൃദയ രോഗങ്ങളെ സുഖപ്പെടുത്തുന്നതിന്നുള്ള ഒരേയൊരു ദ്രാവകമെന്നും ധരിക്കുവിൻ! വേർപിരിഞ്ഞു നിൽക്കുന്ന ഈ രണ്ടു സമുദായവും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ ഏതൊന്നിന്നായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിന്നായിട്ട് അവൻ ഇരുവരുടെയും ഹൃദയങ്ങളെ തുറന്നു കൊടുക്കുന്നതാണ്.

ഇതിനും പുറമെ നാം ഹൈന്ദവ മിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സ്നേഹത്തോടും സഹതാപത്തോടും പെരുമാറുകയും വേണ്ടതാണ്. അവർക്ക് മനോവേദനക്ക് കാരണമാവുന്ന നമ്മുടെ മതത്തിന്റെ നിർബന്ധ കടമകളോ അവശ്യ കർമ്മങ്ങളോ അല്ലെന്ന് വരുകിൽ അങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് നമ്മൾ ഒഴിഞ്ഞു നിൽക്കേണ്ടതുമാകുന്നു. അതിനാൽ ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ തിരുമേനി(സ)യെ ഒരു സത്യ പ്രവാചകനായി കൈകൊള്ളുകയും തിരുമേനി(സ)യിൽ വിശ്വസിക്കുന്ന പക്ഷം ഗോവധം കാരണമായി ഇരു സമുദായക്കാർക്കും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കി തീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേ കഴിയൂ എന്ന നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാമൊരിക്കലും ഉപയോഗിച്ചിട്ടില്ലാത്തവ വളരെ ഉണ്ടല്ലോ? ഏക ദൈവത്തിൽ വിശ്വസിക്കുക എന്നത് പോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു. അതിനാൽ അത്യാവശ്യവും ഗുണകരവുമായ ഒരു കാര്യത്തിന്ന് വേണ്ടി അത്ര ആവശ്യമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമാകയില്ല. ഒരു കാര്യം മതത്തിൽ അനുവദനീയമല്ല എന്ന് കരുതുന്നതും അതിനെ ഉപയോഗിക്കുക എന്നതും രണ്ടും വ്യത്യസ്ത കാര്യങ്ങളാണ്. മതധർമ്മം എന്നാൽ ദൈവം വിരോധിച്ച സംഗതികളിൽ നിന്നെല്ലാം ഒഴിഞ്ഞു നിൽക്കുകയും അവന്റെ അഭീഷ്ടത്തെ തേടി നടക്കുകയും അവന്റെ സകല സൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്ത് വന്ന സർവ്വ പ്രവാചകന്മാരും അതാതു കാലത്ത് മനുഷ്യരെ നന്നാക്കി തീർക്കേണ്ടതിന്ന് എഴുന്നേൽപ്പിക്കപ്പെട്ട ദിവ്യ ദൂതന്മാരും പരിഷ്ക്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കൽപ്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. ഇത് തന്നെയാണ് ഇസ്‌ലാം മതത്തിന്റെ രത്ന ചുരുക്കം.

*(ഹദ്റത്ത് അഹ്മദ്(അ), മൈത്രി സന്ദേശം)*

# റമദാന്റെ അനുഗ്രഹങ്ങൾ

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
2024 മാർച്ച് 15 ന് മസ്ജിദ് മുബാറകിൽ നിർവഹിച്ച ഖുത്ബ ജുമുഅയുടെ സംഗ്രഹം.



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹുല്ലാഹു)

***അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഭയഭക്തിയുള്ളവരാകുന്നതിനുവേണ്ടി. ഇത് ഏതാനും എണ്ണപ്പെട്ട ദിവസങ്ങളാകുന്നു. ആകയാൽ നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകാൻ കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നൽകേണ്ടതാണ്. ഇനി ആരെങ്കിലും വല്ല ഐഛിക നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമത്രെ. നിങ്ങൾ കാര്യം ഗ്രഹിക്കുന്ന വരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമാകുന്നു.*** (2:184/185)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമദാൻ മാസം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. തിരുനബി(സ) പറയുന്നു: ഇത് വളരെ മഹത്തായ അനുഗൃഹീത മാസമാകുന്നു. ഈ മാസത്തിൽ അല്ലാഹു തന്റെ ദാസന്മാരെ തന്റെ അനുഗ്രഹങ്ങൾകൊണ്ട് ധന്യരാക്കാൻ വളരെയേറെ ഔദാര്യം കാണിക്കുന്നു. അല്ലാഹു സാധാരണ ദിവസങ്ങളിലും നമ്മുടെ ചിന്തകൾക്കതീതമായി തന്റെ ദാസന്മാരെ അനുഗ്രഹിക്കുന്നു. ഈ മാസത്തിൽ പ്രത്യേകമായും ശൈത്വാനെ ബന്ധനസ്ഥനാക്കിക്കൊണ്ട് അവരെ അവന്റെ പിടുത്തത്തിൽനിന്ന് രക്ഷപ്പെടാനുള്ള സംവിധാനം ചെയ്യുമ്പോൾ അതിനെ എന്തിനോട് ഉപമിക്കണമെന്നതിന് വാക്കുകൾ കിട്ടുന്നില്ല. ഇബാദത്തുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ നമ്മൾ കാണിച്ച അലസതകൾ ഈ മാസത്തിൽ പ്രത്യേകമായ രീതിയിൽ അനുഷ്ഠിക്കാനുള്ള അന്തരീക്ഷമൊരുക്കിത്തന്നിരിക്കുന്നു. മസ്ജിദുകളിലും എം.ടി.എ.യിലും ദർസിനുള്ള സംവിധാനമുണ്ട്. അതിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അല്ലാഹുവിന്റെ സാമീപ്യം അന്വേഷിക്കേണ്ടതാണ്. തുടർന്ന് ഈ അന്തരീക്ഷത്തിന്റെ പ്രഭാവത്തെ നമ്മൾ ജീവിതത്തിന്റെ സ്ഥാ യിയായ ഭാഗമാക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും ഔദാര്യങ്ങളുടേയും സ്ഥായിയായ അവകാശികളായി നമ്മൾ മാറാൻ ശ്രമിക്കേണ്ടതാണ്. നബി(സ) പറയുന്നു: ഒരു മാതാവിന് തന്റെ നഷ്ടപ്പെട്ട കുട്ടിയെ കിട്ടുന്നതിനേക്കാളും സന്തോഷം അല്ലാഹുവിന് തന്റെ നഷ്ടപ്പെട്ട ദാസനെ കിട്ടുമ്പോൾ ഉണ്ടാകുന്നു. അല്ലാഹു അത്യധികം സന്തോഷിക്കുന്നു. അല്ലാഹു തന്റെ ദാസനിൽ സന്തുഷ്ടനാകുമ്പോൾ അവനെ കണക്കില്ലാതെ അനുഗ്രഹിക്കുന്നു. ചുരുക്കത്തിൽ നമ്മൾ റമദാന്റെ അന്തരീക്ഷത്തിൽനിന്ന് ഫലമെടുത്തുകൊണ്ട് യഥാർഥ നിലയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നവരായിത്തീർന്നാൽ നമ്മൾ തന്നെയാണ് സൗഭാഗ്യവാന്മാർ.

ഞാൻ പാരായണം ചെയ്ത ആയത്തുകളിൽ അല്ലാഹു തഖ്‌വയിൽ ചരിച്ചുകൊണ്ട് അവന്റെ കൽ പനകളിൽ പദമൂന്നാൻ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മറ്റു ചില കൽപനകളെപ്പറ്റിയും ഓർമ്മപ്പെടുത്തുന്നുണ്ട്. നോമ്പിന്റെ ഉദ്ദേശ്യം നിങ്ങൾ തഖ്‌വയിൽ ചരിക്കണം എന്നതു തന്നെയാണ് (നിങ്ങൾ തിന്മ കളിൽനിന്ന് രക്ഷപ്പെടുകയും നന്മയെ സ്വായത്തമാക്കുകയും പാപങ്ങളിൽനിന്നും സ്വയം സംരക്ഷിക്കുകയും വേണം.) ധനാഢ്യരായ ആളുകൾ തങ്ങളുടെ പ്രദേശത്തുള്ള സാധുക്കളുടെ കാര്യങ്ങൾ റമദാനിൽ പ്രത്യേകം അന്വേഷിക്കുക. വലിയ വലിയ ഇഫ്താറുകളെ ഞാൻ അനുകൂലിക്കു

ന്നില്ല. ഇപ്പോൾ ഇത് പ്രകടനത്തിന്റേയും അനാചാരത്തിന്റെയും വർണമുള്ളതായി മാറിയിരിക്കുന്നു. റമദാനിൽ വിശുദ്ധ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും കേൾക്കാനും കേൾപ്പിക്കാനും ദിക്റെ ഇലാഹിയിലേക്കും ഇബാദത്തുകളിലേക്കും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

പാപങ്ങളിൽനിന്നും രക്ഷപ്രാപിക്കാനുള്ള പരിചയായ നോമ്പുകൊണ്ട് ഫലമെടുക്കണമെങ്കിൽ പരിചശരിയായി ഉപയോഗിക്കേണ്ടതും അനിവാര്യമാകുന്നു. അതല്ലെങ്കിൽ ശയ്ത്വാൻ എല്ലായ്പ്പോഴും നമ്മെ ആക്രമിക്കുന്നതാണ്. ഇബാദത്തുകളുടേയും ദിക്റെ ഇലാഹിയുടേയും കോട്ട അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളെ സാത്താനിക ആക്രമങ്ങളിൽനിന്നും രക്ഷിക്കുന്നതാണ്. ശയ്ത്വാനെ നിസ്സാരമായി ഗണിക്കരുത്. അവൻ വലിയ ചാലഞ്ച് ചെയ്തുകൊണ്ട് അല്ലാഹുവിന്റെ ദാസന്മാരിൽ ഭൂരിഭാഗവും തന്റെ പ്രേരണയിൽ അകപ്പെട്ട് തന്റെ പിന്നാലെ നീങ്ങുമെന്ന് പറഞ്ഞിരുന്നു. ചുരുക്കത്തിൽ നമ്മൾ റമദാനിൽ അവന്റെ ചാലഞ്ചിനെ നേരിടേണ്ടതാണ്. പിന്നെ നമ്മൾ പ്രാവർത്തികമാക്കുന്ന ഇബാദത്തുകളും ഖുർആനിക പാഠങ്ങളുമായ ആയുധംകൊണ്ട് എപ്പോഴും ശൈത്വാനുനേരെ പടപൊരുതുകയും വേണം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നോമ്പിന്റെ യാഥാർഥ്യത്തെപ്പറ്റി ഒരിടത്ത് പറയുന്നു: നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല. വാസ്തവത്തിൽ നോമ്പിൽ മനുഷ്യൻ പൈദാഹങ്ങളോടെ കഴിയുക എന്നത് മാത്രമല്ല. മറിച്ച് അതിന് ഒരു യാഥാർഥ്യവും പ്രഭാവവും ഉണ്ട്; അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുന്നത്. മനുഷ്യപ്രകൃതത്തിൽ എത്രമാത്രം ഭക്ഷണം കുറവ് കഴിക്കുന്നുവോ. അത്രമാത്രം ആത്മശുദ്ധി ഉണ്ടാവുകയും ജാഗ്രതാ ദർശന ശക്തികൾ വർധിക്കുകയും ചെയ്യുന്നു എന്ന സവിശേഷതയുണ്ട്. അല്ലാഹു നോമ്പുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറച്ച് മറ്റൊന്ന് വർധിപ്പിക്കണമെന്നാണ്. അയാൾ ദൈവസ്മരണയിൽ വ്യാപൃതനാകുകയും അങ്ങനെ ഭൗതിക വിരക്തിയും വിടുതലും കരസ്ഥമാക്കണം. ചുരുക്കത്തിൽ റമദാനിൽ വിശുദ്ധഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതോടൊപ്പം ഇബാദത്തുകളും ദൈവസ്മരണയും വളരെ അനിവാര്യമാകുന്നു. മനസ്സ് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടിരിക്കണം. അവനെ വാഴ്ത്തിക്കൊണ്ടിരിക്കണം. അതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഇൽഹാമി ദുആയും പറഞ്ഞു തന്നിട്ടുണ്ട്.

അതുകൊണ്ട് ഇത് പ്രധാനപ്പെട്ട ഒരു ദുആ ആകുന്നു. തിരുനബി(സ)ന്റെ മധ്യസ്ഥ ദുആകൾ സ്വീകരിക്കപ്പെടാൻ അനിവാര്യമാകുന്നു. അത് അല്ലാഹുവിന്റെ കൽപനയാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയിലൂടെ ചരിക്കാൻ നിരവധി സ്ഥലങ്ങളിൽ ഉപദേശിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം ഏറെക്കുറെ എല്ലാ സദസ്സുകളിലും ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരു ഈരടിയുണ്ട്. എല്ലാ നന്മയുടേയും വേര് ഈ തഖ്‌വ ആകുന്നു. ഉടനെ അല്ലാഹു അടുത്തവരി ഇൽഹാമായി അദ്ദേഹത്തെ അറിയിക്കുകയുണ്ടായി, ഈ വേര് നിലനിന്നാൽ എല്ലാം നിലനിൽക്കുന്നതാണ്. ചുരുക്കത്തിൽ അല്ലാഹുവിന് ഇഷ്ടവും എല്ലാ നന്മകളിലേക്ക് നയിക്കുന്നതും ഭൗതിക മാലിന്യങ്ങളിൽ നിന്ന് ശുദ്ധി നൽകുന്നതും മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്നതും തഖ്‌വ തന്നെയാണ്. ആയതിനാൽ തഖ്‌വ സ്വായത്തമാക്കുന്നത് ഒരു വിശ്വാസിയുടെ പ്രഥമ കർത്തവ്യമായി മാറേണ്ടതാണ്.

ഈ ആയത്തുകളിൽ തുടർന്ന് നോമ്പുമായി ബന്ധപ്പെട്ട ചില കൽപനകളെ പരാമർശിക്കുന്നുണ്ട്. പറയുന്നു: ഈ എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ നോമ്പ് നിർബന്ധമാക്കിയിട്ടുപോലും അല്ലാഹു നിങ്ങൾക്ക് ചില ഇളവുകളും നൽകിയിട്ടുണ്ട്. അതിനാൽ, രോഗികളും യാത്രക്കാരും തങ്ങൾക്ക്മേൽ അനാവശ്യ ഭാരം ചുമത്താതെ സുഖം പ്രാപിച്ചതിനുശേഷമോ യാത്രയ്ക്ക് ശേഷമോ നോമ്പ് പൂർത്തിയാക്കുക. ഫർദ് (നിർബന്ധ കടമ) നിറവേറ്റേണ്ടത് അനിവാര്യമാണ്, പക്ഷേ അനാവശ്യഭാരം ചുമക്കരുത്. ഫിദ്‌യ നൽകാൻ കൽപിച്ചിട്ടുള്ളത് എല്ലാവർക്കുമല്ല, അത് കഴിവുള്ളവർക്കാണ്; അതിന് ഇരട്ടി പ്രതിഫലവും ഉണ്ട്. പിന്നെ പാലൂട്ടുന്ന മാതാക്കൾ അല്ലെങ്കിൽ വിട്ടുമാറാത്ത അസുഖമുള്ളവർ കഴിവ് അനുസരിച്ച് ഫിദ്‌യ നൽകാൻ കൽപിച്ചിട്ടുണ്ട്. നിങ്ങൾ ഫിദ്‌യ നൽകുന്നത് നോമ്പിന് പകരമാണ്. ഫിദ്‌യ നൽകുന്നത്കൊണ്ട് പാവങ്ങൾക്ക് സഹായം ലഭിക്കുന്നു. സൃഷ്ടികളുടെ അവകാശങ്ങൾക്ക് ഇവിടെ ഇബാദത്തിന്റെ പദവി നൽകിയത് പോലെയാണ്. കാരുണ്യം മാത്രമായിട്ടുള്ള ഇസ്‌ലാമിന്റെ ദൈവം ഇതാണ്. ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ഫിദ്‌യ എന്തിനാണ് നിശ്ചയിച്ചതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. അത് തൗഫീഖിന് വേണ്ടിയാണെന്ന് എനിക്ക് മനസ്സിലായി, അങ്ങനെ അയാൾക്ക് നോമ്പിനുള്ള തൗഫീഖ് നൽകപ്പെടും. അല്ലാഹു സർവ്വശക്തനാണ്, അവൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു ആസ്ത്മാ രോഗിക്കുപോലും നോമ്പ് എടുക്കാനുള്ള ശക്തി നൽകും. ഫിദ്‌യ കൊണ്ട് ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ കൃപയാലുള്ള ആ ശക്തി ലഭിക്കണം എന്നതാണ്.

ഹുസൂർ(അ) പറയുന്നു: വിശുദ്ധ ഖുർആന്റെ ഇളവുകൾ അനുസരിച്ചു പ്രവർത്തിക്കുന്നതും തഖ്‌വയാണ് എന്നതാണ് പ്രധാന കാര്യം. യാത്രികനും രോഗിക്കും മറ്റു സമയങ്ങളിൽ നോമ്പെടുക്കാൻ അല്ലാഹു നൽകിയ അനുവാദവും ഇളവും പാലിക്കണം. രോഗിയോ യാത്രികനോ ആയ അവസ്ഥയിൽ നോമ്പെടുക്കുന്ന ഒരാൾ ദൈവത്തിന്റെ വ്യക്ത

(ശേഷം പേജ് 28 ൽ)

# റമദാൻ: ചില വസ്തുതകൾ

ഹദ്റത്ത് അഹ്മദ് عَلَيْهِ السَّلَام

''വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനിയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസം നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നു തന്നെ സഹായം തേടേണ്ടതാണ്.'' *(ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).*

## നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

''ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്.'' *(മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)*

## റമദാൻ എന്ന നാമം

''സൂര്യന്റെ ചൂടിനാണ് റമദ എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് റമദാൻ (രണ്ടുചൂട്) ഉണ്ടായി. ചൂടുമാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും റമദ എന്നു പറയും.'' *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)*

## റമദാൻ മാസത്തിന്റെ മഹത്വം

''***ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ*** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ (ജാഗ്രദർശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛക

ളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് ***ഉൻസില ഫീഹിൽ ഖുർആൻ*** എന്നതിലുള്ളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു.'' *(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264-265)*

### ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം

''ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരം, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ പ്രകാശകേന്ദ്രമായ അല്ലാഹുവിൽ നിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചു കൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചു കൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു.'' *(ഇസ്ലാംമത തത്ത്വജ്ഞാനം പേജ് 191, 192)*

### ചില സംശയനിവാരണങ്ങൾ

● യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുള്ള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. *(മൽഫൂദാത്ത് വാള്യം 9, പേജ്431, 1984)* ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.

● ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. *(മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)*

● ഞാൻ ഇന്നേവരെ നോമ്പു നോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.' *(മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)*

● ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം -മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

● നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

● നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

● നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

● നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. *(മൽഫൂദാത്ത് വാള്യം 9, പേജ് 171 -172, 1984)*

● മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കു

ന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചുവീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

● നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

### ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

### നോമ്പിന്റെ പ്രാധാന്യം

'മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്.' *(മൽഫൂദാത്ത് വാല്യം 2, പേജ് 203, 1984)*

### മനസ്സിനുണ്ടാകുന്ന ആർദ്രത

'നോമ്പും നമസ്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരംകൊണ്ട് (ആത്മാവിന്) ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല.'' *(മൽഫൂദാത്ത് വാല്യം 7, പേജ് 374, 1984)*

### യാത്രയിൽ നോമ്പ്

● യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് ***ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ*** രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപ്പന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. *(മൽഫൂദാത്ത് വാല്യം 1, പേജ് 292,293 - 1984)*

### തറാവീഹ് നമസ്ക്കാരം

● റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

'തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്.'' വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: ''തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെതന്നെ നമസ്ക്കരിച്ചുകൊള്ളുക.

● തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം. കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

'നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യ നേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം വിവരിച്ചതുതന്നെയാകുന്നു.'' (മൽഫൂദാത്ത് വാല്യം 10 പേജ് 113)

### ഇഅ്തികാഫ്

'ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാ

(ശേഷം പേജ് 29 ൽ)

ലേഖനം

# നീതിയുടെ തത്വവും ശരീരത്തിന്റെ സന്തുലനവും

നീതിയുടെ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് മനുഷ്യന്റെ ശരീര വ്യവസ്ഥ സംവിധാനം ചെയ്തിരിക്കുന്നത്. മനുഷ്യ ശരീരത്തിന്റെ ഓരോ ഘടകങ്ങളിലും ഇതിന്റെ പ്രകടനം കാണാം. അതിൽ ദൈവത്തിന്റെ നീതിതത്വത്തെ ലംഘിക്കാതെ അവന്റെ ഔദാര്യം എന്ന ഗുണം അത്ഭുതകരമായ രീതിയിലാണ് സന്നിവേശിപ്പിച്ചിരിക്കുന്നത്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'കേവലനീതി കാരുണ്യം ബന്ധുത്വം: മൂന്ന് സക്രിയ തത്വങ്ങൾ' എന്ന ഉജ്ജ്വലമായ കൃതിയിൽ നിന്നുള്ള ലേഖനം.


## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഖലീഫത്തുൽ മസീഹ് നാലാമൻ


ഈ വസ്തുത ഒന്നുകൂടി വിശദമാക്കാൻ നമുക്ക് വീണ്ടും എല്ലാ ജീവികൾക്കും ദിനേന ആവശ്യമായ പഞ്ചസാരയുടെ അളവിന്റെ ഉദാഹരണത്തിലേക്ക് നോക്കാം. അമിത ഭോജനത്തിന്റെ ദോഷഫലങ്ങളിൽ നിന്നും രോഗിയുടെ രക്ഷയ്ക്ക് ഉദാരത എന്ന ഘടകം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും രോഗിയുടെ ആരോഗ്യത്തെ പ്രതിരോധിക്കാൻ ഉദാരത എന്താണ് ചെയ്യുന്നതെന്നും നോക്കാം.

### ഇൻസുലിൻ ഉത്പാദനത്തിൽ ഔദാര്യത്തിന്റെ പങ്ക്

ഉദാഹരണത്തിന്, പാൻക്രിയാസ് ഗ്രന്ഥി കൃത്യമായ അനുപാതത്തിൽ ഇൻസുലിൻ ഉത്പാദിപ്പിക്കുകയാണെങ്കിൽ ഇത് ദിനംപ്രതിയുള്ള ശരീരാവശ്യത്തിന് മതിയാവുമായിരുന്നു. അതിലധികം വേണ്ടിവരില്ല. ഔദാര്യത്തിന്റെ പ്രവർത്തനത്തിന്റെ ആവശ്യം ഇവിടെ വേണ്ടിവരുമായിരുന്നില്ല. എന്നാൽ ദൈവം പാൻക്രിയാസ് ഗ്രന്ഥിക്ക് അതിന്റെ സാധാരണ ഉത്പാദന ക്ഷമതയേക്കാൾ അധികം ഉത്പാദിപ്പിക്കാനുള്ള കഴിവ് നൽകിയിട്ടുണ്ട്. ഒരു ആരോഗ്യവാനായ വ്യക്തി പഞ്ചസാര ആവശ്യമായതിൽ പലമടങ്ങ് കൂടുതലായി ഉപയോഗിക്കുകയാണെങ്കിലും മിക്കവാറും അയാൾ അതിന്റെ പ്രത്യാഘാതത്തിൽ നിന്നും രക്ഷപ്പെടുന്നതായിരിക്കും. ദൈവത്തിന്റെ ഉദാരത നമുക്ക് ഇതിൽ കാണാൻ സാധിക്കും

ഇവിടെ ഒരുകാര്യം ശ്രദ്ധിക്കുന്നത് കൗതുകകരമാണ്. പാൻക്രിയാസ് ഗ്രന്ഥി തകരാറായി എന്നിരിക്കട്ടെ. ആവശ്യത്തിന്റെ ഏഴിലൊന്ന് ഇൻസുലിൻ മാത്രമെ പാൻക്രിയാസ് ഉദ്പാദിപ്പിക്കുന്നുവെങ്കിൽ പോലും ഈ ചെറിയ അളവ് ഇൻസുലിൻ ദൈനംദിന ആവശ്യത്തിന്ന് മതിയായി വരും. ഈ ശാസ്ത്രീയ പ്രതിഭാസത്തിന്റെ നൂലാമാലകൾ മനസ്സിലാകാത്ത സാധാരണക്കാരന്റെ അറിവിലേക്കായി ഇക്കാര്യം അൽപ്പം വിശദമാക്കുന്നത് ഉചിതമായിരിക്കും.

ഇൻസുലിന്റെ ഉപയോഗം യാതൊരർത്ഥത്തിലും യാദൃച്ഛികമല്ല. ജീവികൾക്ക് തനിക്ക് എത്ര അളവ് ഇൻസുലിൻ ആവശ്യമുണ്ടെന്ന് അറിവില്ല. അവക്ക് തീറ്റക്കുള്ള സുനിശ്ചിതമല്ലാത്ത കൊതി മാത്രമേയുള്ളൂ. അത് അവയുടെ രുചിക്കനുസരിച്ച് വിശപ്പടങ്ങുവോളം ഭക്ഷിക്കാൻ അവയെ പ്രേരിപ്പിക്കുന്നു. ഒരു ഘട്ടമെത്തിയാൽ തീറ്റി നിർത്താനുള്ള താക്കീത് ആന്തരികമായി അവക്ക് നൽകപ്പെടുന്നു. തീറ്റി നിർത്താനുള്ള ഈ ആന്തരിക സംവിധാനം ജീവികളിൽ ഇല്ലായിരുന്നുവെങ്കിൽ അവയുടെ അമിത തീറ്റിപ്രിയം മൂലം ലോകത്ത് ഒരു നിശ്ചിത തോത് ആളുകൾക്ക് ഭക്ഷണം കിട്ടാതെ മരിക്കുമായിരുന്നു. സാധാരണ ഒരു ആരോഗ്യമുള്ള മൃഗത്തിൽ പോലും ഇൻസുലിൻ ഉത്പാദനത്തിൽ നിയന്ത്രിതമായ വ്യത്യാസങ്ങളുണ്ട്. വിശ്രമത്തിലിരിക്കുന്ന ഒരു ജീവിക്ക് അൽപ്പം ഇൻസുലിൻ മാത്രമേ ആവശ്യമുള്ളൂ. അത് പെട്ടെന്ന് അക്രമാസക്തമാവുകയോ ഉത്തേജിതമായി പ്രവർത്ത നിരതനാവുകയോ ചെയ്താൽ ശരീരത്തിൽ ആനുപാതികമായി ഉയർന്ന രീതിയിൽ ഇൻസുലിൻ സ്രവിപ്പിക്കപ്പെടുന്നു. പക്ഷേ ഇപ്രകാരം സ്പോർടിലും ഗെയിംസിലും ഉന്നതമായ മികവിൽ എത്തിച്ചേരാൻ സാധ്യമാകുന്നില്ല. പ്രത്യേകിച്ച് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന മിക്ക കായികതാരങ്ങളും അവർ മെഡൽ വാങ്ങുന്നതിന്ന് മുമ്പായി പെട്ടേക്കും.

ആരോഗ്യമുള്ള മനുഷ്യ ശരീരത്തിന്ന് സമീകൃതാഹാരം ലഭിക്കുകയാണെങ്കിൽ അതിലെ ഉപാപചയ വിസർജ്യങ്ങൾ പുറംന്തള്ളുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഒരു നിശ്ചിത അളവ് വലുപ്പവും ഭാരവും കിഡ്നിക്ക് ആവശ്യമാണ്. ഒരുകാര്യം ഓർക്കുക ദൈന വിസർജ്യങ്ങൾ പുറംന്തള്ളുന്നതിന്നുള്ള ആവശ്യങ്ങളെക്കാൾ കിഡ്നിയുടെ കഴിവ് വളരെ അധികമാണ്. കിഡ്നിയുടെ 8 ൽ 1 വലുപ്പം മാത്രമേ ദൈനം ദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ആവശ്യമുള്ളു. അമിതാഹാരം മൂലമുണ്ടാകുന്ന രോഗങ്ങൾ അല്ലെങ്കിൽ യാദൃച്ഛിക രോഗങ്ങൾ ഇവയെ തടയാൻ ആഘാത പ്രതിരോധ സംവിധാനം കൂടുതലായി ആവശ്യമില്ല. അത് ***ഇഹ്സാൻ***ന്റെയും ***ഈതായി ദിൽ ഖുർബാ***

യുടെയും കൂട്ടായ അത്ഭുത പ്രവർത്തനമാണ്.

നിരന്തരമായി നീതിയുടെ ശാസനകളോടും ദൈവത്തിന്റെ ഔദാര്യങ്ങളോടും അവഗണന കാണിക്കുകയും മനുഷ്യന്റെ കിഡ്നിയുടെ 8 ൽ 7 ഭാഗം പ്രവർത്തനരഹിതമായാലും മനുഷ്യന്ന് ആരോഗ്യമുള്ള ഒരു ആളായി തുടരാനാവും. മനുഷ്യന്ന് അവന്റെ ആരോഗ്യപാഠങ്ങൾ പഠിക്കാനുള്ള സാവകാശം നൽകി സാധാരണ നിലയിലേക്ക് തിരിച്ചു വരാനുള്ള അവസരം അത് നൽകുകയും ചെയ്യുന്നു.

അങ്ങനെ പല അവസരങ്ങളിലും കേവല നീതിയും ഔദാര്യവും പരസ്പരം അതിവർത്തിക്കാതെ രണ്ടും ഒരുപോലെ പൂത്തുലയുന്നത് നമുക്ക് കാണാനാകും. എതായാലും ഈ രണ്ട് വരദാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന എന്തെങ്കിലും അപകട സന്ധി സംജാതമായാൽ ഔദാര്യത്തിന്ന് പ്രവർത്തിക്കാനുള്ള അവസരം നൽകപ്പെടില്ല. അവിടെ കേവലനീതിയാണ് നിലനിൽക്കുക. ഔദാര്യം കടന്നു വരികയാണെങ്കിൽ നീതി ബലികഴിക്കപ്പെടേണ്ടി വരും. അതായത് ഔദാര്യം പ്രകടിപ്പിക്കണമെങ്കിൽ നീതിയുടെ ചിലവിലായിരിക്കും അത് നിർവ്വഹിക്കപ്പെടുക. നീതിയുമായി എത്രമാത്രം ഔദാര്യത്തിന്ന് സഹവർത്തിത്വം സാദ്ധ്യമാവുമോ അത് വരെ ഔദാര്യത്തിന്ന് നിലനിൽക്കാനും പ്രവർത്തിക്കാനും സാധിക്കും. ഔദാര്യം എന്നത് ഉന്നത നിലയിലുള്ള ഒരു ക്രമമാണ്. നീതി എന്നത് ഏറ്റവും അടിസ്ഥാനമായിട്ടുള്ളതുമാണ്. അടിസ്ഥാനങ്ങൾ ഒരിക്കലും തന്നെ അധികത്തിന്റേയോ തിരഞ്ഞെടുപ്പിന്റേയോ അൾത്താരയിൽ ബലിയായി കൂടാ. ഈ വിഷയകമായി പരിശുദ്ധ പ്രവാചകൻ പറഞ്ഞു:

ഒരു അവിശ്വാസി ഒരു വിശ്വാസിയേക്കാൾ ഏഴ് ഇരട്ടി അധികം ഭക്ഷിക്കുന്നു.[6] ഈ ഹദീസ് ദഹന വ്യവസ്ഥയുടെ കഴിവിന്റെ മാക്സിമം മിനിമം പരിധികൾ സൂക്ഷ്മമായി വെളിപ്പെടുത്തുന്നു.

ഇൻസുലിന്റെ കുറവ് കൂടാതെ നൂറുക്കണക്കിന്ന് മറ്റു കാരണങ്ങളും പ്രമേഹ രോഗത്തിന്ന് കാരണമാകുന്നു. ആയതിനാൽ പാൻക്രിയാസ് സാധാരണ രീതിയിൽ പ്രവർത്തിക്കുയാണെങ്കിൽ പ്രമേഹ രോഗിക്ക് ഇൻസുലിൻ കുറവ് അതിജീവിക്കാൻ സാദ്ധ്യമാവുന്നു. രക്തത്തിൽ പഞ്ചസാര ആഗിരണം ചെയ്യുന്ന അത്തരം നിരവധി സങ്കീർണ്ണമായ ഘടകങ്ങൾ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അന്തിമ വിശകലനത്തിൽ തികഞ്ഞ രീതിയിൽ സമീകൃതമായ ആഹാര ക്രമത്തിൽ തന്നെയാണ് എപ്പോഴും ഊന്നൽ നൽകേണ്ടത്. അല്ലെങ്കിൽ അതിന്റെ മറുവാക്കായ നീതിയിലാണ് ഊന്നൽ നൽകേണ്ടത്.

### കാൽസിയം

ഒരു മൃഗത്തിന്റെ ആരോഗ്യം നല്ലരീതിയിൽ നിലനിർത്താൻ കാൽസിയവും പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. നേരിയ തോതിൽ പോലും കാൽസിയം സന്തുലനത്തിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചെങ്കിൽ ആ ജീവിയുടെ ആരോഗ്യത്തിന്ന് അത് ഗുരുതരമായ തകരാറുണ്ടാക്കും. ഈ അർത്ഥത്തിൽ രോഗവും ആരോഗ്യവും തമ്മിലുള്ള വ്യത്യാസം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വ്യത്യാസത്തേക്കാൾ നേരിയതാണ്. കാൽസിയത്തിന്റെ നേരിയ തോതിലുള്ള ഉയർച്ചയും താഴ്ച്ചയും പോലും ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങളുണ്ടാക്കും. മരണം പോലും സംഭവിക്കാം. കന്നുകാലികളിൽ സാധാരണമല്ലാത്ത ഒരു രോഗത്തെപ്പറ്റിയുള്ള പഠനം കാൽസിയം സാന്നിദ്ധ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ്. കന്നുകാലികളുടെ ശരീരത്തിൽ ശരിയായ രീതിയിലുള്ള കൃത്യമായ കാൽസിയം അനുപാതം ഉണ്ടായിരിക്കണം എന്നാണ് പഠനത്തിന്റെ സൂചന.

ചിലപ്പോൾ വൈറസ് മൂലമോ പരിസ്ഥിതി ഘടങ്ങളാലുള്ള കാരണങ്ങൾകൊണ്ടോ കന്നുകാലികൾക്ക് പെട്ടെന്ന് ഊർജ്ജക്ഷയം സംഭവിക്കുന്നു. പുറമേ നിന്നുള്ള കാരണങ്ങളൊന്നുമില്ലാതെ ഇങ്ങനെ സംഭവിക്കുന്നത് കർഷകനെ അന്ധാളിപ്പിക്കുന്നു. ഉദാഹരണത്തിന്ന് തലേന്ന് രാത്രി പൂർണ്ണ ആരോഗ്യമുള്ള ഒരു പശു കാൽകുഴഞ്ഞുവീഴുന്നു. ചത്തത് പോലെ എഴുന്നേൽക്കാൻ വയ്യാതാവുന്നു. പനിയോ രോഗത്തിന്റെ യാതൊരു ലക്ഷണമോ ഇല്ല. മരണത്തിലേക്ക് പെട്ടെന്ന് വഴുതിവീഴുകയായിരുന്നു. ഒരു വെറ്റിനറി സർജന്ന് കൃത്യസമയത്ത് തയ്യാറാക്കിയ കാൽസിയം ലായിനി കുത്തിവെച്ചെങ്കിൽ തീർച്ചയായും ആ കന്നിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. കാൽസിയം ഒരു കുറഞ്ഞത് ലെവലിൽ കുറയാൻ പാടില്ല എന്ന് പറയുന്നതിന്റെ പ്രാധാന്യം ഇതാണ്. ഒരു ആരോഗ്യമുള്ള മനുഷ്യന്ന് മിനിമം 9.2% വും കൂടിയാൽ 10.4 % വും കാൽസിയം ആവശ്യമാണ്.[7]

ചിലപ്പോൾ മനുഷ്യനിൽ ഉണ്ടാകുന്ന നിരന്തരമായ വർദ്ധിച്ചു വരുന്ന ബലക്ഷയം കാൽസിയത്തിന്റെ ക്രമികമായ കുറവു മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിൽ കാൽസിയത്തിന്റെ ലോലമായ അളവ് ഒരിക്കലും തകരാറിലായിക്കൂടാ എന്ന തത്വമാണ് ഇത്വരെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇത് മനുഷ്യന്റെ ആരോഗ്യത്തിന്ന് അപകടമാണ്. ശസ്ത്രജ്ഞന്മാരുടെ തലമുറകൾ പരിശ്രമിച്ചാലും ഒരു പക്ഷേ ഈ ലോലമായ സന്തുലന പാലനത്തിന്റെ എല്ലാഘടകങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ സാദ്ധ്യമാവില്ല.

മനുഷ്യശരീരത്തിന്റെ സംഘാടനത്തിൻ കാൽസിയത്തിന്റെ പങ്ക് വളരെ സങ്കീർണ്ണമായ ഒന്നാണ്. കാൽസിയം ഫോസ്ഫേറ്റാണ് മനുഷ്യന്റെ അസ്ഥികൂടത്തിന്ന് ദൃഢത നൽകുന്നത്. കാൽസിയം ലവണമാണ് എല്ലിന്നും പല്ലിന്നും കാഠിന്യം നൽകുന്നത്. കോശങ്ങളെ പൊതിയുന്ന ആവരണ കലകൾക്ക് കട്ടി നൽകുന്നതും കാൽസിയം ലവണമാ

ണ് കോശങ്ങളുടെയും പല്ലുകളുടെയും മോശം സ്ഥിതിക്കും അമിതമായ ഉത്തേജനശീലത്തിന്നും സാധ്യമാവുന്ന കാരണങ്ങൾ കാൽസിയത്തിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നത്. അതേ സമയം കാൽസിയത്തിന്റെ അമിതത്വം മാനസികമായ വിഭ്രാന്തിക്കും മാനസിക മാന്ദ്യത്തിന്നും വഴിവെക്കും.

ഒരു കോശത്തിനകത്തെ ജീവനുള്ള പ്രോട്ടോപ്ലാസം (ജീവദ്രവ്യം) ആവരണം ചെയ്തിരിക്കുന്ന് കട്ടിയായ ഒരു സ്തരം കൊണ്ടാണ്. ആ ആവരണത്തിലെ കാൽസിയത്തിന്റെ അപര്യാപ്തത അതിന്റെ ദൃഢത ഇല്ലാതാക്കും. തുടർന്ന് കോശത്തെ ദുർബലമാക്കുകയും ചെയ്യും. കോശസ്തരം ദുർബലമാകുന്നത് കാരണം കോശദ്രവ്യം പുറമേക്ക് വീർത്ത് നിൽക്കും. മനുഷ്യനെ സംബന്ധിച്ചിടത്തോളം കാൽസ്യയത്തിന്റെ ആഗിരണം അത് എന്ത് ഭക്ഷിക്കുന്നു എവിടെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ കാൽസിയം ആഗിരണത്തിലെ എന്തെങ്കിലും കുറവോ ആധിക്യമോ ആ ആളിനെ രോഗത്തിന്ന് വിധേയമാക്കുന്നു. അസ്ഥികോശത്തിലെയും രക്തക്കുഴലിലേയും കാൽസിയത്തിന്റെ അസന്തുലിതത്വവും താഴെക്കാണുന്ന തകരാറുകൾക്ക് കരണമാകുന്നു.

- വാസോഡിലേഷൻ (Vasodilation- വാഹിനി വികാസം) രക്തസമ്മർദ്ദം കുറയാൻ കാരണമാകും.
- ഹൃദയ പേശികളുടെ സങ്കോചം കുറക്കും.
- കോശകലകൾക്കുമുണ്ടാകുന്ന മാറ്റം കണരോഗ (Rickets) ത്തിന്ന് കാരണമാകും
- മാരകമായ ഓസ്റ്റിയോ ആർത്രൈറ്റസിന് (Osteoarthritis)

കാരണമാകും. കാൽസിയത്തിന്റെ അനുപാതം തകരാറിലാവുന്ന ഒരു അസ്ഥിരോഗമാണിത്. നെഞ്ച് വേദന ഇത് കൊണ്ടുണ്ടാകും. കാൽസിയം ലെവൽ കുറഞ്ഞുപോയാൽ രക്തസമ്മർദ്ദം കുറയുകയും അത് മസ്തിഷ്ക്ക കോശങ്ങൾക്കും മറ്റു കോശകലകൾക്കും സ്ഥിരമായ ആഘാതം ഏൽപ്പിക്കുകയും ചെയ്യും.

ദൈവം മനുഷ്യന്റെ ശരീരത്തിലെ കാൽസിയം സന്തുലനം നിലനിർത്താൻ യഥാക്രമം മറ്റൊരു സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽസിയത്തിന്റെ അതിലോലമായ സന്തുലനം നിലനിർത്താൻ ചുമതലയുള്ള നിരവധി സങ്കീർണ്ണമായ ഘടകങ്ങളുണ്ട്. സങ്കീർണ്ണമായ അവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടതാണ്. പരസ്പരം ബന്ധപ്പെട്ടതും ഗുണദോഷിക്കുന്നതുമായ സംവിധാനത്തെ സൂറ: അശ്ശംസിലെ 9 ാം വചനത്തിലെ* തഖ്‌വ എന്ന പദവുമായി ബന്ധപ്പെടുത്താവുന്നതാണ്. ഈ പരിപ്രേക്ഷ്യത്തിൽ അതിന്റെ അർത്ഥം ഇങ്ങനെയാവാം. 'നാം ജീവന്റെ നിർമ്മാണ സാമഗ്രികളിലേക്ക് കണക്ക് കൂട്ടി നോക്കി. അപകട മേഖലകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ എങ്ങനെ അവ ഒഴിവാക്കണം എന്ന വിശദമായ നിർദ്ദേശവും നൽകപ്പെടണം.' കാൽസിയം സന്തുലനത്തിന്നും സദാസമയവും സുരക്ഷ ഉറപ്പാക്കിയുള്ള ആന്തരികമായ നിരവധി ക്രമീകരണ സംവിധാനങ്ങൾ അതിന്ന് മുകളിലുണ്ട്. പരിഹാരക്രിയകൾക്ക് വേണ്ട വിളിക്ക് കാതോർത്ത് അവ നിൽക്കുന്നു. പരിഹാരത്തിന്നായി എന്തെങ്കിലും വിളിവന്നാൽ ഉടൻ പ്രതികരിച്ച് വേണ്ട പരിഹാരക്രിയകൾ ചെയ്യാനായി സർവ്വ സജ്ജീകരണത്തോടെയുള്ള ഗ്രന്ഥിവ്യവസ്ഥ സംവിധാനവുമുണ്ട്.

രക്തത്തിന്നും മൃദുകലകൾക്കും (SoftTissues) വേണ്ടി ഒരു ചെറിയ അളവ് കാൽസിയം മാത്രമേ ആവശ്യമായുള്ളൂ. ബാക്കി കാൽസിയം മുഴുവൻ എല്ലുകളിലും പല്ലുകളിലും ശേഖരിച്ചു വെച്ചിരിക്കയാണ്. രക്തത്തിൽ കാൽസിയത്തിന്റെ കുറവുണ്ടെങ്കിൽ എല്ലിലെ കാൽസിയം ശേഖരത്തിൽ നിന്നും ആ കുറവ് നികത്തപ്പെടും. കാൽസിയം വിതരണം മൂലമുണ്ടാകുന്ന കുറവ് നികത്താൻ ശരീരം ഭക്ഷണത്തിൽ നിന്നും യഥാക്രമം അത് ആഗിരണം ചെയ്തു നികത്തും. ഭക്ഷണം കഴിക്കുന്നത് കുറവാണെങ്കിൽ അതിന്നർത്ഥം ആഗിരണം കൂടുതലാണ് എന്നാണ്. കൂടുതൽ ഭക്ഷണം കഴിച്ചാൽ അധികം വരുന്ന കാൽസിയം പരമാവധി അളവ് എത്തുന്നത് വരെ എല്ലുകളിൽ ശേഖരിച്ചുവെക്കുന്നു. പിന്നെ വയറിൽ നിന്നുള്ള ആഗിരണത്തിന്റെ അളവ് കുറക്കുകയും ചെയ്യുന്നു. കാൽസിയത്തിന്റെ ആഗിരണം വിറ്റാമിൻ ഡി യുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നു. ഉഷ്ണമേഖലാ രാജ്യങ്ങളിൽ ഭക്ഷണത്തിൽ കാൽസിയം കുറവാണെങ്കിൽ പോലും ശരീരത്തിന്ന് സൂര്യപ്രകാശത്തിൽ നിന്നും കൂടുതൽ വിറ്റാമിൻ ഡി ലഭിക്കുമെന്നതതിനാൽ ഇവിടങ്ങളിൽ കാൽസിയം ആഗിരണം വളരെ ഫലപ്രഥമായി നടക്കും.

കാൽസിയം സന്തുലനം പാരാത്തോയ്ഡ് ഗ്രന്ഥികൾ (Parathyroid Glands) ഉൽപാദിപ്പിക്കുന്ന പാരാതോർമോൺ (Parathormone) എന്ന ഹോർമോണിന്റെ നിയന്ത്രണത്തിലാണ്. ഈ പ്രവർത്തനം വിറ്റാമിൻ ഡിയുമായി ചേരുമ്പോൾ ശരീരത്തിന്ന് വേണ്ട കാൽസിയം ആഗിരണവുമായി അത് ഒത്തുപോകുന്നു. കാൽസിയം സന്തുലനം നിർവ്വഹിക്കുന്ന മറ്റൊരു ഹോർമോണാണ് കാൽസിട്ടോൺ. (Calciton) രക്തത്തിൽ കൂടുതൽ കാൽസിയം ഉണ്ടെങ്കിൽ കൽസിട്ടോൺ അത് എല്ലിലേക്ക് തിരിച്ചെടുക്കുകയും ഏറെ കുറെ കുടലിൽ നിന്നുള്ള കാൽസിയം ആഗിരണം കുറക്കുകയും ചെയ്യുന്നു.

### സോഡിയവും പൊട്ടാസിയവും

മറ്റൊരു വീക്ഷണകോണിൽ നിന്നു കൊണ്ട് ഫുജൂറ് (അധാർമികത), തഖ്‌വ (സാത്വികത) എന്നീ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ നമുക്ക് വിശദീകരിക്കാം. സോഡിയം പൊട്ടാസിയം എന്നത് ജീവന്റെ പരിപാലനത്തിന്ന് ഏറ്റവും ആവശ്യ

മായ രണ്ട് ഘടകമാണ്. ഇവ രണ്ടിനുമിടയിൽ ഒരു സന്തുലനം പാലിക്കേണ്ടിയിരിക്കുന്നു. അതായത് ആവശ്യമായ സോഡിയം-പൊട്ടാസിയത്തിന്റെ അനുപാതം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. ഉദാഹരണത്തിന്ന് എല്ലിനും മാംസത്തിനും സോഡിയത്തെക്കാൾ കൂടുതൽ പൊട്ടാസിയം ആവശ്യമാണ്. എന്നാൽ രക്തകോശങ്ങൾക്ക് പൊട്ടാസിയത്തേക്കാൾ സോഡിയമാണ് ആവശ്യം. ഈ രണ്ട് ലവണങ്ങൾ തമ്മിലുള്ള അസന്തുലിതത്വം അപകടകരമായ അനന്തര ഫലങ്ങളിലേക്ക് നയിക്കപ്പെടും. ഈ രണ്ട് രാസവസ്തുക്കളുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സന്തുലനം യാദൃച്ഛികമല്ല. എന്നാൽ അതൊരു സുസംഘടിതമായ ആസൂത്രണ പദ്ധതിയുടെ ഭാഗമാണ്.

അത്പോലെ നാഡിവ്യവസ്ഥയുടെ ആരോഗ്യം സോഡിയത്തെയും പൊട്ടാസിയത്തെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഓരോ രാസവസ്തുവിനും വേണ്ടിയുള്ള ആവശ്യങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഒരു നാഡീ കോശത്തില നിന്നും മറ്റൊരു നാഡീ കോശത്തിലേക്ക് കണ്ണികളിലൂടെയാണ് സന്ദേശം കൈമാറ്റം ചെയ്യപ്പെടുക. ശരീരത്തിന്റെ ഏതൊരു സ്ഥലത്താണോ അത് പ്രക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കപ്പെട്ടത് അവിടേക്ക് അത് അവസാനമായി എത്തേണ്ടതുണ്ട്. ഒരു നാഡീകോശത്തിൽ നിന്നും സന്ദേശങ്ങൾ മറ്റൊരു നാഡീകോശത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സോഡിയം കോശത്തിലേക്ക് ഒഴുകുകയും പൊട്ടാസിയം പുറത്തേക്ക് പോകുകയും ചെയ്യുന്നു. അതിന് ശേഷം ഈ പ്രവർത്തനം ഉടൻ തന്നെ വിപരീത ദിശയിലേക്ക് പോകാതിരുക്കുകയും പൊട്ടാസിയത്തെ മറ്റൊരിടത്തേക്ക് മാറ്റി സാധാരണ നിലകൈവരിച്ചില്ലെങ്കിൽ പെട്ടെന്ന് തന്നെ മരണം സംഭവിക്കും.

ഇതിൽ നിന്നും നമുക്ക് ഖുർആനിലെ *'ഫസവ്വാക്കും ഫ അദലക്ക' (സൂറ: ഇൻഫിതാൽ 82: 8) *(ഫസവ്വാക്ക ഫ അദലക്ക = തികവുറ്റ സന്തുലനം പാലിക്കുന്നത് വരെ നിന്നെ അനുപാതം ശരിപ്പെടുത്തി അന്യൂനമാക്കുകയും ചെയ്തു, നിന്നെ രൂപപ്പെടുത്തുകയും (നിന്റെ ആന്തരിക ശക്തികളെകുറിച്ച്) നിന്റെ പ്രകൃതിയിൽ നല്ലത് പോലെ തുലനപ്പെടുത്തുകയും ചെയ്തു. സൂറ: അൽ ഇൻഫിതാർ 82: 8) (ഗ്രന്ഥ കർത്താ:)* എന്ന പ്രതിപാദനത്തിന്റെ അർത്ഥം നിഗമിച്ചെടുക്കാം നമ്മുടെ ശരീരത്തിൽ നിലനിൽക്കുന്ന സമഗ്ര സങ്കീർണ്ണമായ സന്തുലന പ്രവർത്തനങ്ങളും പ്രതിസന്തുലന പ്രവർത്തനങ്ങളും ഈ സംഗ്രഹീത ഖുർആനിക ശൈലിയിൽ സംക്ഷേപിച്ചിരിക്കുന്നു.

**കോശ വിഭജനം**

കോശവിഭജന പ്രക്രിയ വളരെ കൗതുകകരമായ ഒന്നാണ്. എല്ലാ ഓരോ ഏഴു വർഷവും കൂടുമ്പോഴും അതിസങ്കീർണ്ണമായ അപചയ പ്രവർത്തനത്തിന് (Catabolism) കീഴിൽ ശരീരത്തിലെ ഓരോ കോശവും പുനസ്ഥാപിക്കപ്പെടുന്നു. അപചയ പ്രവർത്തനം എന്നത് കോശങ്ങൾ നിരന്തരമായി ഉപഭോഗിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തനമാണ്. നമ്മുടെ ശരീര പ്രകൃതിക്ക് പൊടുന്നനെ ഒരു മാറ്റം സംഭവിക്കാത്തതിനാൽ നാം അതിനെ പറ്റി ശ്രദ്ധിക്കാറില്ല.

സമയ ക്രമമനുസരിച്ച് ഒരാൾക്ക് അയാളുടെ ആരോഗ്യം മെച്ചപ്പെടുത്താനും ശരീരഭാരം നിലനിർത്താനം സാദ്ധ്യമാവും അല്ലെങ്കിൽ ശരീര ശോഷണം സംഭവിക്കുകയോ മെലിയുകയോ ചെയ്യും. എന്നാൽ അയാളുടെ ശരീര വ്യക്തിത്വം അതേ പടി നിലനിൽക്കുന്നു. ഉപാപചയ പ്രവർത്തനങ്ങളിൽ നശിപ്പിക്കപ്പെടുന്ന കോശങ്ങൾ പഴയതിന്റെ സ്ഥാനത്ത് പുനസ്ഥാപിക്കപ്പെടുന്നു. ഓരോ പുതിയ കോശങ്ങളും അതിന്റെ പൂർവ്വ കോശത്തിന്റെ അതേ രൂപത്തിലാണ് ജനിക്കുന്നത്. ഇത് വിശദീകരിക്കാൻ ഒരു പക്ഷേ നമുക്കറിയാവുന്ന ഏറ്റവും സാമന്യമായ ഉദാഹരണം നമ്മുടെ വിരലടയാളമാണ്. ഒരു നവജാത ശിശുവിന്റെ വിരലടളടയാളത്തിന്റെ സങ്കീർണ്ണമായ രൂപരേഖാ ഘടന വാർദ്ധ്യക്യത്തിലെത്തുന്നത് വരെ യാതൊരു മാറ്റവും സംഭവിക്കാതെ അതേ പടി നിലനിൽക്കുന്നു.

ഈ സംവിധാനം അദ്ൽ (കേവല നീതി) മായി ബന്ധപ്പെട്ട് മനുഷ്യ ശരീരത്തിൽ നിലനിൽക്കുന്നു. ശരീരാവയവങ്ങൾക്ക് നിരന്തരമായ കേടുപാടുകൾ തീർക്കേണ്ടതുണ്ട്. എല്ലാ അവയവങ്ങളും അവയുടെ പ്രവർത്തന പ്രക്രിയകൾക്കനുസരിച്ച് കോശങ്ങൾ നഷ്ടപ്പെടുകയും അതിന്റെ മുറക്ക് അവ പുനസ്ഥാപിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ അവയവങ്ങളുടെ വലുപ്പം കുറഞ്ഞു പോകും കോശങ്ങൾ നഷ്ടപ്പെടുന്നതിനേക്കാൾ അധികമാണ് അവ വിതരണം ചെയ്യപ്പെറ്റുകയും ചെയ്യുന്ന്നതെങ്കിൽ അവയവത്തിന്റെ വളർച്ച അവ രൂപകൽപ്പന ചെയ്യപ്പെട്ട വലുപ്പത്തേക്കൾ തുടർന്നു കൊണ്ടേയിരിക്കും. മറിച്ച് ആവശ്യമുള്ളതിനെക്കാൽ കുറവാണെങ്കിൽ അവയവം സങ്കോചിക്കുകയും ചെയ്യും

ഉപഭോഗിച്ചു കഴിഞ്ഞ കോശത്തിന്റെ നഷ്ടത്തിനനുസരിച്ചു കൃത്യമായി കോശങ്ങൾ പുനർവിതരണം ചെയ്യപ്പെടുന്നില്ലെങ്കിൽ ഒരു അസന്തുലിതത്വം ആവിർഭവിക്കും ഈ തത്വം ഏതൊരു അവയവങ്ങൾക്കും പ്രയോഗിച്ചാൽ അതിന്റെ ആതുര പൂർണ്ണമായ അനന്തര ഫലം ഗ്രഹിക്കാനാകും. ഉദാഹരണത്തിന് നമ്മുടെ നേത്രഗോളമെടുക്കാം ദൈനംദിന ജീവിതത്തിൽ നാം കണ്ണിനെ ഉപയോഗപ്പെടുത്തുമ്പോൾ കണ്ണിന്റെ എല്ലാ ജീവകോശങ്ങളെയും നാം ഉപയോഗിക്കുന്നു. ഉപഭോഗത്തേക്കാൾ കൂടിയ നിരക്കിലാണ് കണ്ണ് കോശങ്ങളുടെ പുനസ്ഥാപനം നടക്കുന്നതെങ്കിൽ കണ്ണ് ഗോളം അതിന്റെ സോക്കറ്റിൽ നിന്നും പുറത്തേക്ക് വളരും സന്തുലനം മറു ഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നേത്ര ഗോളത്തിന്റെ വലുപ്പം കുറയുകയും ചെ

യ്യും. അത് ഒരു ബിന്ദുവായി ചുരുങ്ങുന്നത് വരെ ഈ സങ്കോച പ്രക്രിയ തുടരും. ചുരുക്കി പറഞ്ഞാൽ ജീവനുള്ള ഏതൊരു അവയവത്തിന്റേയും സന്തുലന വ്യവസ്ഥക്ക് തകറാറ് സംഭവിച്ചാൽ അത് അനുപാതത്തിന്റെ പരിധി വിട്ട് വളരുകയോ ചുരുങ്ങി തിരെ ഇല്ലാതാവുകയോ ചെയ്യും

### പ്രാണിലോകത്തേക്ക് ഒരു ഉൾക്കാഴ്ച്ച

നാം ഇത്വരെ ചില ഉയർന്ന തരം ജീവികളെ കുറിച്ചും മനുഷ്യരെ കുറിച്ചും ചർച്ച ചെയ്തു. നാം ഓർക്കേണ്ട കാര്യം ഈ സന്തുലന വ്യവസ്ഥ എല്ലാ ജീവിരൂപങ്ങളേയും ചൂഴ്ന്നു നിൽക്കുന്നു എന്നതാണ്. ജീവൽ പ്രക്രിയയിലൂടെ പ്രവർത്തനങ്ങളിൽ നീതിയുടെ പ്രയോഗം എന്നത് എല്ലാം തന്നെ അതിന്റെ നിർമ്മാണ ഘടനയുടെ അഭികൽപ്പിതമായ പരിധിക്കുള്ളിൽ നിൽക്കുക എന്നാണ്. അത് അതിലംഘിക്കാൻ പാടില്ല.

പ്രാണിലോകത്ത് ഇത് പ്രയുക്തമാക്കുമ്പോൾ ഈ നിയന്ത്രണ സംവിധാനം വളരെ അനിവാര്യമാണ്. ഓരോ പ്രാണിക്കും മുൻകൂട്ടി നിർണ്ണിതമായ തലങ്ങളുണ്ട് നിരന്തരം കർശനമായ നിയന്ത്രണങ്ങളില്ലെങ്കിൽ ഊഹാതീതമായ രീതിയിൽ പ്രാണികൾ അവയുടെ ജീവൻ നിലനിർത്താനാവശ്യമായ ചില ഭക്ഷണ വസ്തുക്കൾ ആഹരിക്കുന്നു. പ്രകൃതിനിയമങ്ങളിലൂടെ അത് നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിറയുമാറ് അവയുടെ എണ്ണം ഭീമാകാരമായി വർദ്ധിക്കുകയും ചെയ്യുമായിരുന്നു. എന്തുകൊണ്ടാണ് ഒരു ഘട്ടമെത്തുമ്പോൾ അവയുടെ വളർച്ച നിലക്കുന്നത്.? ഏത് ശക്തിയാണ് അവയുടെ വളർച്ച ഒരു പരിധിയിൽ ചുരുക്കി നിർത്തുന്നത്? ഈ ചോദ്യങ്ങൾക്ക് ഇത്വരെ തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ല. അവയെ പരിധിയില്ലാതെ വളരാൻ അനുവദിച്ചാൽ അത് ഒരു കാരുണ്യത്തിന്റെ പ്രവൃത്തിയായി കാണപ്പെടും. പക്ഷേ അതിന്ന് കൊടുക്കുന്ന വില എന്താകും? മറ്റെല്ലാ ജീവജാലങ്ങളേയും അതിന്ന് വേണ്ടി ബലികഴിക്കേണ്ടി വരും.

മനുഷ്യന്റെ സാങ്കേതിക ഭാഷയിൽ സംന്തുലനം അഥവാ കേവലനീതി എന്നത് സ്വയം യാന്ത്രികമായി പാലിക്കപ്പെടേണ്ട ഒന്നല്ല. അതായത് സ്വയം നിയന്ത്രിക്കപ്പെടേണ്ടതല്ല. അത് ചില ശക്തികൾ കടിഞ്ഞാണിട്ട് നിയന്ത്രിക്കേണ്ട ഒന്നാണ്. ഇതിന്ന് മുൻപ് നാം ശരീരത്തിന്നകത്തുള്ള അവയവങ്ങളുടെ വളർച്ചയെ സംബന്ധിച്ച് പ്രതിപാദിച്ചിരുന്നു. മേൽ പറഞ്ഞ മൃഗങ്ങളിലെ പല്ല്, നേത്രഗോളം മുതലായവ നിയന്ത്രിക്കുന്ന മെക്കാനിസത്തെ കുറിച്ച് ചർച്ച ചെയ്തിരുന്നു. ഇത് എല്ലാ ജീവിവർഗ്ഗങ്ങൾക്കും ബാധകമയിട്ടുള്ളതാണ്.

അഹോ കഷ്ടം മനുഷ്യൻ നന്ദി കെട്ടവനാണ്. ധിഷണാ ശാലിയായിട്ടും അവൻ ചിന്താശൂന്യനായി കാണപ്പെടുന്നു. പ്രപഞ്ചത്തിലെ ഓരോ കണവും സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തിന്ന് സാക്ഷ്യം വഹിച്ചിട്ടും അവൻ നന്ദികാണിക്കുന്നില്ല.

### രോഗവും അസന്തുലിതത്വവും

മനുഷ്യൻ അവന്റെ യഥാർത്ഥ മൂല്യത്തെപറ്റി പരിചിന്തനം ചെയ്തിരുന്നുവെങ്കിൽ അവൻ കൈക്കുമ്പിളോളം വരുന്ന വെറും പൊടികണങ്ങളല്ലതെ മറ്റൊന്നുമല്ല എന്ന് കാണാം. മനുഷ്യന്റെതായി ഒന്നുമില്ലെന്നിരിക്കെ അവൻ അഹങ്കരിക്കുന്നതെല്ലാം മിഥ്യാഭിമാനം മാത്രമാണ്. എല്ലാം അല്ലാഹുവിന്റെതാണ്. മനുഷ്യന്ന് തികവുറ്റ ഒരു ശരീരമാണ് നൽകപ്പെട്ടത്. എന്നാൽ ആരോഗ്യമുള്ളപ്പോൾ സന്തുലനാത്മകമായ അതിബൃഹത്തായ ഒരു സങ്കീർണ്ണ വ്യവസ്ഥയെ ആശ്രയിച്ചാണ് അവൻ ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം അവൻ ഗ്രഹിക്കാതെ പോകുന്നു. മനുഷ്യൻ രോഗാതുരനായി അവന്റെ അസ്വസ്ഥതകളും വേദനയും യാതനയുമെല്ലാം പുറത്തേക്ക് വരുമ്പോൾ അവന്റെ ബലഹീനത മനുഷ്യൻ സ്വയം മനസ്സിലാക്കുന്നു. അതുമുതൽ അവൻ ദൈവത്തിന്റെ വെറും ആശ്രിതനാണെന്ന ബോധം അവനിൽ ഉദിക്കുന്നു. നാനാഭാഗത്ത് നിന്നും അവനെ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആതുരതമായ എണ്ണമറ്റ ചുറ്റുപാടുകളിൽ നിന്ന് ദൈവമാണ് മനുഷ്യനെ രോഗിയാവാതെ തടഞ്ഞു നിർത്തുന്നത്. നിരന്തരം നിരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ആന്തരിക നിർമ്മിതമായ പ്രതിരോധ സംവിധാനം വഴി അവൻ സംരക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇവിടെ ഊന്നിപ്പറയാനുദ്ദേശിക്കുന്ന വസ്തുത ശരീരത്തിന്റെ ചെറിയതും നിസ്സാരവുമായ ഒരു ഭാഗത്തിന്ന് അസുഖം വന്നാൽ പോലും ബാക്കി ഭാഗങ്ങൾ പൂർണ്ണ ആരോഗ്യത്തോടു കൂടിയിരിക്കുകയാണെങ്കിലും അതിന്റെ സാകല്യത്തിൽ അയാൾ അത് സഹിക്കുന്നു. വിരലിന്റെ അറ്റത്ത് ഒരു ചെറിയ വ്രണം, പല്ല്വേദന, കൺപോളയിൽ ഒരു പഴുപ്പ് എന്നിവ വന്നെന്നിരിക്കട്ടെ ഒരാൾക്ക് അത് തീവ്രമായി അനുഭവപ്പെടുന്നു. അത്തരം രോഗങ്ങളുണ്ടാക്കുന്ന പരിമിതമായ വേദനയിൽ നിന്നുപോലും രക്ഷപ്പെടാൻ മനുഷ്യൻ വളരെയധികം വിഷമിക്കുന്നത് നമുക്കറിയാം. മസ്തിഷ്ക്കത്തിൽ ഒരു ഗ്രന്ഥിക്ക് വീക്കം വന്നാൽ ആ വ്യക്തിയെ അത് ഒരു അപസ്മാര രോഗിയാക്കും. ആ യാതനകൾ അയാൾക്ക് മാത്രമല്ല ആ വ്യക്തിയുടെ കുടുമ്പന്ധത്തിൽ പെട്ടവർക്കും സുഹൃത്തുക്കൾക്കും എല്ലാവർക്കും വേദനയുണ്ടാക്കുന്നു. അത്തരം രോഗാവസ്ഥയിൽ മാത്രമേ ദൈവത്തിന്റെ അഗാധമായ ഔദാര്യങ്ങളെപറ്റി നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കൂ. ഈ ഔദാര്യങ്ങളാകട്ടെ എല്ലാ ജീവികളിലും നിരന്തരമായി വർഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അനുഗ്രഹങ്ങളെ സംബന്ധിച്ച ബോധമാണ് ചിന്തിക്കുന്ന മനു

ഷ്യനിൽ നന്ദിഭാവം ജനിപ്പിക്കുന്നത്.

അന്തിമ വിശകലനത്തിൽ രോഗം എന്നത് സന്തുലനത്തിൽ അതായത് നീതി പാലനത്തിൽ ഉണ്ടാകുന്ന കുഴപ്പം അല്ലാതെ മറ്റൊന്നുമല്ല. രോഗബാധിതരായപ്പോൾ ചരിത്രത്തിൽ പല തവണ ഉന്നതമായ ഖ്യാതി നേടിയ മഹാന്മാരായ പലരും സഹായം അർത്ഥിക്കുന്ന വിധം രോഗത്തിന്ന് മുമ്പിൽ എല്ലാ പ്രതാപങ്ങളും നഷ്ടപ്പെട്ട് ഹീനമായി തലകുനിച്ച് യാതൊരു അധികാരവുമില്ലാത്ത അവരുടെ സഹായികളിൽ നിന്നും സഹായം സ്വീകരിക്കും വിധം നമ്രശിരസ്ക്കരായിട്ടുണ്ട്. ഉഗ്രപ്രതാപികളായി വിലസിയ സാമ്രാട്ടുകൾക്ക് ശരീരചലനങ്ങളെ അസാദ്ധ്യമാക്കും വിധം രോഗബാധയുണ്ടായപ്പോൾ അവരുടെ ഏറ്റവും താഴ്ന്ന അടിമകളേക്കാൾ വളരെ ചെറിയവരും എളിയവരുമായി അവർ കാണപ്പെടുകയുണ്ടായി. അവരുടെ അടിമത്തം പ്രതാപികളായ യജമാനന്മാരുടെ പരമാധികാരത്തിന്ന് പകരമായി കൈമാറാനാകുമായിരുന്നില്ല.

ജൂലിയസ് സീസർ* അത്തരത്തിലുള്ള ഒരാളായിരുന്നു. ഒരിക്കൽ രാജകീയ പ്രതാപത്തിന്റെയും വാഗ്മിതയുടെയും ആവേശോജ്ജ്വലമായ നിമിഷത്തിൽ അദ്ദേഹം അപസ്മാര രോഗത്തിന്റെ നിശിതമായ അക്രമണത്തിന്ന് വിധേയമാവുകയുണ്ടായി. വേദനകൊണ്ടും യാതനകൊണ്ടും പുളഞ്ഞ സീസറിന്റെ ഈ രംഗം വിവരിച്ചുകൊണ്ട് ഷേക്സ്പിയർ എഴുതുന്നു:

അദ്ദേഹത്തിന്ന് അപസ്മാര ബാധയുണ്ടായപ്പോൾ.

ഞാൻ കൃത്യമായി ഓർക്കുന്നു.

എപ്രകാരമാണ് അയാൾ വിറകൊണ്ടതെന്ന്.

ഇത് സത്യം, ഈ ദൈവം അന്ന് വിറച്ചു.

ചകിത സാന്ദ്രമായ അദ്ദേഹത്തിന്റെ അധരങ്ങൾ വർണ്ണരഹിതമായി.

ലോകത്തെ പ്രകമ്പനം കൊള്ളിച്ച ആ ദൃഷ്ടി പ്രക്ഷേപത്തിന്റെ തിളക്കം മങ്ങിപ്പോയി

(Julius Caesar, Act I, Scene I)

മനുഷ്യന്റെ അഹങ്കാരത്തെ കുറിച്ച് ഇതെല്ലാം നേരിയ ഒരു കാഴ്ച്ചപാട് നൽകുന്നുണ്ട്. രോഗിയായ മനുഷ്യൻ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന നിമിഷം മുതൽ അവന്റെ ജീവിതത്തെ നിസ്സാരമാക്കിക്കളഞ്ഞ ആ ആതുര നിമിഷങ്ങളെ അവന്റെ വീഴ്ച്ചകളെ അവൻ വിസ്മരിക്കുന്നു. അവന്റെ പൊങ്ങച്ചത്തിലേക്കുള്ള മടക്കത്തെ കുറിച്ചോർത്ത് അവൻ സമയം നഷ്ടപ്പെടുത്തുന്നുമില്ല.

മനുഷ്യന്റെ അന്തസ്സ് ആകെ കവർന്നെടുക്കപ്പെടുന്നത് പോലെ ആയിതീരുന്ന ഒരു രോഗമാണ് അപസ്മാരം. വാസ്തവത്തിൽ നാഡീവ്യവസ്ഥയിലുണ്ടാകുന്ന ചെറിയൊരു അസന്തുലിതാവസ്ഥയാണ് ഇതിന്ന് കാരണം. അപൂർവ്വം ചിലപ്പോൾ നാഡീവ്യവസ്ഥയുടെ ഏത് ഭാഗത്താണ് കുഴപ്പം എന്ന് നിർണ്ണയിക്കാനും സാദ്ധ്യമല്ല.

**കാവൽക്കാരായ മാലാഖമാർ**

പുരോഗതിയുടെ വീഥി നിറയെ ചതിക്കുഴികളും അപകടങ്ങളും നിറഞ്ഞതാണ്. മുന്നേറ്റപാതയിലുള്ള ഓരോ ചുവടുവെപ്പും അശ്രദ്ധമായി വെച്ചാൽ നാശത്തിലേക്കായിരിക്കും നയിക്കുക. ജീവിതത്തിന്റേയും മരണത്തിന്റേയും സൂക്ഷ്മമായ പ്രവർത്തനം പോലും പരസ്പരം കൈകോർത്തുകൊണ്ടാണ് പോകുന്നത്. ജീവന്റെ സംരക്ഷണം ഇപ്പോഴും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്ത അത്യഗാധമായി സംഘടിക്കപ്പെട്ട ഒരു ഘടനാ വിശേഷമാണ്. അതിൽ നമുക്ക് എന്തെല്ലാം ഗ്രഹിക്കാൻ സാധിച്ചുവോ അതെല്ലാം തന്നെ തീർച്ചയായും അത്ഭുതപ്പെടുത്തുന്നതാണ്.

ഇതിനെല്ലാം പിന്നിൽ സ്വയം പ്രവർത്തിക്കുന്ന മെക്കാനിസമാണുള്ളത്. മതപരമായ ധാരണകൾ പ്രകാരം നമ്മേക്കാൾ വ്യത്യസ്ത മാനങ്ങളുള്ള മലക്കുകൾ എന്നറിയപ്പെടുന്ന അദൃശ്യമായ ചില ബോധാത്മക ശക്തികൾ പ്രവർത്തിക്കുന്നു. സകല പ്രപഞ്ചവും പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ വരെ നിയമം മുഖേന ഭരിക്കുന്നതും പരിപാലിക്കുന്നതും പ്രാവർത്തികമാക്കുന്നതും മലക്കുകൾ എന്ന ഈ അദൃശ്യ എജന്റുമാരാണ്. അത് തന്നെയാണ് ഇവിടെയും പ്രാവർത്തികമാവുന്നത് എന്ന് ഒരാൾക്ക് കാണാൻ സാദ്ധ്യമാകും. ഉദാഹരണത്തിന്ന് സമയക്രമമനുസരിച്ച് പുരോഗമിക്കുന്ന ഏതൊരു ജീവഘടകത്തിലും ഈ പ്രവർത്തനങ്ങൾ ദർശിക്കാനാകും. ജീവി വികാസം മുന്നോട്ട് വെക്കുന്ന ഏതൊരു സൂക്ഷ്മമായ ചുവടുവെപ്പിനുമൊപ്പം മരണത്തിലേക്കുള്ള അപകടകരമായ ഒരു തിരിവ് പാശ്വവർത്തിയായി സദാ കൂടെയുണ്ടാവും. ജീവിതത്തിന്റെ ഘടകങ്ങളെ ജീവന്റെ മാലാഖമാരാണ് ശരിയായ പാതയിലേക്ക് നയിക്കുന്നത്. പക്ഷേ മരണം വിധിക്കപ്പെട്ട ആ നിമിഷം സമാഗതമായാൽ എല്ലാ ചുവടുകളും മരണത്തിലേക്കായിരിക്കും തിരിയുക.

**മനുഷ്യന്റെ അതിർലംഘനങ്ങൾ**

അനുവാദം നൽകപ്പെടുകയാണെങ്കിൽ മനുഷ്യൻ സകല പരിധികളും ലംഘിക്കും. പക്ഷേ മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ പണിപ്പുരകളിൽ അവന് കുറഞ്ഞ നിയന്ത്രണങ്ങൾ മാത്രമേ ഉള്ളൂ. മനുഷ്യന്റെ അന്തർഭാഗത്ത് നടക്കുന്നതെന്താണ് എന്നതിനെപ്പറ്റി കുറഞ്ഞ അവബോധം മാത്രമേ അവനുള്ളൂ. മനുഷ്യന്റെ ആഭ്യന്തര ശാരീരിക പ്രവർത്തന സംവിധാനത്തിൽ കൈകടത്താൻ അവന് സാധ്യമല്ല. ജീവന്റെ ഉടമയുടെ ബോധപൂർവ്വമായ നിയന്ത്രണങ്ങളൊന്നുമില്ലാതെ വലിയ തോതിലുള്ള നിരവധി ജീവൽ പ്രവർത്തനങ്ങൾ നടക്കുന്നു.

(ശേഷം പേജ് 29 ൽ)

# യേശു കുരിശിൽ മരിച്ചിട്ടില്ല. യഥാർത്ഥത്തിൽ സംഭവിച്ചതെന്ത്?

ക്രിസ്തീയ മുക്തി ശാസ്ത്രത്തിലെ കേന്ദ്രതത്വമാണ് കുരിശ്മരണത്തിലെ വിശ്വാസം. ആത്മീയ സംസ്ക്കരണാത്മകമായ യാതൊരു കർമ്മപദ്ധതിയോ യുക്തിബോധമോ ഇല്ലാത്ത ഇത്തരമൊരു കേവല വിശ്വാസം മഹാനായ യേശു പ്രബോധിച്ചതല്ല. ബൈബിൾ സൂക്ഷ്മ വായനയിൽ കുരിശിൽ സംഭവിച്ച യാഥാർത്ഥ്യം എന്താണെന്ന് വ്യക്തമാവും.

എ.എം മുഹമ്മദ് സലീം

തീർച്ചയായും യേശു നിരപരാധിയാണെന്ന് തികച്ചും ബോദ്ധ്യമുള്ള ന്യായാധിപനായിരുന്നു പീലാത്തോസ്. റോമൻ ഭരണത്തിനു കീഴിൽ കീഴാള ജനതയായിരുന്ന യഹൂദരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് നീചമായ കുരിശ് മരണത്തിന് പീലാത്തോസ് യേശുവിനെ വിധിച്ചത്. യേശുവിനെ കുരിശ്മരണത്തിൽ നിന്നും രക്ഷിക്കാൻ പ്രത്യക്ഷമായും പരോക്ഷമായും നീതിമാനും അധികാരസ്ഥനുമായ അദ്ദേഹം ശ്രമിക്കുക സ്വാഭാവികമാണ്. സൂക്ഷ്മവും യുക്തിസഹവുമായ ബൈബിൾ വായനയിൽ മഹാനായ യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ല എന്നതിന് സുവിശേഷങ്ങളിൽ നിന്ന് തന്നെ അനിഷേധ്യവും സമൃദ്ധവുമായ തെളിവുകൾ ലഭിക്കും. യേശുവിന്റെ ദിവ്യദൗത്യത്തെ പരാജയപ്പെടുത്താനും ആ ദിവ്യാത്മാവിനെ ശപ്തനാക്കാനും യഹൂദർ ഗൂഢോദ്ദ്യേശത്തോടെ തിരഞ്ഞെടുത്തതും പീലാത്തോസിൽ സമ്മർദ്ദം ചെലുത്തി നടപ്പാക്കാൻ ശ്രമിച്ചതുമായ വധരീതിയായിരുന്നു കുരിശു മരണം. ദൈവ പ്രേഷിതനായ യേശുവിന്റെ കാര്യത്തിൽ നീതിയുടെ ദൈവപക്ഷമാണ് ജയിച്ചത്. യേശു ക്രൂശിതനായെങ്കിലും അദ്ദേഹം കുരിശിൽ വെച്ച് മരിച്ചിരുന്നില്ല. ദൈവശാസ്ത്രപരമായി അന്തസ്സാരശൂന്യവും അയുക്തികവുമായ കുരിശ് മരണ സിദ്ധാന്തത്തിലാണ് ക്രിസ്തീയ മുക്തിശാസ്ത്രം കെട്ടിപടുത്തത്. എല്ലാവരുടെയും പാപം വഹിച്ച് ക്രിസ്തു കുരിശിൽ രക്തം ചിന്തി മരിച്ചു എന്നും അതിൽ വിശ്വസിക്കുന്നവർ മോക്ഷാർഹരും വിശ്വസിക്കാത്തവരെല്ലാം പാപികളുമാണെന്നാണ് ക്രിസ്ത്യൻ മോക്ഷ സങ്കൽപ്പം. പ്രാഥമികമായി മരിച്ച ഒരാൾ പിന്നീട് ഉയിർത്തെഴുന്നേറ്റു എന്ന സിദ്ധാന്തം ജൈവശാസ്ത്രപരമായി യാതൊരു അടിസ്ഥാനവുമില്ലാത്ത ഒരു അന്ധവിശ്വാസമാണ്. യേശു ജീവിച്ചിരുന്ന കാലമത്രയും അദ്ദേഹത്തെ ദ്രോഹിച്ച പൗലോസ് അദ്ദേഹത്തിന്റെ അഭാവത്തിൽ നിർമ്മിച്ചെടുത്തതാണ് ഈ വിചിത്രമായ ദൈവശാസ്ത്ര സങ്കൽപ്പം. ബൈബിളിൽ ഈ സംഭവം രേഖപ്പെടുത്തിയ വരികൾക്കിടയിൽ തന്നെ യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന ഈ ലളിതസത്യം ജ്വലിച്ചു നിൽക്കുന്ന കാര്യം നമുക്ക് എളുപ്പത്തിൽ തിരിച്ചറിയാനാവും. അത് തന്നെയാണ് യേശു ക്രാന്തദൃഷ്ടിയോടെ ബൈബിളിൽ പറഞ്ഞത്' നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും *(യോഹന്നാൻ 8:32)*

മരിച്ച ഒരാൾ ജീവനിലേക്കു തിരിച്ചു വരിക എന്നത് ഒരിക്കലും സംഭവിക്കാൻ സാദ്ധ്യമല്ലാത്ത ഒരു പ്രകൃതിസത്യവും ജൈവിക യാഥാർത്ഥ്യവുമാണ്. ബാഹ്യമായ അവിദഗ്ദ നിരീക്ഷണം കൊണ്ട് ഒരാൾ മരിച്ചു എന്ന തോന്നൽ മറ്റൊരാൾക്കുണ്ടാവാം. യഥാർത്ഥ മരണം സംഭവിച്ചിട്ടുണ്ടാവില്ല. വിദഗ്ദനായ ഒരു ചികിത്സകന് മാത്രമേ ഉറപ്പായും മരണം സ്ഥിരീകരിക്കാൻ കഴിയൂ എന്നത് സുവിദമാണല്ലോ. ഒരാൾ മരിക്കുക എന്ന പ്രകൃതി നിയമം കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ളതും ദൈവം തന്നെ സൃഷ്ടിച്ച പ്രകൃതി നിയമത്തിലധിഷ്ഠിതവുമാണ്. പ്രകൃതി നിയമത്തിലെ ആസൂത്രണം, മുൻ മാതൃകകളില്ലാതെയുള്ള പ്രപഞ്ചസാകല്യത്തിന്റെ സൃഷ്ടിപ്പ് അതിൽ അന്തർഭവിച്ചിരിക്കുന്ന ധിഷണാ വൈഭവം എന്നിവയാണ് ബുദ്ധിമാന്മാരെയും സത്യാത്മാക്കളെയും ദൈവാസ്തികതൃത്തിലേക്ക് ആകർഷിക്കുന്നതും ദൈവാരാധനക്കും ദൈവസ്തുതിക്കും കാരണമാകുന്നതും. അയുക്തികമായ അതിശയങ്ങളും ദിവ്യാത്ഭുതങ്ങളും മന്ത്രതന്ത്രങ്ങളും ചെപ്പടിവിദ്യകളും ആധാരമാക്കിയുള്ള ദൈവവിശ്വാസം ബുദ്ധിമാന്മാരിൽ പുച്ഛവും അവജ്ഞയുമാണ് ഉണ്ടാക്കുക. അപരിഷ്കൃതരായ പ്രാകൃത ഗോത്ര വിഭാഗങ്ങളിലാണ് അത്തരം അന്ധവിശ്വാസം വ്യാപകമായുള്ളത്. വാസ്തവത്തിൽ ദൈവത്തിന്റെ പ്രവർത്തികളെ സംബന്ധിച്ച അന്വേഷണങ്ങളുടെ ക്രോഡീകൃത വിജ്ഞാനത്തെയാണ് ശാസ്ത്രം എന്ന് നാം വിളിക്കുന്നത്. ദൈവത്തിന്റെ ഭൗതിക ലോകത്തുള്ള പ്രവർത്തികളെ മനസ്സിലാക്കാനും പഠിക്കാനും യഥാർത്ഥ ഭക്തർ അവലംബിക്കേണ്ടത് ഈ പ്രകൃതി

സത്യങ്ങളെയാണ്. അല്ലാതെ അത്ഭുതങ്ങളിലും അതിശയങ്ങളിലും വിശ്വസിച്ച് അന്തം വിടുന്നവന്റെ അമ്പരപ്പിന്റെ പേരല്ല ദൈവഭക്തി. ദൈവ വിശ്വാസം മനുഷ്യനെ ധിഷണാശാലിയും സത്യാന്വേഷകനുമാക്കാനായിരിക്കണം. മൂഢനാക്കാനുള്ളതല്ല.

യേശു മനുഷ്യന്റെ പ്രകൃതിയും പരിമിതികളും ഉള്ള സാധാരണ മനുഷ്യനാണ്. അങ്ങനെയുള്ള ഒരാൾക്കല്ലാതെ മനുഷ്യന് മാതൃകയാക്കാനോ അനുകരിക്കാനോ സാദ്ധ്യമല്ല. അത് കൊണ്ട് യേശു മനുഷ്യർക്ക് മാതൃകയാകണമെങ്കിൽ അദ്ദേഹത്തിന്റെ പ്രകൃതിയും കഴിവും പരിമിതികളുമെല്ലാം പൂർണ്ണമായും മാനുഷികമായിരിക്കണം. അങ്ങനെയല്ലാത്ത ഒരു ദൈവ-മനുഷ്യ സങ്കരവ്യക്തിയെ മനുഷ്യന് വഴികാണിക്കാൻ ദൈവം ഭൂമിയിലേക്കയക്കേണ്ടതിന്റെ ആവശ്യമെന്ത്? മാത്രമല്ല യേശു ദൈവമോ ദൈവ പുത്രനോ ആണെങ്കിൽ അത് ദൈവമഹത്വത്തിനും ദൈവത്തിന്റെ ഔന്നത്യത്തിനും അപകീർത്തികരമാണ്. വേദനകൊണ്ട് നിലവിളിക്കുകയും വിശന്ന് ഭക്ഷണം യാചിക്കുകയും ഒളിജീവിതം നയിക്കുകയും ചെയ്ത ഒരാൾ പ്രപഞ്ച സ്രഷ്ടാവും സർവ്വ ശക്തനും സർവ്വജ്ഞനും സർവ്വവ്യാപിയുമായ ദൈവമാക്കുന്നത് ദൈവമഹത്വത്തിനും ഭൂഷണമാകുമോ?

യേശു കുരിശിൽ വെച്ച് മരിച്ച് മൂന്ന് നാൾകഴിഞ്ഞ് ഉയിർത്തെഴുന്നേൽക്കുകയും അതിന് ശേഷം നാൽപ്പത് നാൾ ജീവിച്ച് ആകാശത്തേക്ക് ഉയർന്നു പോയി എന്നുമാണ് ക്രിസ്തീയ വിശ്വാസം. അന്ധമായി നാം ഇക്കാര്യങ്ങൾ വിശ്വസിക്കുന്നതിന് മുമ്പ് ബൈബിൾ പ്രമാണങ്ങൾ വിശകലനം ചെയ്ത് കുരിശിൽ സംഭവിച്ചത് എന്താണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

### കുരിശുമരണം ശപ്ത മരണം

'തൂങ്ങി മരിച്ചവൻ ദൈവ സന്നിധിയിൽ ശാപഗ്രസ്തൻ' (ആവർത്തനം 21:22) എന്ന പഴയ നിയമത്തിലെ ബൈബിൾ പ്രമാണം അനുസരിച്ച് യേശുവിനെ ശപ്തനെന്ന് വരുത്തി തീർക്കാൻ യേശുവിനെ തിരസ്ക്കരിച്ച യഹൂദർ കൊണ്ട്പിടിച്ചു ശ്രമിച്ചിരുന്നു. യഹൂദർ കരുതിക്കൂട്ടിതന്നെയാണ് യേശുവിനെ അവരുടെ നിയമമനുസരിച്ച് ക്രൂശിച്ച് കൊല്ലാൻ പീലാത്തോസിനെ നിർബന്ധിക്കുന്നത്. അല്ലാതെ പീലാത്തോസ് റോമൻ നിയമമനുസരിച്ച് വിധിച്ചതല്ല.അതായത് യേശു ക്രൂശിത്നായതിന്റെ പൂർണ്ണ ഉത്തരവാദി യഹൂദരും അവർ വ്യഖ്യാനിച്ച് യഹൂദ നിയമങ്ങളുമാണ്. 'ഞാൻ (പീലാത്തോസ്) ഇവനിൽ കുറ്റമൊന്നും കാണുന്നില്ല. യഹൂദർ അയാളോട് പറഞ്ഞു: ഞങ്ങൾക്ക് ഒരു നിയമമുണ്ട് തന്നത്താൻ ദൈവ പുത്രനാകയാൽ, ഇവൻ ആ നിയമമനുസരിച്ചു മരിക്കണം'(യോഹന്നാൻ19:7)

യേശു ശപ്തമായ മരണമാണ് വരിച്ചതെന്ന് പൗലൂസും അംഗീകരിച്ചതായി ബൈബിളിൽ കാണാം. 'നമുക്ക് വേണ്ടി ശാപവിധേയനായി തീർന്ന ക്രിസ്തു നിയമത്തിന്റെ ശാപത്തിൽ നിന്നും നമ്മെ മോചിപ്പിച്ചിരിക്കുന്നു. മരത്തിൽ തൂങ്ങി മരിക്കുന്നവരെല്ലാം ശപിക്കപ്പെട്ടവരാണ്' (ഗലാത്തിയക്കാർ 3:13)

### ഗെഥ്ശമനയിലെ ഹൃദയമുരുകിയ പ്രാർത്ഥന

യുവാവായ യേശു യഹൂദരുടെ കൈകളാൽ കുരിശിൽ മരിച്ച് തന്റെ ദിവ്യദൗത്യം പൂർത്തിയാക്കാനാകാതെ ജീവിതം അവസാനിപ്പിക്കാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അതിനുള്ള നിരവധി തെളിവുകൾ ബൈബിളിൽ കാണാം. തനിക്ക് മുമ്പിലുള്ള ആസന്നമായ കുരിശ് മരണം നീങ്ങിപ്പോകാൻ ഗെഥ്ശമനയിൽ യേശു ഹൃദയമുരുകി പ്രാർത്ഥിച്ച സംഭവം ബൈബിൾ വ്യക്തമായി വിവരിക്കുന്നു: 'എന്റെ ആത്മാവ് മരണ വേദനയോടടുത്ത് ദുഃഖം അനുഭവിക്കുന്നു. ഇവിടെ നിങ്ങൾ എന്നോടൊപ്പം ഉണർന്നിരിക്കുക. അവൻ അൽപ്പം മുന്നോട്ട് പോയി കമിഴ്ന്നു വീണു പ്രാർത്ഥിച്ചു എന്റെ പിതാവേ സാദ്ധ്യമെങ്കിൽ ഈ പാനപാത്രം (കുരിശ്മരണം) എന്നിൽ നിന്ന് നീങ്ങിപോകേണമേ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ' (മത്തായി 26:38,39) യേശു പറഞ്ഞു: 'നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ പ്രാർത്ഥനയിൽ നിങ്ങൾ ചോദിക്കുന്നതെല്ലാം ലഭിക്കും' (മത്തായി 21: 22)

സത്യവാനായ ആ യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടു. കുരിശിൽ പീഢിതനായെങ്കിലും അദ്ദേഹത്തെ കൊല്ലാൻ യഹൂദർക്ക് കഴിഞ്ഞില്ല. എന്ന ജ്വലിക്കുന്ന സത്യത്തിലേക്കാണ് ബൈബിളിന്റെ സത്യസന്ധമായ വായന വിരൽ ചൂണ്ടുന്നത്. യേശു യഥാർത്ഥത്തിൽ കുരിശിൽ ബോധശൂന്യനാകുകയാണ് ചെയ്തത്. ഈ പരമ സത്യത്തിലേക്ക് സൂചന നൽകുന്നതാണ് ബൈബിളിലെ എല്ലാ തെളിവുകളും. പ്രത്യേകിച്ച് ഗെഥ്ശമനയിലെ പ്രാർത്ഥന മുതൽ ക്രൂശീകരണം വരെയുള്ള പീഢാനുഭവങ്ങളിലും (Passion) കുരിശ് പീഢനത്തിന് ശേഷമുള്ള സംഭവങ്ങളും സൂക്ഷ്മമായി പരിശോധിച്ചാൽ യേശു കുരിശിൽ മരിക്കുകയും അനന്തരം ഉയിർത്തെഴുന്നേൽക്കുകയും ആകാശത്തേക്ക് ആരോഹിതനാവുകയും ചെയ്തു എന്നത് നിരർത്ഥകമായ ഒരു സങ്കൽപ കഥമാത്രമാണെന്ന് വ്യക്തമാവും. ഈ സത്യം നമുക്ക് ബൈബിൾ വചനങ്ങളിൽ നിന്നു തന്നെ മനസ്സിലാക്കാം.

### യോനായുടെ അടയാളം

യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന യാഥാർത്ഥ്യത്തിന് ഒന്നാമത്തെ തെളിവായി ഉന്നയിക്കാൻ സാധിക്കുന്നത് യേശു തന്നെ ബൈബിളിൽ പറഞ്ഞ യോനാ പ്രവാചകന്റെ അടയാളമാണ്. യോനാ പ്ര

വാചകന്റെ കഥ യഹൂദ ക്രിസ്ത്യൻ ഇസ്‌ലാം മതാനുയായികളുടെ മത ഗ്രന്ഥങ്ങളിൽ അമുല്യമായ ഒരു പാഠമെന്നോണം വിവരിക്കുന്നുണ്ട്. യേശുവിന്റെ സത്യതക്ക് തെളിവ് ആവശ്യപ്പെട്ട യഹൂദരോട് യോനായുടെ അടയാളം തന്നിൽ പുലരുമെന്ന് ഒരു വെല്ലുവിളിയെന്നോണം പരുഷമായ വാക്കുകളിലാണ് യേശു പ്രഖ്യാപിച്ചത്. കുരിശു പീഢനശേഷം യേശു ജീവനോടെ ഭൂമിക്കടിയിലെ കല്ലറയിൽ പോകുകയും കല്ലറയിലെ ശുശ്രൂഷക്ക് ശേഷം ജീവനോടെ തന്നെ കല്ലറയിൽ നിന്ന് പുറത്ത് വരുകയും ചെയ്തതിലൂടെയാണ് ആ അടയാളത്തിന്റെ സാരാംശം പുലർന്നത്. താൻ ദൈവത്തിന്റെ മിശിഹാ ആണെന്ന സത്യത്തിന്റെ ഒരു ദൃഷ്ടാന്തമായിട്ട് തന്റേയും യോനയുടെയും കഥയിലെ സാമ്യതയെ പറ്റി സൂചിപ്പിക്കാനാണ് യേശു ഇവിടെ യോനായുടെ കഥ പറയുന്നത്. ഈ രണ്ട് പ്രവാചകരെ പറ്റിയുള്ള അടയാളങ്ങളെ കുറിച്ച് പറയുമ്പോൾ നാം മനസ്സിൽ സൂക്ഷിക്കേണ്ട കാര്യം അടിസ്ഥാന പരമായി അവർ ഇരുവരും രണ്ട് വ്യക്തികളായ സാമ്യന്മാരാണ് (Similar) അല്ലാതെ തൽസമന്മാരല്ല (Not Identical). അതായത് ഒരു പോലെയുള്ളവരല്ല. അവരുടെ ജീവിതത്തിലുണ്ടായ ഒരു സംഭവത്തിലുള്ള അത്ഭുതകരമായ സാമ്യതയാണ് സത്യാന്വേഷികളുടെ ശ്രദ്ധയിൽ പെടേണ്ടത്. അല്ലാതെ പകലിന്റെയും രാവിന്റെയും മണിക്കൂറും മിനുട്ടും സെക്കന്റും വെച്ചുള്ള കണക്കിലെ തുല്യതയല്ല.

യോനായും യേശുവും ദൈവ പ്രേഷിതരായ സത്യദൂതന്മാരായിരുന്നു. ഇരുവരും ക്രൂരമായ എതിർപ്പുകളാണ് നേരിട്ടത്. ബൈബിളും ഖുർആനും വിവരിക്കുന്ന യോനായുടെ ഈ സംഭവത്തിൽ യേശുവിന്റെ സത്യതക്കുള്ള പ്രവചനം പ്രകൃതിസാധാരണമായ രീതിയിൽ എത്ര സത്യസന്ധമായാണ് പുലർന്നത് എന്ന് കാണുക. ഇതാണ് വാസ്തവത്തിൽ യേശു പറഞ്ഞ ദൃഷ്ടാന്തത്തിലെ സാരാംശവും ദിവ്യാത്ഭുതവും. ബൈബിൾ പ്രവചനവും അതിന്റെ പുലർച്ചയും എങ്ങനെയാണ് സംഭവിച്ചതെന്ന് നോക്കാം. യേശുവിന്റെ പ്രേഷിത പ്രവർത്തനങ്ങളിൽ അവിശ്വസിച്ച യഹൂദരുടെ ചോദ്യത്തിന് മറുപടിയായി യേശു രൂക്ഷമായ വാക്കുകളിലാണ് തന്റെ അടയാളം പറഞ്ഞത്. 'അപ്പോൾ ശാസ്ത്രിമാരും പരീശന്മാരിലും ചിലർ അവനോടു; ഗുരോ, നീ ഒരു അടയാളം ചെയ്തു കാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്ന് പറഞ്ഞു. അവൻ അവരോടു ഉത്തരം പറഞ്ഞു: 'ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കയില്ല. യോന കടലാനയുടെ വയറ്റിൽ മൂന്നുരാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരുന്നത്പോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും' (മത്തായി 12: 39, 40) ലൂക്കോസ് 11:29 ലും ഈ വചനം ആവർത്തിക്കുന്നു. യേശു സത്യവാദിയാണെന്ന് തെളിയണമെങ്കിൽ യോനായുടെ ഈ സംഭവത്തെ ദൃഷ്ടാന്തീകരിച്ചുള്ള കൊണ്ടുള്ള അദ്ദേഹത്തിന്റെ ഈ പ്രവചനം തന്നിലും പുലരേണ്ടിയിരിക്കുന്നു എന്നാണ് യേശു ഇവിടെ വ്യക്തമായും പറയുന്നത്. അന്ന് ജൂദിയായിൽ താമസിച്ചിരുന്ന യഹൂദർക്കും ചിതറിത്തെറിച്ച് ജൂദിയക്ക് പുറത്ത് താമസിച്ചിരുന്ന യഹൂദർക്കും യോനായുടെ ഈ സംഭവത്തെ പറ്റി അറിയാമായിരുന്നു. യോനാക്ക് എന്താണ് സംഭവിച്ചത് എന്ന് ബൈബിൾ പഴയനിയമം വ്യക്തമാക്കുന്നു.

'യോനായെ വിഴുങ്ങേണ്ടതിന് ഒരു മഹാമത്സ്യത്തെ കർത്താവ് നിയോഗിച്ചു. യോനാ മൂന്നു രാവും മൂന്നു പകലും ആ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞു. അപ്പോൾ യോനാ മത്സ്യത്തിന്റെ ഉദരത്തിലിരുന്ന് തന്റെ ദൈവമായ കർത്താവിനോട് പ്രാർത്ഥിച്ചു. അത് യോനായെ കരക്ക് ചർദ്ദിച്ചു കളഞ്ഞു. (യോന 1:17, 2:10)

യോന മത്സ്യത്തിന്റെ വയറ്റിൽ പ്രവേശിച്ചതും കിടന്നതും പുറത്തുവന്നതും ജീവനോടെയാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ആ അവസരങ്ങളിലെല്ലാം മരണത്തിനും ജീവനുമിടക്കുള്ള അത്യന്തം അപകട ഘട്ടത്തിലായിരുന്നു യോന. ഇത് യേശുവിൽ പുലരണമെങ്കിൽ തീർച്ചയായും യേശുവും ഭൂമിയുടെ ഉള്ളിൽ (കല്ലറ) പ്രവേശിച്ചതും കിടന്നതും പുറത്തു വന്നതും ജീവനോടെയായിരിക്കണം. വിശുദ്ധ ഖുർആനിലും രാപ്പകലുകളുടെ എണ്ണം പറയാതെ യോനായുടെ ഈ സംഭവം വിവരിക്കുന്നുണ്ട് 'തീർച്ചയായും യൂനുസും (യോന) ദൈവദൂതരിൽപെട്ട ഒരാളാണ്. ഭാരം നിറഞ്ഞ ഒരു കപ്പലിൽ അദ്ദേഹം ഓടിചെന്നപ്പോഴുണ്ടായ (സംഭവം) ഓർക്കുക. അങ്ങനെ അദ്ദേഹം (മറ്റു യാത്രക്കാരോടൊപ്പം) നറുക്കിൽ പങ്കെടുത്തുപ്പോൾ അദ്ദേഹം തള്ളപ്പെട്ടവനിൽപ്പെട്ട ആളായി തീർന്നു. അങ്ങനെ അദ്ദേഹം സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ ആ വലിയ മത്സ്യം അദ്ദേഹത്തെ പിടിച്ചു വിഴുങ്ങി. അപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ പരിശുദ്ധിയെ വാഴ്ത്തിയ ഒരാളായിരുന്നില്ലായിരുന്നുവെങ്കിൽ പുനരുത്ഥാനം ചെയ്യപ്പെടുന്ന നാൾ വരെ അതിന്റെ വയറ്റിൽ അദ്ദേഹം താമസിക്കേണ്ടിവരുമായിരുന്നു'. (37: 141 145)

യേശു പറഞ്ഞ ഈ അടയാള വാക്യത്തിന്റെ പുലർച്ച സുവ്യക്തമാണ്. കുരിശ് സംഭവത്തിന് ശേഷം കുരിശിൽ ബോധം നഷ്ടപ്പെട്ട യേശു യോനാ പ്രവാചകൻ മത്സ്യത്തിന്റെ വയറ്റിൽ പ്രവേശിച്ചത് പോലെ ജീവനോടെ ഭൂമിയുടെ ഉള്ളിൽ കല്ലറയിൽ പ്രവേശിക്കുകയും മൂന്ന് ദിവസത്തെ

ശുശ്രൂഷ കഴിഞ്ഞ് ബോധം വീണ്ടെടുത്ത ശേഷം പുറത്ത് വരുകയും ചെയ്തു. ഒരിക്കലും ജീവൻ നഷ്ടപ്പെട്ടിരുന്നില്ല. യോന പ്രാർത്ഥിച്ചത് പോലെ ഗെഥ്ശമനയിൽ യേശു ദൈവത്തോട് പ്രാർത്ഥിക്കുകയും പ്രവചന ദൃഷ്ടാന്തം ശ്രദ്ധേയമായ രീതിയിൽ പുലരുകയുണ്ടായി. യോന ഒരിക്കലും മരിച്ചതിന് ശേഷം പുനരുത്ഥാനം ചെയ്യുകയല്ല അതുപോലെ യേശു കുരിശ് പീഢനത്തിൽ മരിച്ചിട്ടില്ല എന്നത് ഇതിലെ ഏറ്റവും വ്യക്തവും പ്രകടവുമായ ദൃഷ്ടാന്തമല്ലേ?

### പീലാത്തോസിന്റെ വിമുഖതയും ഭാര്യയുടെ സ്വപ്നവും

യേശുവിനെ ക്രൂശിക്കണം എന്ന ആവശ്യവുമായി പീലാത്തോസിനെ സമീപിച്ച യഹൂദരോട് തങ്ങളുടെ ആവശ്യം നിവർത്തിക്കാൻ പീലാത്തോസ് കാണിച്ച വൈമുഖ്യവും യേശുവിനോട് അദ്ദേഹം കാണിച്ച അനുരക്തിയും അനുതാപവും സുവിദമാണല്ലോ. 'ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല' (ലൂക്കോ: 23: 19) എന്ന് പിലാത്തോസ് പറഞ്ഞു.

അതിനിടക്ക് വിചാരണക്ക് വിധേയനായിക്കൊണ്ടിരുന്ന യേശുവിനെ രക്ഷിക്കണമെന്ന സന്ദേശം ഉൾക്കൊള്ളുന്ന ഒരു സ്വപ്നം പീലാത്തോസിന്റെ ഭാര്യ ദർശിക്കുകയും അതിന്റെ ഫലമായി യേശുവിനെ ശിക്ഷിക്കരുത് എന്ന സന്ദേശവുമായി ഒരാളെ അയച്ച് അറിയിച്ച സംഭവവും ബൈബിൾ വിവരിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിനെ രക്ഷിക്കാനുള്ള ദൈവത്തിന്റെ സ്വാഭാവികമായ ഇടപെടലായിരുന്നു ഈ സ്പനം. അല്ലാതെ മറ്റെന്ത് വിശദീരണമാണ് ഇതിന്നുള്ളത്. പീലാത്തോസിന്റെ ഭാര്യയെ കുറിച്ച് കാനോനിക്കൽ ബൈബിളിൽ (മത്തായി) പരാമർശമുണ്ടെങ്കിലും അവരുടെ പേര് ക്ലോഡിയ പ്രോകുല (Claudia Procula) എന്നാണെന്ന് അപ്പോക്രിഫാ സുവിശേഷങ്ങളിൽ കാണാം. ഈസ്റ്റേൺ ഓർത്തോഡക്സ് ചർച്ച്, ഇസ്റ്റേൺ കത്തോലിക്കാ ചർച്ച്, കോപ്റ്റിക് ചർച്ച് എത്തിയോപ്യൻ ചർച്ച് എന്നീ പൗരാണിക സഭകൾ ഇവരെ വിശുദ്ധയായിട്ടാണ് കരുതുന്നത്. ആ സംഭവത്തെ പറ്റി ബൈബിളിലെ വചനം ഇങ്ങനെയണ്.' അയാൾ (പീലാത്തോസ്) ന്യായാസനത്തിൽ ഇരിക്കുമ്പോൾ തന്റെ ഭാര്യ ആളെ അയച്ചുകൊണ്ട് ഇങ്ങനെ പറയിക്കുകയും ചെയ്തിരുന്നു: 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത് കാരണം അവൻ നിമിത്തം ഞാൻ ഇന്ന് സ്വപ്നത്തിൽ വളരെ ക്ലേശം അനുഭവിച്ചു.' (മത്താ:27:19) തീർച്ചയായും ഭാര്യയുടെ ഈ ദിവ്യസ്വപ്നം യേശുവിൽ കുറ്റമൊന്നും കാണാത്ത പീലാത്തോസിൽ അദ്ദേഹത്തെ കുറ്റവിമുക്തനാക്കാനും യഹൂദികൾ നിർബന്ധിക്കുന്ന കുരിശ്മരണത്തിൽ നിന്നും യേശുവിനെ രക്ഷിക്കാനും സ്വാധീനം ചെലുത്തിയിട്ടുണ്ടാവും

### യേശുവിനെ രക്ഷിക്കാൻ പീലാത്തോസിന്റെ മറ്റൊരു ശ്രമം

യേശുവിനെ ശിക്ഷക്ക് വിധേയമാക്കാതെ മോചിപ്പിക്കാൻ പീലാത്തോസ് ഒരു ശ്രമം നടത്തിയതായി ബൈബിളിൽ കാണാം. പെസഹാ നാളിൽ ജനങ്ങൾ ആവശ്യപ്പെട്ടാൽ ഒരു തടവുകാരനെ വിടുവാനുള്ള അധികാരം ദേശാധികാരികൾക്ക് ഉണ്ടായിരുന്നു. ഈ അധികാരം ഉപയോഗിച്ചാണ് പീലാത്തോസ് യേശുവിനെ രക്ഷിക്കാൻ ശ്രമിച്ചത്. യഹൂദർ ന്യായമായും കുറ്റവാളിയായ ബറബ്ബാസിനേക്കാൾ നിരപരാധിയായ യേശുവിനെ മോചിപ്പിക്കാനാണ് ആവശ്യപ്പെടുക എന്ന് പീലാത്തോസ് ധരിച്ചു. പക്ഷേ ദുഷ്ടമാനസരായ അവർ യേശുവിനു പകരം ബറബ്ബാസിനെ വിടുവാനാണ് ആവശ്യപ്പെട്ടത്. ബൈബിൾ ആ സംഭവം ഇപ്രകാരം വിവരിക്കുന്നു. 'തിരുനാൾതോറും ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു തടവുകാരനെ അവർക്ക് വേണ്ടി അയാൾ മോചിപ്പിച്ചിരുന്നു. കലാപത്തിനിടയിൽ കൊലപാതകം നടത്തിയ ബറബ്ബാസ് എന്നൊരാൾ കലാപകാരികളുടെ തടവിൽ ഉണ്ടായിരുന്നു. ജനക്കൂട്ടം പീലാത്തോസിന്റെ അടുക്കൽ ചെന്നു. പതിവുള്ള ആനുകൂല്യം ആവശ്യപ്പെട്ടു. 'യഹൂദരുടെ രാജാവിനെ നിങ്ങൾക്ക് വിട്ടു തരണമെന്നാണോ നിങ്ങളുടെ ആഗ്രഹം?' എന്ന് അപ്പോൾ അയാൾ അവരോട് ചോദിച്ചു. കാരണം മുഖ്യപുരോഹിതർ യേശുവിനെ തനിക്ക് ഏൽപ്പിച്ച് തന്നത് അസൂയ നിമിത്തമാണെന്ന് പീലാത്തോസ് ഗ്രഹിച്ചിരുന്നു. എന്നാൽ യേശുവിന് പകരം ബറബ്ബാസിനെ തങ്ങൾക്ക് വിട്ടുതരണമെന്ന് ആവശ്യപ്പെടാൻ മുഖ്യ പുരോഹിതർ ജനങ്ങളെ ഇളക്കി വിട്ടു. പീലാത്തോസ് വീണ്ടും അവരോട് ചോദിച്ചു: 'അങ്ങനെയെങ്കിൽ യഹൂദരുടെ രാജാവെന്ന് നിങ്ങൾ വിളിക്കുന്ന ആ മനുഷ്യനെ ഞാൻ എന്തു ചെയ്യണം?' അവർ വീണ്ടും വിളിച്ചു പറഞ്ഞു. 'അവനെ ക്രൂശിക്കുക.' ജനക്കൂട്ടത്തെ തൃപ്തിപ്പെടുത്താമെന്ന് മോഹിച്ച് പീലാത്തോസ് ബറബ്ബാസിനെ അവർക്ക് വേണ്ടി മോചിപ്പിച്ചു. യേശുവിനെ ചാട്ടകൊണ്ട് അടിച്ച ശേഷം ക്രൂശിക്കാനായി അയാൾ ഏൽപ്പിച്ചു കൊടുത്തു.' (മാർക്കോസ് 15:6–15)

കുപ്രസിദ്ധ കുറ്റവാളിയായ ബറബ്ബാസിനെക്കാൾ യേശുവിനെയാണ് യഹൂദർ വെറുത്തത്. തീർച്ചയായും യേശുവിനെ രക്ഷിക്കാൻ ശ്രമിച്ച നീതിമാനായ പീലാത്തോസിനെ ഇത് അസ്വസ്ഥനാക്കിയിട്ടുണ്ടാവും. ഭരണത്തിലും പട്ടാളത്തിലും സ്വാധീനമുണ്ടായിരുന്ന പീലാത്തോസ് തന്റെ സകല കഴിവുകളും അതിന് വിനിയോഗിച്ചു ചിട്ടുണ്ടാവും എന്ന കാര്യത്തിൽ

സംശയമില്ല.

### കുരിശ് ചുമന്ന ശിമയോൻ

യേശുവിനെ ക്രൂശിക്കാൻ കൊണ്ടു പോകുന്ന സമയത്ത് പട്ടാളക്കാർ നിർബന്ധിച്ച് കുറേനക്കാരനായ ശിമയോൻ എന്ന് പേരുള്ള ഒരാളെ കുരിശ് ചുമപ്പിച്ചതായി കാണാം. ഉത്തരാഫ്രിക്കയിലുള്ള ലിബിയയിലെ ഒരു ഗ്രീക്ക് കോളനിയായിരുന്നു കുറേന. തീർച്ചയായും യേശു ചുമക്കേണ്ടുന്ന കുരിശിന്റെ ഭാരം മറ്റൊരാളെ ഏൽപ്പിച്ച് അദ്ദേഹത്തിന് ഭാരം ലഘൂകരിച്ച് ആശ്വാസം പകരാൻ നടത്തിയ വളരെ ആസൂത്രിത സഹായമായിരുന്നു അത്. ശതാധിപൻ നേതൃത്വം കൊടുത്ത ക്രൂശീകരണ പരിപാടിയിൽ പട്ടാളക്കാർ നിർബന്ധപൂർവ്വം ശിമയോൻ എന്നയാളെ കുരിശു ചുമക്കാൻ നിയമിക്കുകയായിരുന്നു. അല്ലാതെ അയാൾ അനുതാപപൂർവ്വം ചെയ്ത ഒരു പ്രവർത്തിയല്ല. ബൈബിൾ സമാന സുവിശേഷങ്ങളിൽ ഈ വിവരണം കാണാം. 'അവർ പോകുന്ന വഴിക്ക് ശിമയോൻ എന്ന് പേരായ ഒരുവനെ കണ്ടുമുട്ടി. യേശുവിന്റെ കുരിശ് ചുമക്കാൻ പട്ടാളക്കാർ അയാളെ നിർബന്ധിച്ചു.' (മത്തായി: 27:32)

### ശതാധിപന്മാരുടെ യേശുവിനോടുള്ള അനുരക്തി.

റോമൻ പട്ടാളത്തിൽ നൂറ് പടയാളികളുടെ മേധാവിയായ ഉദ്യോഗസ്ഥനെയാണ് ശതാധിപൻ (Centurion) എന്ന് വിളിച്ചിരുന്നത്. ബൈബിൾ പല ശതാധിപന്മാരെയും പറ്റി പറയുന്നുണ്ട്. അവരെല്ലാം യഹൂദരല്ല വിജാതീയരാണ്. അവരെല്ലാം യേശുവിനെ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ദിവ്യനായി കരുതുകയും ചെയ്തവരാണ്. റോമൻ ഭരണത്തിൽ നട്ടെല്ലായ ശതാധിപന്മാർ അധികാര ശ്രേണികളിൽ നല്ല സ്വാധീനമുള്ളവരായിരുന്നു.

ബൈബിളിൽ പരാമർശിക്കുന്ന ശ്രദ്ധേയനായ ശതാധിപൻ പട്ടാള മേധാവി യേശുവിനെ ക്രൂശീകരണത്തിന് മേൽനോട്ടം വഹിച്ച ശതാധിപനാണ്. യേശുവിനെ കുരിശുമരണത്തിൽ നിന്നും രക്ഷിക്കാൻ വളരെ നിർണ്ണായകമായ കരുക്കൾ നീക്കിയ വ്യക്തിയാണ് ഈ ശതാധിപൻ. ബൈബിളിൽ പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ വിട്ടുകൊടുക്കുന്നത് മുതൽ അരിമഥ്യക്കാരൻ യോസേഫിന് യേശുവിന്റെ ശരീരം കൈമാറുന്നത് വരെ ഈ ശതാധിപൻ അനുഗമിക്കുകയും ഇടപെടുകയും ചെയ്യുന്നത് കാണാം. യേശുവിനെ സംബന്ധിച്ച് ദൈവത്തിൽ നിന്നുള്ള ആളാണ് എന്ന അർത്ഥത്തിൽ 'സത്യമായും ഇവൻ (യേശു) ദൈവത്തിന്റെ പുത്രനായിരുന്നു' (മത്തായി 27:54), 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു' (മർക്കോസ് 15: 39), 'നിശ്ചയമായും ഈ മനുഷ്യൻ നിഷ്ക്കളങ്കനായിരുന്നു' (ലൂക്കോസ് 23:47) എന്നിങ്ങനെ മൂന്ന് സുവിശേഷങ്ങളിലും ഈ ശതാധിപന്റെ പരാമർശമുണ്ട്, പക്ഷേ പേരില്ല. 'നിക്കോദമസിന്റെ സുവിശേഷം' അഥവാ 'പീലാത്തോസിന്റെ പ്രവർത്തികൾ' എന്ന പുസ്തകത്തിൽ ഈ ശതാധിപന്റെ പേര് ലോംഗിനസ് (Longinus) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രദ്ധേയമായ കാര്യം ക്രൂശീകരണത്തിൻ മേൽനോട്ടം വഹിക്കുന്ന ആരാച്ചാരെ പോലെയുള്ള ഒരു പട്ടാള മേധാവിയിൽ നിന്നും ക്രൂരതയും കാർക്കശ്യവുമാണ് നാം പ്രതീക്ഷിക്കുക. എന്നാൽ സുവിശേഷങ്ങളിൽ കാണുന്നത് ഏതൊരാളെയാണോ ക്രൂശീകരണത്തിന് വിധേയനാക്കുന്നത് അയാളോട് അഥവാ യേശുവിനോട് ശിക്ഷ നടപ്പാക്കുന്ന ശതാധിപന്റെ വിസ്മയകരമായ അനുഭാവവും ആദരവോടെയുള്ള പെരുമാറ്റവുമാണ് നാം കാണുന്നത്.

യേശുവിന്റെ ക്രൂശീകരണം നിർവ്വഹിക്കാൻ ലോംഗിനസ് എന്ന ഈ ശതാധിപനെ നിയോഗിച്ചത് ശിക്ഷ വിധിച്ച പീലാത്തോസ് തന്നെയായിരുന്നു. കുരിശിൽ വെച്ച് ജീവൻ പോയി എന്ന് ബോദ്ധ്യപ്പെട്ടാൽ അത് ദേശാധികാരിയും ന്യായാധിപനുമായ പീലാത്തോസിനെ അറിയിക്കേണ്ട ചുമതല ശതാധിപനായിരുന്നു. 'അയാൾ (പീലാത്തോസ്) ശതാധിപനെ വിളിച്ച് അവൻ (യേശു) മരിച്ചു കഴിഞ്ഞോ? എന്ന് ചോദിച്ചു:'അവൻ മരിച്ചു എന്ന് ശതാധിപനിൽ നിന്നും മനസ്സിലാക്കിയ പീലാത്തോസ് ശരീരം യോസേഫിനും (യേശുവിന്റെ രഹസ്യ ശിഷ്യനായ അരിമഥ്യക്കാരൻ യോസേഫ്) വിട്ടുകൊടുത്തു' (മാർക്കോസ് 15:45) വാസ്തവത്തിൽ വളരെ നിർണ്ണായകമായ ഒരു മുഹൂർത്തമാണിത്. യേശുവിന് ശക്തമായ മയക്കമാണ് സംഭവിച്ചത് മരണമായിരുന്നില്ല.

തീർച്ചയായും യേശു നിരപരാധിയാണെന്ന് തികച്ചും ബോദ്ധ്യമുള്ള പീലാത്തോസ് യഹൂദരുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് നീചമായ കുരിശ് മരണത്തിന് അദ്ദേഹത്തെ വിധിച്ചത് എന്നത് തർക്കമറ്റ കാര്യമാണ്. യേശുവിനെ രക്ഷപ്പെടുത്താൻ നീതിമാനും അധികാരിയുമായ പീലാത്തോസ് തീവ്രമായി വെമ്പൽകൊണ്ടിരുന്നു എന്നത് വ്യക്തമാണ്. അത് ശതാധിപനിലൂടെയും ഉന്നതസ്ഥാനീയരായ യേശുവിന്റെ രഹസ്യശിഷ്യന്മാരിലൂടെയും തന്ത്രപരമായും സമർത്ഥവുമായ രീതിയിൽ നടപ്പാക്കപ്പെടുകയായിരുന്നു എന്നതിന് ശക്തമായ തെളിവുകളാണ് ബൈബിൾ നൽകുന്നത്. സത്യസന്ധവും യുക്തിസഹവുമായ ബൈബിൾ വായനയിലൂടെ നിഷ്പക്ഷമതികൾക്ക് അത് എളുപ്പത്തിൽ തിരിച്ചറിയാവുന്നതാണ്.

ഹോൾഗർ കെഴ്സ്റ്റെനും എൽമാർ ആർ ഗ്രൂബെറും ചേർന്നെഴുതിയ 'ജീസസ് കോൺസ്പിറസി' (Jesus conspiracy) എന്ന പുസ്തകത്തിൽ ഈ ശതാധിപനെ പറ്റി വിവരിക്കുന്നത് ഇപ്രകാരമാണ്:

‘പിലാത്തോസിന്റെ പ്രവൃത്തികൾ’ എന്ന അപ്പോക്രിഫാ ഇനത്തിൽ പെട്ട പുസ്തകത്തിൽ അദ്ദേഹത്തെ ലോംഗിനസ് എന്നാണ് വിളിക്കുന്നത്. അദ്ദേഹമാണ് ക്രൂശീകരണത്തിന് മേൽനോട്ടം വഹിച്ച പട്ടാള മേധാവി ന്യാസ്സയിലെ ഗ്രിഗറി സാക്ഷീകരിച്ച പാരമ്പര്യ പ്രകാരം ലോംഗിനസ് പിന്നീട് മാതൃരാജ്യമായ കാപഡോഷിയ (മദ്ധ്യ അനത്തോലിയ - ഇന്നത്തെ തുർക്കി)യിലെ ബിഷപ്പ് ആയി നിയമിക്കപ്പെട്ടു. ലോംഗിനസിന്റെ ഈ ഹൃദയ പരിവർത്തനം സൂചിപ്പിക്കുന്നത് ക്രൂശീകരണത്തിന് മുമ്പ് തന്നെ അദ്ദേഹത്തിന് യേശു ക്രിസ്തുവുമായും അദ്ദേഹത്തിന്റെ അനുയായികളുമായും ബന്ധമുണ്ടായിരുന്നുവെന്നാണ്. അദ്ദേഹം യേശുവിന്റെ രഹസ്യ ശിഷ്യൻ പോലുമായിരിക്കാം. ഈ ബന്ധം ക്രൂശീകരണ വേളയിൽ ഉണ്ടായ പല പ്രശ്നങ്ങളും മനസ്സിലാക്കാൻ ഉതകുന്നതാണ്. അരിമത്യക്കാരൻ ജോസഫും നിക്കോദമസും ശതാധിപനായ ലോംഗിനസ്സും യേശുവിന്റെ രഹസ്യശിഷ്യന്മാരായിരുന്നു. അവർ സ്വാധീനമുള്ള ഉന്നത സ്ഥാനീയരായിരുന്നതിനാൽ സംഭവിക്കാനിരിക്കുന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ നേരത്തെ അവർക്ക് അറിയാമായിരുന്നു. ജോസഫ് യഹൂദരുരെ ഉന്നത മതസഭയായ സനിദ്രത്തിലെ വളരെ ആദരണീയനായ വ്യക്തിയായിരുന്നു. ബി. സി രണ്ടാം നൂറ്റാണ്ടു മുതൽ ഈ മത കൗൺസിലാണ് യഹൂദരുടെ രാഷ്ട്രപരവും നിയമപരവും മതപരവുമായ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്തിരുന്നത്. ഉന്നത പുരോഹിതന്റെ കീഴിൽ എഴുപത് അംഗങ്ങളുള്ള ഒരു സഭയായിരുന്ന സനിദ്രിം. രാത്രിയുടെ മറവിൽ യേശുവിനാൽ ദീക്ഷ സ്വീകരിച്ച (യോഹന്നാൻ 3:1-22) ജോസഫ് സനിദ്രത്തിലെ ഒരു യഹൂദ കൗൺസിലർ ആയിരുന്നു. ജോസഫിനും നിക്കദോമസിനുമുള്ള ഉന്നത സ്ഥാനം കാരണം യേശുവിന്റെ ക്രൂശീകരണത്തിന്റെ സമയവും സ്ഥലവും മുൻകൂട്ടി അറിയാൻ തീർച്ചയായും അവർക്ക് സാദ്ധ്യമായിട്ടുണ്ടാവുകയും അവരുടെ ഗുരുവായ യേശുവിനെ രക്ഷിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും കഴിഞ്ഞിട്ടുണ്ടാകണം. മദ്ധ്യകാലഘട്ടത്തിൽ ഐതിഹാസികമായ വിശുദ്ധനായി ആദരിച്ച നിക്കോദമസിന് ഈ വിവരം മുൻകൂട്ടി ലഭിച്ചിട്ടുണ്ടാകുമെന്നതിന്റെ അനുരണനങ്ങൾ കേൾക്കാം. എഫ്രായിമിൽ (യോഹന്നാൻ: 11:30) യേശു ഉണ്ടായിരുന്നപ്പോൾ അദ്ദേഹം യഹൂദരാൽ ആക്രമിക്കപ്പെടുമെന്ന് നിക്കോദമസ്, മഗ്ദലനക്ക് അയച്ച കത്തിൽ പറയുന്നുണ്ട്. (The Jesus Conspiracy: by Holger Kersten & Elmar R.Gurber. 1994 p. 248. Element Books)

അതുപോലെ മറ്റൊരു ഉന്നതനായ പട്ടാള ഉദ്യോഗസ്ഥനാണ് കഫർണമിലെ ശതാധിപൻ. മൂന്ന് സുവിശേഷങ്ങളിലും ഇദ്ദേഹത്തെ പറ്റി വിവരണമുണ്ട്. ഇദ്ദേഹം സമൂഹത്തിൽ ഉന്നത ശ്രേണിയിലുള്ള റോമൻ പൗരനായ ശതാധിപനാണെന്ന് വിവരണങ്ങളിൽ നിന്നും മനസ്സിലാക്കാം. അസുഖബാധിതനായ തന്റെ ഭൃത്യനെ യേശു സുഖപ്പെടുത്തുന്നതായിട്ടാണ് സുവിശേഷങ്ങളിൽ വിവരിക്കുന്നത്. തന്നിലുള്ള ഇദ്ദേഹത്തിന്റെ വിശ്വാസം കണ്ട് യേശു പറഞ്ഞു: ‘ഞാൻ നിങ്ങളോട് പറയുന്നു ഇസ്രയേലിൽ പോലും ഇത്തരം വിശ്വാസം ഞാൻ കണ്ടിട്ടില്ല.’ (ലൂക്കോസ് 7: 1-10). മത്തായി (8:5-13), യോഹ: (4:46-54) എന്നീ സുവിശേഷങ്ങളിലും ചില വ്യത്യാസങ്ങളോടെ ഈ സംഭവം ആവർത്തിക്കുന്നുണ്ട്.

### കുരിശിൽ അൽപ്പസമയം

ക്രൂശീകരണത്തിൽ രക്തം വാർന്ന് മരിക്കുന്നതിനേക്കാൾ കുരിശിൽ ആണിയിൽ തൂങ്ങുന്ന മുന്നോട്ട് ആഞ്ഞ് ശ്വാസതടസ്സം (Asphyxia) നേരിട്ട് ക്രമേണയാണ് മരിക്കുക. ചുരുങ്ങിയത് മൂന്നോ നാലോ ദിവസങ്ങൾകൊണ്ടാണ് ക്രൂശിതൻ മരിക്കുക. യേശു കുരിശിൽ എത്ര സമയം തൂങ്ങിക്കിടന്നു എന്നതിനെ സംബന്ധിച്ച് ചില അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അത് 3 മണിക്കൂർ മുതൽ 6 മണിക്കൂർ വരെയാണെന്നാണ് പറയപ്പെടുന്നത്. ഏതായാലും ഒരാൾ മരിക്കാൻ മാത്രം ദൈർഘ്യമുള്ള സമയം യേശു കുരിശിൽ കിടന്നിട്ടില്ല എന്ന കാര്യം ഉറപ്പാണ്.

യേശുവിനെ ക്രൂശിക്കുന്നത് വെള്ളിയാഴ്ച്ചയാണ്, യഹൂദ കലണ്ടറിൽ ദിനം കണക്കാക്കുന്നത് റോമൻ സമ്പ്രദായത്തിലുള്ളത് പോലെ അർദ്ധരാത്രി മുതലല്ല. ഉദയം മുതൽ അസ്തമയം വരെയുള്ള പകലും അസ്തമയം മുതൽ ഉദയം വരെയുള്ള രാവും അടങ്ങുന്ന ദിനമായിട്ടാണ് കണക്കാക്കുക. വെള്ളിയാഴ്ച്ച സൂര്യാസ്തമയം ശേഷം ശനിയാഴ്ച്ച യഹൂദരുടെ പുണ്യദിവസമായ ശബത്ത് ദിനമാണ്. അതായത് അപ്പോൾ ക്രൂശീകരണം നടന്ന വെള്ളിയാഴ്ച്ച സന്ധ്യക്ക് ശേഷം കുരിശിൽ മൃതദേഹം തൂങ്ങി നിൽക്കുന്നത് യഹൂദ നിയമ പ്രകാരം അനുവദനീയമല്ല.

കുരിശ് സംഭവത്തിൽ യേശു എപ്പോൾ എത്രനേരം കുരിശിൽ കിടന്നു എന്നതിനെ പറ്റി സൂചനകളുണ്ട്.? ബൈബിൾ മാർക്കോസിൽ വിവരിക്കുന്നത് ഇപ്രകാരമാണ്.

‘മൂന്നാം മണിക്കൂറിലാണ് അവർ അവനെ ക്രൂശിച്ചത്’ (മാർക്കോസ് 15: 25) ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ നാട്ടിലെങ്ങും ഇരുട്ടു പരന്നു. ഒമ്പതാം മണിക്കൂറിൽ യേശു ഉറക്കെ നിലവിളിച്ചു: ***‘ഏലി, ഏലി ലമാ ശബക്താനി’.*** അതായത് ‘എന്റെ ദൈവമേ എന്റെ ദൈവമേ

ശേഷം പേജ് 42 ൽ

ലേഖനം

# ക്രിസ്തുമതത്തെ കുറിച്ച് നൂറ് ചോദ്യങ്ങൾ

മതം എന്നാൽ കേവല വിശ്വാസവും അതിശയങ്ങളും അത്ഭുതങ്ങളുമല്ല. ദൈവം തന്നെ സൃഷ്ടിച്ച പ്രാപഞ്ചിക നിയമങ്ങൾക്കും സംവിധാനങ്ങൾക്കും വിധേയമായിക്കൊണ്ടുള്ള മതപുരുഷന്മാരുടെ ധാർമികവും അധ്യാത്മികവുമായ ജീവിതമാതൃകകളും അധ്യാപനങ്ങളുമാണ്. ക്രിസ്തു മതം മുന്നോട്ടു വെക്കുന്ന ദൈവശാസ്ത്രത്തെ സംബന്ധിച്ച് ചില സംശയങ്ങളാണ് ചോദ്യരൂപത്തിൽ ഇവിടെ ആവിഷ്ക്കരിച്ചിട്ടുള്ളത്.

**സലീം അഹ്മദ്**

1. യേശുവിന്റെ ദൗത്യം ഇസ്റായേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങൾക്കിടയിലേക്കാണെന്നാണ് ബൈബിൾ പറയുന്നത്. അങ്ങനെയാണെങ്കിൽ യേശുവിന്റെ കാലത്ത് രണ്ട് ഗോത്രങ്ങൾ താമസിച്ചിരുന്ന ഫലസ്തിനിൽ മാത്രം യേശുവിന്റെ ദൗത്യം ചുരുങ്ങിയത് എന്ത് കൊണ്ട്? പന്ത്രണ്ട് ഗോത്രങ്ങളിൽ ബാക്കി പത്ത് ഗോത്രങ്ങളും പ്രവാസികളായി പുറത്ത് കഴിയുകയായിരുന്നു. ക്രിസ്തുമത വിശ്വാസ പ്രകാരം ഫലസ്തീനിൽ വെച്ച് യേശു ഉയിർത്തെഴുന്നേറ്റ് അവിടെ മാത്രം ജീവിച്ച് ആകാശാരോഹണം ചെയ്തുവെങ്കിൽ അവരിലേക്കൊന്നും പോകാത്ത യേശു തന്റെ ഉദ്യമത്തിൽ പരാജയപ്പെട്ടു എന്നല്ലേ അർത്ഥമാകുന്നത്?

2. ഒരു വശത്ത് യേശു ജാതികൾക്കിടയിൽ സുവിശേഷം പ്രസംഗിക്കുന്നത് പ്രത്യേകമായി തടയുകയും (മത്താ: 7:6, 15:24, 26) മറുവശത്ത് അനുയായികളോട് എല്ലാ ജനതകളിലും സുവിശേഷമറിയിക്കാനും പറഞ്ഞു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാന സ്നാനം ചെയ്യിക്കാനും പറയുന്നത് എന്തുകൊണ്ട്? (മത്തായി 28:19)

3. എന്തുകൊണ്ടാണ് യേശു ജാതികൾക്കിടയിൽ സുവിശേഷം പ്രസംഗിക്കുന്നത് നിരോധിക്കുകയും (മത്താ: 10:5, 7:6, 15:24-26). പക്ഷേ ഉയിർത്തെഴുന്നേൽപ്പിന് ശേഷം എല്ലാ ലോകത്തിലും സുവിശേഷം പ്രസംഗിക്കുക എന്ന് പറയുകയും ചെയ്തു. *(മാർക്കോ 16:15)*? അവസാനത്തെ പ്രസ്താവന വാസ്തവത്തിൽ യേശു പറഞ്ഞതായിരുന്നുവെങ്കിൽ എന്തുകൊണ്ട് ആദിമ സഭയിൽ ജാതികൾക്കിടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനെ പറ്റി കടുത്ത സംവാദങ്ങളുണ്ടായി പ്രത്യേകിച്ച് പത്രോസും പൗലൂസും തമ്മിൽ *(അപ്പോസ്തല പ്രവൃത്തികൾ 15: 6-30)*

4. എല്ലാ അടയാളങ്ങൾക്കും പുറമെ യേശു തന്നെ പറ്റി തന്നെ പറഞ്ഞ അടയാളം യോനായുടെ അടയാളമല്ലാതെ എനിക്ക് അടയാളമില്ല എന്നാണ്. *(ലൂക്കോസ് 11: 29)*, *മത്തായി* (12:39, 16). യോനായെ മത്സ്യം ജീവനോടെ വിഴുങ്ങുകയാണ് ഉണ്ടായത് അതിന്റെ വയറ്റിൽ ജീവനോടെ മൂന്നു ദിവസം ഇരുന്നു. യേശുവിൽ ഈ പ്രവചനം പൂർത്തീകരിക്കേണ്ടതിനാൽ അദ്ദേഹത്തിന് മൂന്ന് ദിവസം ഭൂമിയുടെ ഉള്ളിൽ ഇരിക്കേണ്ടതുണ്ടായിരുന്നു. ജീവനോടെ പുറത്ത് വരികയും വേണം. അദ്ദേഹം കുരിശിൽ മരിച്ചു പോയെങ്കിൽ ഈ അടയാളം എങ്ങനെ പുലരും?

5. യേശുവിന്റെ സന്ദേശം മനുഷ്യവംശത്തിന് ആകമാനമാണെങ്കിൽ എന്തുകൊണ്ട് അദ്ദേഹം തന്റെ അനുയായികളെ ജാതികൾക്കിടയിൽ സുവിശേഷം പ്രഘോഷിക്കുന്നതിൽ നിന്നും തടഞ്ഞു. *(മത്തായി 10:5-6)* ?

6. ഏതാണ് യഥാർത്ഥ മോക്ഷത്തിനുള്ള ഏക വഴി എന്ന് യേശുവിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി: 'നീ കൽപ്പനകൾ അനുസരിക്കുക' *(മത്തായി 19:17)* എന്നാണ്. മോശയുടെ കൽപ്പനകളിൽ ഒന്നാമത്തേത് ഞാനല്ലാതെ മറ്റ് ദേവന്മാർ നിനക്ക് ഉണ്ടാകരുത് എന്നാണ് *(പുറപ്പാട് 20:3)* യേശു ത്രിത്വത്തിന്റെ സ്വയം ഭാഗമാണെങ്കിൽ എന്തിനാണ് യേശു മേൽപറഞ്ഞ രൂപത്തിൽ ഒരു മറുപടി കൊടുത്തത്? യേശു അപ്പോൾ എന്തുകൊണ്ട് പിതാവ് പുത്രൻ പരിശുദ്ധാത്മാവ് ഇവരെ ആരാധിക്കലാണ് മോക്ഷമാർഗ്ഗം എന്ന് അവിടെ പരാമർശിച്ചില്ല.?

7. യേശു പറഞ്ഞത് അദ്ദേഹം വന്നത് ന്യായപ്രമാണം മാറ്റുവാനല്ല നിവർത്തിപ്പാനാണ് എന്നാണ്. (*മത്തായി* 5:17). മോസസിന്റെ ന്യായപ്രമാണം പഠിപ്പിക്കുന്നത് ഏക ദൈവം മാത്രമാണുള്ളത് എന്നും അവനെയാണ് ആരാധിക്കേണ്ടത് എന്നുമാണ്. യേശു ത്രിത്വ സങ്കൽപ്പമാണ് പ്രഘോഷിച്ചിരുന്നതെങ്കിൽ എന്തുകൊണ്ട് അദ്ദേഹം മോസസിന്റെ നിയമത്തിൽ നിന്നും വ്യത്യസ്തമായ ത്രിത്വ ദൈവ സങ്കൽപ്പമാണ് എനിക്ക് പ്രബോധിക്കാനുള്ളത് എന്ന് പറഞ്ഞില്ല. ?

8. യേശു പറഞ്ഞത് അദ്ദേഹത്തിന്റെ തലമുറയിലുള്ളവർ അദ്ദേഹത്തിന്റെ രണ്ടാം വരവിന് സാക്ഷ്യം വഹിക്കാതെ മരണപ്പെടില്ല എന്നാണ്. *(മാർക്കോസ് 9:1,*

*13:30*) എന്തുകൊണ്ട് ഈ പ്രവചനം പൂർത്തീകരിക്കപ്പെട്ടില്ല? അദ്ദേഹത്തിന്റെ തലമുറയുടെ കാലഘട്ടത്തിൽ എന്തുകൊണ്ട് യേശുവിന്റെ രണ്ടാം വരവുണ്ടായില്ല.?

9. ജനങ്ങളെ വിഡ്ഢികൾ എന്ന് വിളിക്കുന്നതിൽ നിന്നും ശിഷ്യന്മാരെ എന്തുകൊണ്ട് യേശു തടഞ്ഞില്ല.? യഹൂദ നേതാക്കളെ യേശു എന്തുകൊണ്ട് സർപ്പ സന്തതികളെ ജാര സന്താനങ്ങളെ എന്നീ കഠിന പദങ്ങൾ ഉപയോഗിച്ചു വിളിച്ചു?

10. ലൂക്കോസ് പറയുന്നത്. യേശുവിനെ യഹൂദന്മാർ വിചാരണ ചെയ്യുമ്പോൾ 'നീ ദൈവത്തിന്റെ പുത്രനാണോ?' എന്ന് ചോദിച്ചു. യേശു മറുപടി പറഞ്ഞത്: 'നിങ്ങൾ അങ്ങനെ പറയുന്നു' (ലൂക്കോസ്, 22:70) അതിനർത്ഥം നിങ്ങൾ അങ്ങനെ പറയുന്നു. പക്ഷേ ഞാൻ അങ്ങനെയല്ല എന്നല്ലേ? യേശു തന്റെ ദിവ്യത്വം സ്വയം തന്നെ വെളിപ്പെടുത്തുന്നതിനു പകരം, എന്തുകൊണ്ട് അദ്ദേഹത്തിന്റെ എതിരാളികൾ അങ്ങനെ പറയുന്നു എന്ന് ഉദ്ധരിക്കുകയും, സംശയമുണ്ടാക്കുന്ന രീതിയിൽ തന്റെ ദൈവിക സ്ഥാനം വ്യക്തമായി പ്രഖ്യാപിക്കാതിരിക്കുകയും ചെയ്തത്?

11. പഴയ നിയമത്തിൽ ദൈവ പുത്രൻ എന്ന പദം ദാവീദിനും (*സങ്കീർത്തനം 89:27*) ഇസ്രയേൽ വംശം (*പുറപ്പാട് 4:22*) ഇസ്റയേൽ മക്കൾ (*സങ്കീർത്തനം 82: 6*) സോളമൻ (1 *ദിനവൃത്താന്തം 22:10*) എന്നിവർക്കും ഉപയോഗിച്ചിട്ടുണ്ട്. യേശു സ്വയം തന്നെ സമാധാനം ഉണ്ടാക്കുന്നവർക്ക് ദൈവ പുത്രന്മാർ എന്ന് ഉപയോഗിച്ചിട്ടുണ്ട്. (*മത്തായി 5:9*) യേശു തന്നെ കുറിച്ച് ദൈവ പുത്രൻ എന്ന് പറഞ്ഞത് ആലങ്കാരികാർത്ഥത്തിൽ മാത്രമാണ്. അങ്ങനെയാണെങ്കിൽ ഈ വിശേഷണത്തിലെ അക്ഷരാർത്ഥവും ആലങ്കാരികാർത്ഥവും യേശു വിശദീകരിക്കാത്തതെന്ത്?



12. പഴയ നിയമത്തിലെ മിശിഹാ എന്ന പ്രവചനം പൂർത്തീകരണമായിട്ടാണ് യേശു ആഗതനായത്. യെശയ്യാ പുസ്തകത്തിൽ അതിന്റെ പ്രവചനമുണ്ട്. സഹനത്തിന്റെ സേവകനാണെന്നാണ് പ്രവചിക്കപ്പെട്ടിട്ടുള്ളത്. (*മത്തായി 8: 17 & യെശയ്യാ 53:4, ലൂക്കോസ്, 2:30, യെശയ്യാ 53:12*) എന്നിരുന്നാലും കൊല്ലപ്പെടുകയില്ല. പഴയ നിയമത്തിൽ പ്രവചനം ചെയ്യപ്പെട്ട മിശിഹാ കൊല്ലപ്പെടുകയില്ല. (*സങ്കീർ 34:19, യെശയ്യ 53:10*). പിന്നെയെങ്ങനെ യേശു കുരിശിൽ കൊല്ലപ്പെട്ടു.?

13. ജൂദാസ് തന്നെ ഒറ്റി കൊടുക്കുമെന്ന് യേശുവിന് അറിയാമായിരുന്നു. എങ്കിൽ എന്തുകൊണ്ട് അദ്ദേഹം തന്റെ ഒരു അനുയായിയായി തുടരാൻ ജൂദാസിനെ അനുവദിച്ചു.? എന്തുകൊണ്ട് തന്റെ അടുത്ത അനുയായി വൃന്ദത്തിൽ നിന്നും അദ്ദേഹത്തെ പുറത്താക്കാൻ മറ്റുള്ളവരോട് യേശു പറഞ്ഞില്ല.?

14. ജൂദാസ് തന്നെ ഒറ്റിക്കൊടുക്കുമെന്ന് യേശു മുൻകൂട്ടി അറിഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പന്ത്രണ്ട് ശിഷ്യന്മാർ പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരിക്കുമെന്ന് എന്തുകൊണ്ട് യേശു പ്രവചിച്ചു? പത്ത് ശിഷ്യന്മാരിലൊരാളായ ജൂദാസിനെ ഒഴിവാക്കേണ്ടതല്ലേ? (*മത്തായി 19:28*)

15. യേശു കുരിശിൽ മരിക്കുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ എന്തുകൊണ്ട് രാത്രി മുഴുവനും ഗെഥശമനയിൽ അദ്ദേഹം പ്രാർത്ഥനയിൽ മുഴുകി കഴിഞ്ഞു.? പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റേണമേ (*മത്തായി 26:39*)

16. മനുഷ്യന്റെ പ്രാർത്ഥനകൾ കേൾക്കപ്പെടുമെന്നാണ് യേശു പഠിപ്പിച്ചിരുന്നത്. (*മത്താ 21:22*) എന്തുകൊണ്ട് ഗഥ്ശെമനയിലെ യേശുവിന്റെ പ്രാർത്ഥനകൾക്ക് ഉത്തരമുണ്ടായില്ല,. യേശു ശിഷ്യരെ പഠിപ്പിച്ച പ്രകാരം എന്ത് ഫലമാണ് ഈ സംഭവം അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഉണ്ടാക്കിയത്?

17. യേശു ഗഥ്ശമനയിൽ വെച്ച് നടത്തിയ ഹൃദയ മുരുകിയുള്ള പ്രാർത്ഥന ദൈവം കേട്ടില്ല എന്നുണ്ടെങ്കിൽ എന്തുകൊണ്ട് യേശു തന്റെ ശിഷ്യന്മാരോട് ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ് എന്ന് പറഞ്ഞത്? അപ്പം ചോദിക്കുന്ന മകനു കല്ലു കൊടുക്കുന്ന ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ? (മത്തായി 7: 9-10) ഇതിനർത്ഥം മനുഷ്യന്റെ പ്രാർത്ഥനകൾ ദൈവം കേൾക്കുകയും തന്റെ മക്കൾക്ക് ഒരു പിതാവ് നൽകുവാൻ ആഗ്രഹിക്കുന്നതിനേക്കാൾ ദൈവം നൽകുകയും ചെയ്യും എന്നാല്ലോ. നൽകുന്നത് പോലെയും നൽകുമെ

ന്നാണ് ദൈവം ഉത്തരം നൽകുമെന്നാല്ലോ. അന്വേഷിക്കുവിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും പ്രാർത്ഥനയിൽ നിങ്ങൾ എന്താനോ ചോദിക്കുന്നത് അത് നൽകപ്പെടും. നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ *(മത്തായി 21: 22, യോഹന്നാൻ 11 : 41, 42)*

18. ഗെഥശമനയിൽ വെച്ചുള്ള യേശുവിന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെട്ടിട്ടില്ലെങ്കിൽ പിന്നെയെന്തിനാണ് അദ്ദേഹം തന്റെ ശിഷ്യന്മാരോട് സാക്ഷ്യം വഹിക്കാൻ ആവശ്യപ്പെട്ടത്? യേശുവിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടില്ലെങ്കിൽ ഈ കഥയുടെ പ്രയോജനം എന്താണ്?

19. എന്തുകൊണ്ടാണ് മത്തായി 26:39, മാർക്കോസ് 14: 36 ലൂക്കോസ് 22: 42 എന്നീ സുവിശേഷകന്മാർ പാന പാത്രം എന്നിൽ നിന്നകറ്റാൻ പറഞ്ഞപ്പോൾ യോഹന്നാൻ (18: 11) പിതാവ് എനിക്ക് തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടേ? എന്ന് പറഞ്ഞ് ക്രൂശീകരണത്തിന് വേണ്ടി ധൃതി കൂട്ടിയത് എന്തിന്?

20. പോണ്ടിയസ് പിലാത്തോസ് എന്തുകൊണ്ട് അദ്ദേഹത്തിന്റെ ഭാര്യ യേശുവിനെ കുറിച്ച് കണ്ട സ്വപ്നം അവഗണിച്ചത്? *(മത്തായി 27: 19)*. കുരിശ്മരണമാണ് യേശുവിന്റെ മരണമാണ് അദ്ദേഹത്തിന്റെ ദൗത്യമെങ്കിൽ എന്തുകൊണ്ട് പീലാത്തോസിന്റെ ഭാര്യക്ക് ദൈവം ഒരു സ്വപ്നം കാണിച്ചു കൊണ്ട് യേശുവിനെ രക്ഷിക്കാൻ അവരുടെ ഭർത്താവിനോട് രക്ഷിക്കാൻ പ്രേരിപ്പിച്ചത്? കയും ചെയ്തു. അത് ദൈവത്തിന്റെ വിരുദ്ധമായ മറ്റൊരു പദ്ധതിയായിരുന്നില്ലേ? അങ്ങനെയാണെങ്കിൽ അത് ദൈവത്തിന്റെ പദ്ധതിക്ക് വിരുദ്ധമായ ഒന്നായിരുന്നില്ലേ?

21. പീലാത്തോസിന് യഥാർത്ഥത്തിൽ യേശുവിനെ കുരിശിൽ കയറ്റികൊല്ലാനാണ് ഉദ്ദേശമെങ്കിൽ എന്തുകൊണ്ട് അദ്ദേഹം ക്രൂശീകരണം പിറ്റേന്ന് ശബത്ത് ദിനം വരുന്ന വെള്ളിയാഴ്ച്ച വൈകീട്ട് നിശ്ചയിച്ചു.?

22. താൻ കുരിശു മരണത്തിന് വിധിക്കപ്പെടും എന്ന് യേശുവിന് അറിയുകയും അത് അദ്ദേഹത്തിന്റെ സുനിശ്ചിതമായ ജീവിത ലക്ഷ്യവുമായിരുന്നുവെങ്കിൽ എന്തുകൊണ്ട് അദ്ദേഹം കുരിശിൽ വെച്ച് അമ്പരപ്പോടെ 'ഏലി ഏലി ലാമാ ശബക്താനി' എൻ ദൈവമെ, എൻ ദൈവമെ നീ എന്നെ കൈവിട്ടതെന്ത്?' *(മത്തായി 27:46)* എന്ന് പറഞ്ഞത്?

23. യേശു മരണാസന്നനായ നിലയിൽ അദ്ദേഹത്തിന് എങ്ങനെയാണ് വ്യക്തവും ഉച്ചത്തിലും നിലവിളിക്കാൻ കഴിയുക? *(യോഹന്നാൻ 19: 28)*

24. എന്തുകൊണ്ട് യേശുവിന്റെ കുരിശിലുള്ള വചനങ്ങൾ '***ഏലി ഏലി ലാമാ ശബക്താനി'*** (മത്തായി 27:46) എന്ന് അരാമിക് ഭാഷയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.? യാതൊരു പ്രതീക്ഷയുമില്ലാത്ത ഒരു മനുഷ്യന്റെ വാവിട്ട നിലവിളിയല്ലേ ഇത് ?

25. വിനാഗിരി എന്നത് ഉത്തേജനമാണ് ഉണ്ടാക്കുക. ഉപ്പ് വാസനിക്കുകയും ചെയ്യും. യേശുവിന്റെ കാര്യത്തിൽ ഇത് പെട്ടെന്ന് മരണത്തിലേക്ക് നയിച്ചത് എന്തുകൊണ്ട്? *(യോഹന്നാൻ 19: 29, 30)*

26. ഒരു മനുഷ്യൻ കുരിശിൽ മരിച്ചാലും ബോധശൂന്യനായാലും *(മാർക്കോസ് 15: 39)* ഒരു സാധാരണ കാഴ്ച്ചകാരന്ന് എങ്ങനെയാണ് വ്യത്യാസം തിരിച്ചറിയുക.? പ്രത്യേകിച്ച് ആ സമയത്ത് ഇരുട്ട് വ്യാപിച്ചിരുന്നു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. *(മാർക്കോസ് 15: 33, മത്തായി 27:45, ലൂക്കോസ് 23: 44)*

27. കുരിശിൽ നിന്നുമെടുക്കുമ്പോൾ യേശു മരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും രക്തവും വെള്ളവും തുള്ളിച്ചുവന്നത് എന്ത്കൊണ്ട്? കാരണം മൃതദേഹത്തിൽ നിന്നും രക്തവും വെള്ളവും തുള്ളിച്ചു വരികയില്ലല്ലോ? *(യോഹന്നാൻ: 19:34)*

28. യേശുവിനോടൊപ്പം കുരിശിൽ തറച്ച മറ്റു രണ്ട്പേരെ കുരിശിൽ നിന്ന് ഇറക്കുമ്പോൾ മരിച്ചിരുന്നില്ല. എന്നാൽ യേശു മാത്രമാണ് മരിച്ചത്. അവർ രണ്ടു പേരുടെയും കാല് തല്ലിയൊടിച്ചു മരണത്തിന് വേഗം കൂട്ടുകയാണുണ്ടായത്. എന്തുകൊണ്ട് അരോഗദൃഢ ഗാത്രനും യുവാവുമായ യേശു വേഗം മരിച്ചു പോയത്?

29. മരിച്ച വിശുദ്ധർ അവരുടെ കല്ലറകളിൽ നിന്നും ഉയിർത്തെഴുന്നേറ്റു അനേഅകം പേർക്കു പ്രത്യക്ഷനായി *(മത്തായി 27: 52)* ഈ മാഹാത്ഭുതം കണ്ടു നിന്ന യഹൂദന്മാർ ഉടൻ തന്നെ എന്തുകൊണ്ട് യേശുവിൽ വിശ്വസിച്ചില്ല.? ഉയിർത്തെഴുന്നേറ്റ ആ വിശുദ്ധന്മാർ പിന്നീട് എങ്ങോട്ട് പോയി?. ആരാണ് അവരെ കണ്ടത്? മത്തായിയിലല്ലാതെ മറ്റു സുവിശേഷങ്ങളിൽ ഈ കഥയില്ലാത്തതെന്ത് കൊണ്ട്?

30. മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ വിശുദ്ധന്മാരുടെ കഥ യഥാർത്ഥ ചരിത്ര വസ്തുകളെ അവലംബമാക്കിയല്ലെങ്കിൽ മറ്റ് എന്തെല്ലാം പ്രസ്താവനകളാണ് ചരിത്ര വസ്തുതകൾക്ക് നിരക്കാത്തത്?

31. പ്രവാചകന്മാരെ വധിക്കുന്നത് സഖരിയായുടെ വധത്തോടെ അവസാനിച്ചു *(മത്തായി 23:35, 36)* എന്നാണ് യേശു പറഞ്ഞത്. പക്ഷേ യഹൂദർ മറ്റൊരു പ്രവചകനെ കൊല്ലുന്നതിൽ വിജയിച്ചത് എന്ത് കൊണ്ട്?

32. കുരിശ് മരണം എന്നത് ശപ്തമരണമാണ്. *(ആവർത്തനം 21: 23)* യേശു ക്രൂശിതനായാണ് മരിച്ചത്. എങ്കിൽ അദ്ദേഹവും ശാപമരണമല്ലേ വരിചത്?

33. എന്തുകൊണ്ടാണ് റോമൻ പട്ടാളക്കാരൻ ജോസഫിനെ യാതൊരു തടസവുമില്ലതെ യേശുവിന്റെ ശരീരം കുരിശിൽ നിന്നും എടുക്കാൻ യാതൊരു അധികാരവുമില്ലാത്ത ജോസഫിനെ അനുവദിച്ചത്?

34. യേശുവിനെ കുരിശിൽ നിന്നും ഇറക്കിവെച്ച ജോസഫ് അമരിത്യനോ നിക്കോദമസോ യേശു കുരിശിൽ നിന്നിറക്കുമ്പോൾ മരിച്ചു എന്നൊരു സാക്ഷ്യം നൽകുന്നില്ല. ഇത്തരത്തിൽ ഒരു ദൃക്സാക്ഷിയുടെ സാക്ഷ്യം ഉണ്ടായിരുന്നുവെങ്കിൽ നിസ്സംശയം നമുക്ക് മരണം സ്ഥിരീകരിക്കാമായിരുന്നു.

35. യേശുവിന്റെ ശരീരം അടുത്ത ബന്ധുക്കളാണ് ഏറ്റുവാങ്ങേണ്ടത്. പക്ഷേ വളരെ ത്യാഗങ്ങൾ സഹിച്ച് ജോസഫും നിക്കോദമസും യേശുവിന്റെ ക്രൂശിത ശരീരം ഏറ്റുവാങ്ങുന്നത് എന്തിനാണ്?

36. എന്തുകൊണ്ട് പിലാത്തോസ് ജോസഫ് അമരിത്യാനു യേശുവിന്റെ ശരീരം വിട്ടുകൊടുക്കാൻ പീലാത്തോസ് സമ്മതിച്ചു.

37. ക്രൂശീകരണം എന്നത് സാവകാശമുള്ള ഒരു മരണമാണ്. സാധാരണഗതിൽ ചില ദിവസങ്ങൾ തന്നെ എടുത്താണ് മരണം സംഭവിക്കുക. ശരീര ശോഷണം, ശ്വാസ തടസ്സം ശരീരം മുന്നോട്ട വളഞ്ഞ് പുളയൽ അങ്ങനെ കുരിശിൽ ക്രൂശിത ശരീരം തൂങ്ങി നിൽക്കുമ്പോൾ വന്യമൃഗങ്ങളും പക്ഷികളും ശരീരം കൊത്തിവലിച്ചിട്ടാണ് കുരിശിൽ മരണം സംഭവിക്കുക. ഇവിടെ ഏതാനും മണിക്കൂറുകൾക്കുള്ളിൽ മരണം സംഭവിച്ചത് എന്തുകൊണ്ട്?

38. കുരിശിൽ വെച്ച് ഇത്ര ചുരുങ്ങിയ സമയത്തിന്നുള്ളിൽ യേശു മരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിൽ പിലാത്തോസ് യേശു ഇത്ര നേത്തെ മരിച്ചുവോ? എന്ന് ആശ്ചര്യപ്പെട്ടതെന്ത് കൊണ്ട്?

39. കാവൽക്കാർ ഉറങ്ങുമ്പോൾ യേശുവിന്റെ ശിഷ്യന്മാർ മൃതദേഹം മോഷ്ടിച്ചു കൊണ്ടു പോകുന്നത് നോക്കാൻ കാവൽക്കാർക്ക് യഹൂദർ കൈക്കൂലി നൽകിയത് എന്ത്കൊണ്ട്?

40. എന്തുകൊണ്ട് യഹൂദന്മാർ അവർ സ്വയം തന്നെ കല്ലറയിൽ പോയി പരിശോധിക്കാത്തത്? അവർ യേശുവിനെ ക്രൂശിക്കാൻ ധാരാളമായി പരിശ്രമിച്ചതല്ലേ? യേശുവിന്റെ ഒരു സ്നേഹിതനാണ് ശരീരം എടുത്തു മാറ്റിയത്. യേശുവിന്റെ മാതാവും മേരി മഗ്ദലനയും കല്ലറ സന്ദർശിക്കുന്നതിന് മുമ്പേ മൃതദേഹം മോഷ്ടറിക്കുമെന്ന് സംശയമുള്ള യഹൂദികൾ എന്തുകൊണ്ട് കല്ലറ സന്ദർശിച്ചില്ല.?

41. എന്തുകൊണ്ട് ജോസഫ് അരിമത്യയും നിക്കോദമസും കുരിശിൽ നിന്നും യേശുവിനെ ഇറക്കിയ ശേഷം കല്ലറയിൽ യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് കാണാനുണ്ടായില്ല.?

42. ജൂതന്മാർ യഥാർത്ഥത്തിൽ യേശു മരിച്ചുവെന്ന് വിശ്വസിച്ചിരുന്നുവോ? അങ്ങനെ അവർ വിശ്വസിച്ചിരുന്നുവെങ്കിൽ എന്തുകൊണ്ട് ഒരു റോമൻ കാവൽക്കാരനെ കല്ലറക്ക് മുന്നിൽ നിർത്താൻ ആവശ്യപ്പെട്ടത്? മത്തായി യഹൂദന്മാർ വിശദീകരിക്കുന്നതായി പറയുന്നത് യേശുവിന്റെ അനുയായികൾ പ്രചരിപ്പിച്ച കിംവദന്തി യേശു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുനേൽക്കുമെന്നായിരുന്നു. എന്തായിരുന്നാലും യഹൂദർ കല്ലറക്ക് കാവൽ ആവശ്യപെട്ടതിന് കാരണം ഇതായിരുന്നു. ഇത് യഥാർത്ഥത്തിൽ ശിഷ്യന്മാർ വിശ്വസിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് ഉയിർത്തെഴുന്നേറ്റതിന്റെ തെളിവ് യഹൂദർ അവരോട് ആവശ്യപ്പെട്ടില്ല. ശിഷ്യന്മാർ അപ്രകാരം ചെയ്തിരുന്നുവെങ്കിൽ യഹൂദന്മാർ അദ്ദേഹത്തിനെ വീണ്ടും അറസ്റ്റ് ചെയ്യുമെന്ന് അനുമാനിക്കാമായിരുന്നു.

43. യഹൂദമാർ ഇപ്രകാരം ആശങ്കപ്പെട്ടിട്ടും റോമൻ കാവൽക്കാർ യേശുവിന്റെ ശരീരം മാറ്റുന്നതിൽ താൽപര്യം കാട്ടാത്തത് എന്തുകൊണ്ട്?

44. ഉയിർത്തെഴുന്നേൽപ്പ് ഒരു പ്രകൃത്യാതീത സംഭവമായിരുന്നുവെങ്കിൽ കല്ലറയുടെ കല്ല് നീക്കപ്പെട്ടത് എന്തുകൊണ്ട്? (*മത്താ 28: 2*)

45. മേരി മഗ്ദലനയും യേശുവിന്റെ മാതാവ് മറിയമും യേശുവിനെ കാണുമ്പോൾ അദ്ദേഹം തോട്ടക്കാരന്റെ വേഷമായിരുന്നു ധരിച്ചിരിന്നത്. (*യോഹന്നാൻ: 20: 15*) എവിടെ നിന്നാണ് യേശുവിന് ഈ വേഷം ലഭിച്ചത്. യേശു ധരിച്ചിരുന്ന വസ്ത്രം കാവൽക്കാർ വീതിച്ചെടുത്തിരുന്നു. (*യോഹന്നാൻ 19: 23*) അത് ജോസഫ് അമരിത്യാനിലൂടെയും നിക്കോദമസിലൂടെയുമായിരുന്നില്ല. കാരണം അവർ ഔഷധങ്ങളും മീറയും ലിനൻ തുണിയും മാത്രമാണ് കൊണ്ടു വന്നത്. സാധാരണക്കാരന്റെ വസ്ത്രം ധരിക്കുന്നതിന് പകരം എന്തിനാണ് യേശു തോട്ടക്കാരന്റെ വേഷം ധരിച്ചതിന്റെ പ്രാധാന്യം?. അതൊരു വേഷ പ്രഛന്നനാകലാണോ? അങ്ങനെയാണെങ്കിൽ എന്ത് ഉദ്ദേശത്തിലാണ് അത് ചെയ്തത്?

46. യേശു മരിച്ചെങ്കിൽ കല്ലറ സന്ദർശിച്ച സ്ത്രീ എന്തുകൊണ്ടാണ് സംഭീതയായത്?. (*മാർക്കോസ് 16: 8*) യേശുവിനെ കൊല്ലുന്നതിൽ യഹൂദന്മാർ വിജയിച്ചിരുന്നുവെങ്കിൽ ആ സ്ത്രീ എന്തിനു പരിഭ്രാന്തയായി?

47. മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ ശേഷം യേശു മരണത്തെ അതിജയിച്ചു അപ്പോൾ എന്തിനാണ് ഉയിർത്തെഴുന്നേൽപ്പിന് ശേഷം അദ്ദേഹം യഹൂദരെ കാണുന്നത് ഭയപ്പെട്ടത്? മരണത്തിന് അദ്ദേഹത്തിന്റെ മേൽ യാ

തൊരു ശക്തിയും ഇല്ലാതിരിക്കെ എന്തിനാണ് യേശു യഹൂദരെ ഭയപ്പെട്ടത്?

48. എന്തുകൊണ്ടാണ് യേശു ഉയിർത്തെഴുന്നേൽപ്പിനു ശേഷം വേഷ പ്രച്ഛന്നനായതും അദ്ദേഹത്തിന്റെ ശിഷ്യന്മാർക്ക് മാത്രം പ്രത്യക്ഷമായതും? തീർച്ചയായും ഇത് അദ്ദേഹത്തിന്റെ മഹത്തായ ദിവ്യശക്തിയുടെ പ്രകടനവും അദ്ദേഹത്തിന്റെ സൃഷ്ടിയുടെ സാക്ഷാത്തക്കാരവുമായിരിക്കും. പക്ഷേ ഇതെല്ലാം രഹസ്യമായി സൂക്ഷിക്കാനുള്ള കാരണമെന്താണ്?

49. യേശു ഉയിർത്തെഴുന്നേറ്റ യേശുവാണെങ്കിൽ എന്തുകൊണ്ട് യേശു അടഞ്ഞ വാതിലിനു പിറകിൽ വെച്ച് ശിഷ്യന്മാരെ സമീപിച്ചത്?

50. യേശു എത്ര തവണയാണ് ആകാശത്തേക്ക് ആരോഹണം ചെയ്തത്?. (*ലൂക്കോസ് 23: 43*) യേശുവിനോടൊപ്പം ക്രൂശിതനായ ഒരാളോട് യേശു പറഞ്ഞത് ആ ദിവസം ഞാൻ നിന്നോടൊപ്പം പറുദീസയിൽ ഉണ്ടായിരിക്കും എന്നാണ്. അതിനർത്ഥം യേശു തന്റെ മരണത്തിനു ശേഷം പറുദീസയിൽ പോയി വീണ്ടു ഭൂമിയിൽ വന്നു എന്നാല്ലോ പിന്നീട് ആകാശത്തേക്ക് വീണ്ടും ആരോഹണം ചെയ്തു. എന്നുമാണല്ലോ. യോഹന്നാൻ സുവിശേഷമനുസരിച്ച് മറ്റൊരു ആരോഹണവുമുണ്ട്. മഗ്ദലന മറിയം യേശുവിനെ സ്പർശിക്കട്ടെ എന്ന് ചോദിച്ചപ്പോൾ യേശു അവരെ അതിൽ നിന്നു വിലക്കുകയും ഞാൻ ഇപ്പോഴും പിതാവിന്റെ അടുക്കലേക്ക് പോയിട്ടില്ല എന്ന് പറയുകയും ചെയ്തു. (*യോഹന്നാൻ: 20:17*). പിന്നീട് യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായപ്പോൾ അദ്ദേഹം തോമസിനെ സ്പർശിക്കാൻക്ഷണിക്കുകയുണ്ടായി.(*യോഹന്നാൻ: 20:17*) അതിനർത്ഥം യേശു മൂന്ന് തവണ ആകാശാരാഹോണം നടത്തുകയും തിരിച്ചുവരികയു ചെയ്തു എന്നല്ലേ?

(തുടരും)

**പേജ് 8 ൽ നിന്ന്**

മായ കൽപ്പനയെ ലംഘിക്കലാണ്.

ഒരാൾക്ക് മോക്ഷം ലഭിക്കുന്നത് ദൈവകൃപ കൊണ്ടാണ്, അല്ലാതെ ഒരാളുടെ പ്രവർത്തനത്തിന്റെ ശക്തി കാണിക്കുന്നതിലൂടെയല്ല. യാത്രക്കാരനും രോഗിയും നോമ്പുകാരനാണെങ്കിൽ അവർ ആജ്ഞാലംഘകരാണ്. അല്ലാഹുവിന്റെ കൽപ്പനകൾ അനുസരിക്കുക എന്നതാണ് തഖ്‌വ.

അല്ലാഹുവിന്റെ തൃപ്തിയിലൂടെ ചരിച്ചുകൊണ്ട് റമദാൻ കഴിച്ചുകൂട്ടാനുള്ള കഴിവ് അല്ലാഹു നമുക്ക് നൽകട്ടെ. നമ്മുടെ തഖ്‌വയുടെ നിലവാരം ഉയർത്താൻ നമുക്ക് സൗഭാഗ്യം നൽകട്ടെ. നാം എപ്പോഴും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പിന്തുടരുന്നവരാകട്ടെ. ഈ റമദാനിൽ അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുമാറാകട്ടെ. എല്ലാ ദിവസവും നമുക്ക് അനുഗ്രഹങ്ങളും കാരുണ്യങ്ങളും ലഭിക്കട്ടെ. റമദാനിൽ നിന്ന് നമ്മൾ യഥാർഥ പ്രയോജനം ഉൾകൊള്ളുന്നവരാകട്ടെ. ഈ റമദാൻ നമ്മെ അല്ലാഹുവിനോട് കൂടുതൽ അടുക്കുന്നതാക്കി തീർക്കട്ടെ. സ്വീകാര്യമായ പ്രാർത്ഥനകൾക്കും സൗഭാഗ്യം നൽകട്ടെ,

ലോകമെമ്പാടുമുള്ള അഹ്മദികൾ ജമാഅത്തിന്റെ പുരോഗതിക്കും എല്ലാ പ്രയാസങ്ങളും നീങ്ങാനും ദുആ ചെയ്യുക. ഭരണകൂടങ്ങളുടെയും ദ്രോഹികളുടേയും എല്ലാ തിന്മകളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ബന്ധനസ്ഥരുടെ മോചനത്തിനായി ദുആ ചെയ്യുക. നമ്മുടെ ഒരു ഇടർച്ച കാരണം ഒരിക്കലും വിട്ടുപോകാത്ത വിധത്തിൽ അല്ലാഹുവിന്റെ കോന്തല മുറുകെ പിടിക്കാനും, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ മഴ എപ്പോഴും നമ്മിൽ പെയ്തിറങ്ങാനും ദുആ ചെയ്യുക. മുസ്‌ലിം ലോകത്തിനു വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അവർക്ക് ജ്ഞാനവും വിവേ കവും നൽകട്ടെ. അവർ ആഗതരായ വാഗ്ദത്ത മസീഹിലും വാഗ്ദത്ത മഹ്ദിയിലും വിശ്വസിക്കുന്നവരായിതീരട്ടെ. യുദ്ധത്തിന്റെ ദോഷഫലങ്ങൾ ഒഴിവാകാനും പ്രാർത്ഥിക്കുക. മുസ്‌ലീം രാജ്യങ്ങളിൽ അധികാരത്തിനുവേണ്ടി നടക്കുന്ന യുദ്ധ ഫലമായി നിരപരാധികളായ പൊതു സമൂഹം ദ്രോഹത്തിന്റെ ചക്കിൽ അരക്കപ്പെടുകയാണ്. അല്ലാഹു അവരോട് കരുണ കാണിക്കുകയും ഈ അക്രമികളിൽനിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥകൾക്കുവേണ്ടിയും പ്രാർത്ഥിക്കുക. യുദ്ധത്തിൽ നിന്നും അതിന്റെ അപകടകരമായ പ്രത്യാ ഘാതങ്ങളിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. യുദ്ധമുണ്ടായാൽ, അഹ്മദികൾക്കും അത് ബാധിക്കുമെന്ന് വ്യക്തമാണ്. അതിൽ നിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ഇതൊഴിവാക്കാൻ ഓരോ അഹ്മദിയും തന്റെ തഖ്‌വയുടെ നിലവാരം ഉയർത്തേണ്ടതായി വരും.

**കച്ചവടത്തിൽ വ്യാജം**

**അബ്ദുറഹ്മാനുബ്നു അബീ ഔഫ്(റ) നിവേദനം:**
**ഒരു മനുഷ്യൻ തന്റെ ചരക്ക് അങ്ങാടിയിൽപ്രദർശിപ്പിച്ച് താൻ അതിന്ന് നൽകാത്ത വില നൽകിയിട്ടുണ്ടെന്ന് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് പറഞ്ഞു. മുസ്‌ലിംകളിൽ പെട്ട ഒരു മനുഷ്യൻ അതു സ്വീകരിക്കുവാൻ വേണ്ടി. അപ്പോൾ അല്ലാഹു അവതരിപ്പിച്ചു. (നിശ്ചയം അല്ലാഹുവിന്റെ കരാറുകളും തങ്ങളുടെ സത്യങ്ങളും തുച്ഛമായ വിലക്ക് വിൽക്കുന്നവർ . . . ആലും-ഇംറാൻ: 77). (ബുഖാരി.)**

ഇത് തന്നെയാണ് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുള്ളത്. അല്ലാഹു എല്ലാവർക്കും അതിന് തൗഫീഖ് നൽകട്ടെ. ഇവിടെയും യുകെയിൽ മുസ്ലീങ്ങളെ ബുദ്ധിമുട്ടിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി തോന്നുന്നു. അതിന്റെ തിന്മയിൽനിന്ന് നമ്മെയും ഇവിടുത്തെ ബാക്കിയുള്ള മുസ്ലീങ്ങളെയും അല്ലാഹു കാത്തുരക്ഷിക്കട്ടെ. ആമ്മീൻ.

**പേജ് 11 ൽ നിന്ന്**

ര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്.”*(മൽഫൂദാത്ത് വാള്യം 4 പേജ് 288)*

● ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.(മൽഫൂദാത്ത് വാള്യം 9 പേജ് 196)

### തീവ്രയത്നം അനിവാര്യം

‘അല്ലാഹുത്തആല ഇസ്ലാംദീനിൽ 5 മുജാഹദാത്ത്‘(തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്ലീംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക.”*(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാ*



**പേജ് 17 ൽ നിന്ന്**

തീർച്ചയായും ചില പ്രത്യേക മേഖലയിൽ മാത്രമേ മനുഷ്യന് അവന്റെ സ്വാധീനം ഉപയോഗിക്കാൻ സാദ്ധ്യമാകൂ. ഉദാഹരണത്തിന്, അമിതമായ തീറ്റയും കുടിയും,. വിഷയലംബടത്തം, അമിതമായ ജീവിത ശൈലിയിൽ മുഴുകൽ, എന്നീ ചുരുങ്ങിയ മേഖലകളിൽ മാത്രമാണ് മനുഷ്യന് അവന്റെ സ്വതന്ത്രമായ ഇച്ഛാശക്തി പ്രയോഗിക്കാനാവുക. ഈ മേഖലകളിൽ മനുഷ്യൻ നടത്തുന്ന സംഹാര താണ്ഡവം നമുക്ക് നന്നായറിയാം.

മനുഷ്യന്റെ ശരീരത്തിനകത്ത് ഏറ്റവും ഭദ്രമായ ഒരു ആഘാത പരിഹാര സുരക്ഷാ സംവിധാനമുണ്ടായിട്ടും മനുഷ്യൻ ലഭിക്കുന്ന ലൈസൻസ് അവൻ തനിക്കെതിരെ തന്നെ അമിതത്വം പ്രവർത്തിക്കാനാണ് വിനിയോഗിക്കുന്നത്. ഒരു പരിധിവരെ ഈ സുരക്ഷാസംവിധാനം രൂപകൽപ്പന ചെയ്തത് നിരവധി പിഴവുകളോട് അനുരജ്ഞനപ്പെട്ട് പോവാനാണ്. എന്നാൽ മനുഷ്യൻ എല്ലാ പരിധിയും ലംഘിച്ച് ആത്മഹത്യാപരമായ പിഴവുകൾ തുടരുകയാണെങ്കിൽ ശിക്ഷാ നടപടികളുടെ വ്യവസ്ഥ മേൽകൈനേടും. ആ അവസ്ഥയിലും രോഗവും ആരോഗ്യവും തമ്മിലുള്ള മരണവും ജീവിതവും തമ്മിലുള്ള പോരാട്ടം ആരംഭിക്കുന്നേയുണ്ടാവും. അപ്പോഴും നാശകരമായ ശക്തികൾക്കെതിരെ ആവശ്യമായ ഉപാധികൾ ഓരോ ഘട്ടത്തിലും നൽകപ്പെട്ടുകൊണ്ട് ഈ പോരാട്ടം നീട്ടികൊണ്ട് പോകുകയാണ് ചെയ്യുന്നത്. (വിവ: എ.എം)

### ഫസലെ ഉമർ റെസിഡൻഷ്യൽ ക്ലാസ്

കരുളായി, ഫസലെ ഉമർ പബ്ലിക്ക് സ്കൂളിന്റെ കീഴിൽ കേരളത്തിലുള്ള അഹ്മദി ആൺകുട്ടികൾക്കായി 4-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ സി ബി എസ് സി സിലബസ് അനുസരിച്ച് ഉന്നത നിലവാരമുള്ള വിദ്യഭ്യാസവും അതിനോടനുബന്ധിച്ച് ഉറുദു-അറബി പഠനവും ദീനി വിദ്യാഭ്യാസവും സ്ഥിരം പള്ളിയുമായി ബന്ധപ്പെടാനുള്ള അവസരവും ഒരുക്കിക്കൊണ്ട് റസിഡൻഷ്യൽ രീതിയിൽ ക്ലാസുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നു. വഖഫെനൗ വിദ്യാർത്ഥികൾക്കും ജാമിഅയിൽ പോകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കും ഉന്നത നിലവാരത്തിൽ തുടർ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഇത് വളരെയധികം പ്രയോജനപ്പെടും. അഹ്മദി വിദ്യാർത്ഥികൾക്ക് പരസ്പരം സുദൃഢമായ ബന്ധം നില നിർത്തുന്നതിനും പ്രയോജനപ്രദമായിരിക്കും.

താൽപര്യമുള്ള രക്ഷിതാക്കന്മാർ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ച് ചേരാനുള്ള സന്നദ്ധത ഉറപ്പായും അറിയിക്കുക. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അഡ്മിഷനുള്ള തയ്യാറെടുപ്പുമായി മുന്നോട്ടു പോകുന്നതാണ്. വിവരം അറിയിക്കേണ്ട അവസാന തിയ്യതി. 2024 ഏപ്രിൽ 15

ഫോൺ നമ്പർ: 9446158818

***സി എച്ച് സിദ്ധീഖ്***

ചെയർമാൻ, ഫസലെ ഉമർ പബ്ലിക് സ്കൂൾ, കരുളായി.

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## ഖലീഫത്തുൽ മസീഹ് അവ്വൽ رضی اللہ عنہ

ഇബ്നു വഫാ ബേപ്പൂർ

### അഭിപ്രായ ഭിന്നതകളും മുഹമ്മദ്അലി സാഹിബിന്റെ കൗശലവും

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് പറയുകയാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കഠിനമായ രോഗത്താൽ ബുദ്ധിമുട്ടുന്ന അവസാന നാളുകളിൽ ജമാഅത്തിനകത്തും പുറത്തും ഖിലാഫത്തു വിരോധികൾ അഭിപ്രായ ഭിന്നതകളെ കുറിച്ചുള്ള ചർചകളും ജമാഅത്തു വിരുദ്ധ സംസാരങ്ങളും നടത്താൻ തുടങ്ങി. ഒരു തരത്തിൽ പറഞ്ഞാൽ ആ സമയം അത്തരക്കാരെ നിയന്ത്രിക്കുവാനോ ഗുണദോഷിക്കുവാനോ ഉപദേശ നിർദേശങ്ങളിലൂടെ അവരെ നേർവഴിക്കു നടത്തുവാനോ ഒരു നാഥനില്ലാത്ത അവസ്ഥയായിരുന്നു. അതിനാൽ ഈയൊരു സാഹചര്യത്തിന്റെ അപകടം മനസ്സിലാക്കി ഞാനൊരു വിജ്ഞാപനം തയ്യാറാക്കി. അതിൽ പ്രതിപാദിച്ച കാര്യങ്ങൾ ഇതായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ആരോഗ്യത്തോടെ ഇരിക്കുന്ന അവസരത്തിൽ നമ്മൾ നടത്തുന്ന ചർചകളും സംസാരങ്ങളും എത്ര തന്നെ അതിരു കടന്നാലും പ്രശ്നമില്ലായിരുന്നു. കാരണം അതിനെ തടയുവാനും നിയന്ത്രിക്കുവാനും ഒരാളുണ്ടായിരുന്നു. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കഠിനമായ രോഗത്താൽ ശാരീരിക അവശതയിൽ കഴിയുന്ന അവസരത്തിൽ ഇത്തരത്തിലുള്ള സംസാരങ്ങൾ ഒരിക്കലും അഭികാമ്യമല്ല. അതു ജമാഅത്തിനെ ഭിന്നിപ്പിലേയ്ക്കും ഫിത്നയിലേക്കുമായിരിക്കും നയിക്കുന്നത്. അതിനാൽ ഹുദൂർ പൂർണാരോഗ്യം കൈവരിക്കുന്നതു വരെ നമ്മൾ ഇത്തരം ചർചകളിൽ നിന്നും എഴുത്തിൽ നിന്നും സംസാരങ്ങളിൽ വിട്ടു നിൽക്കേണ്ടതാണ്.

ഈ വിജ്ഞാപനം തയ്യാറാക്കിയ ശേഷം എല്ലാവിധ ചിന്താഗതിക്കാരേയും സ്വാധീനിക്കുന്നതിനായി ഞാനതു മൗലവി മുഹമ്മദ് അലി സാഹിബിനു അയച്ചു കൊണ്ട് അതിനു താഴെ അദ്ദേഹത്തോടും ഒപ്പിടാൻ അപേക്ഷിച്ചു. മൗലവി മുഹമ്മദ് അലി സാഹിബ് ഒപ്പിടാതെ തിരിച്ചയച്ചു കൊണ്ട് പറഞ്ഞു ജമാഅത്തിലെ സാധാരണ ജനങ്ങൾ ഇത്തരം അഭിപ്രായ ഭിന്നതകളെ കുറിച്ചു അജ്ഞരാണ്. ആ നിലയ്ക്കു ഇത്തരം വിജ്ഞാപനം വിപരീത ഫലമാണുളവാക്കുക. അതിലൂടെ അറിയാത്തവർ കൂടി അറിയാൻ തുടങ്ങും. അതു ശത്രുക്കൾക്കു ചിരിക്കുവാനുള്ള അവസരവുമുണ്ടാക്കും. അതിനാൽ വിജ്ഞാപനത്തിനു പകരം ഖാദിയാനിലെ മുഴുവൻ ജനങ്ങളേയും വിളിച്ചു ചേർത്തു നമുക്കൊരു യോഗം വിളിക്കാം. അതിൽ നമ്മൾ രണ്ടു പേരും പ്രസംഗിച്ചുകൊണ്ട് അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങളെ കുറിച്ചു ആരും ചർച ചെയ്യരുതെന്നു ജനങ്ങളെ ഉപദേശിക്കുകയും ചെയ്യാം എന്നും മറ്റുമുള്ള വാദഗതികളാണു അദ്ദേഹം ഉന്നയിച്ചത്.

എന്നാൽ യാഥാർഥ്യം മറ്റൊന്നാണ്. ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് പറയുകയാണു ഏതാനും മാസങ്ങൾക്കു മുമ്പു 'സത്യം വെളിപ്പെടുത്തൽ' എന്ന പേരിൽ പേരു വെക്കാതെ ഇവർ പ്രസിദ്ധീകരിച്ച രണ്ടു ഗൂഢ ലഘുലേഖകൾക്കു ശേഷവും ജമാഅത്തിലെ അഭിപ്രായ ഭിന്നതയെ കുറിച്ചു ജനങ്ങൾക്കു പൊതുവിൽ യാതൊരു ധാരണയുമില്ലെന്നു പറയുന്നതിൽ ഒരു കഴമ്പുമില്ലെങ്കിലും ഞാൻ മൗലവി മുഹമ്മദ് അലി സാഹിബ് പറഞ്ഞതു സ്വീകരിച്ചു. ഇതു മൗലവി മുഹമ്മദ് അലി സാഹിബ് എന്നോടു കാണിച്ച ചതിയും വഞ്ചനയുമായിരുന്നുവെന്നു അപ്പോൾ എനിക്കു മനസ്സിലാക്കാൻ സാധിച്ചില്ല. ആ വിജ്ഞാപനത്തിൽ മുഹമ്മദ് അലി സാഹിബ് ഒപ്പിടാതിരിക്കാനുള്ള കാരണം ഇത്തരം വിജ്ഞാപനത്തിലൂടെ അഭിപ്രായ വ്യത്യാസമുള്ള കാര്യം പൊതു ജനങ്ങൾ അറിഞ്ഞേക്കും എന്ന നിലക്കായിരുന്നുവെങ്കിലും അതും മൗലവി മുഹമ്മദ് അലി സാഹിബിന്റെ കുതന്ത്രങ്ങളായിരുന്നുവെന്നു പിന്നീട് വെളിപ്പെട്ടു.

### ഹുദൂറിന്റെ താമസം നവാബ് സാഹിബിന്റെ മാളികയിൽ

ഹുദൂറിന്റെ ആരോഗ്യ നില തുടർച്ചയായി ക്ഷയിച്ചു കൊണ്ടിരുന്നതിനാൽ ഹുദൂറിന്റെ താമസം

നല്ല കാലാവസ്ഥയിൽ തുറസ്സായ ഒരു സ്ഥലത്തായിരുന്നുവെങ്കിൽ നല്ലതായിരുന്നുവെന്നു ഡോക്ടർമാർ അഭിപ്രായപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഹുദൂറിനു വേണ്ടി തഅ്ലീമുൽ ഇസ്ലാം ഹൈസ്ക്കൂൾ ബോർഡിങ്ങിന്റെ രണ്ടാം നിലയിലുള്ള രണ്ടു മുറികൾ ചേർത്ത് നടുവിലുള്ളമതിൽ നീക്കം ചെയ്തുകൊണ്ട് വിശാലമായൊരു താമസ സ്ഥലം ഒരുക്കാൻ തീരുമാനിച്ചു. അതിനു വേണ്ടി കൂടുതൽ മുൻ കൈയെടുത്തത് മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടരുമായിരുന്നു. എങ്കിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ജമാഅത്തിലെ ആബാല വൃദ്ധം ജനങ്ങളിൽ നിന്നും ഹുദൂറിനെ ഒറ്റപ്പെടുത്താം അകറ്റി നിർത്താം എന്നതായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ മുകളിലേയ്ക്കുള്ള കോണി ഇടുങ്ങിയതും വൃത്താകൃതിയിലുള്ളതുമായതിനാൽ ഹുദൂറിനെ കട്ടിലിൽ കിടത്തി സഹോദരന്മാർ ചുമന്നു മുകളിൽ എത്തിക്കുന്നത് പ്രയാസകരവും അപകടകരവുമാണെന്നു തിരിച്ചറിഞ്ഞതിനാൽ ആ പരിപാടി ഉപേക്ഷിക്കുകയാണു ചെയ്തതു. മാത്രവുമല്ല അതു ഹുദൂറിനെ ഒരു മുറിയിൽ തളച്ചിടുന്നതിനു തുല്യമായിരിക്കുകയും ചെയ്യും. ജമാഅത്തിലുള്ളവർക്കു തങ്ങളുടെ ഇമാമിനെ സന്ദർശിക്കുവാനും പ്രയാസമായിരിക്കും. മൗലവി മുഹമ്മദ് അലി സാഹിബും കൂട്ടരും അതായിരുന്നു ഉദ്ദേശിച്ചിരുന്നത്. ഡോക്ടർമാരുടെ ഉദ്ദേശ്യം അതായിരുന്നില്ല.

ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് വിവരിക്കുകയാണ് ഡോക്ടർമാരുടെ നിർദേശാനുസരണമുള്ള ഹുദൂറിനുള്ള ഭക്ഷണം നേരത്തെ തന്നെ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീട്ടിൽ നിന്നായിരുന്നു കൊണ്ടുവന്നിരുന്നത്. അതിനുള്ള വേണ്ടത്ര സൗകര്യം ഹുദൂറിന്റെ വീട്ടിലുണ്ടായിരുന്നില്ല. ആ നിലയ്ക്കു ഹുദൂറിന്റെ താമസവും നവാബ് സാഹിബിന്റെ വീട്ടിലായിരുന്നുവെങ്കിൽ വളരെ നല്ലതായിരുന്നുവെന്നു ഞാൻ ചിന്തിച്ചു. കാരണം നവാബ് സാഹിബിന്റെ മാളികയും ചുറ്റുപാടും വളരെ വിശാലമാണു. നല്ല പൂന്തോട്ടവുമുണ്ട്. മരങ്ങളുടെ തണലുമുണ്ട്. ആവശ്യാനുസരണം കട്ടിൽ പുറത്തു വിരിച്ചു അതിൽ വിശ്രമിക്കാം കാറ്റു കൊള്ളാം. തിരിച്ചു വീട്ടിനകത്തേയ്ക്കു കൊണ്ടുപോവുകയും ചെയ്യാം. മാത്രവുമല്ല ഹുദൂർ ഇഷ്ടപ്പെടുന്ന ചിലരും അന്നു നവാബ് സാഹിബിന്റെ വീട്ടിലുണ്ടായിരുന്നു. അതിനാൽ ഞാൻ നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ മകൻ നവാബ് മുഹമ്മദ് അബ്ദുല്ലാഹ് ഖാൻ സാഹിബുമായി ഈ കാര്യത്തെക്കുറിച്ചു കൂടിയാലോചന നടത്തി. അദ്ദേഹവും അതംഗീകരിച്ചു. അതിനു ശേഷം ഈ കാര്യം നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനോടു പറയുകയും അദ്ദേഹവും അതംഗീകരിക്കുകയും ചെയ്ത ശേഷം ഹുദൂറിനെ തന്റെ വീട്ടിൽ താമസത്തിനായി ക്ഷണിക്കുവാൻ അദ്ദേഹത്തോടപേക്ഷിച്ചു. ഹുദൂറിനോടു ഈ കാര്യം പറഞ്ഞപ്പോൾ തന്നെ ഹുദൂർ അതു സന്തോഷപൂർവം സ്വീകരിച്ചു. അങ്ങനെ ഹുസൂർ 1914 ഫിബ്രവരി 26ാം തിയ്യതി നവാബ് മുഹമ്മദ്അലി ഖാൻ സാഹിബിന്റെ വീടായ കോഠി ദാറുസ്സലാമിലേയ്ക്കു താമസം മാറി. ഇത്തരത്തിൽ മസീഹ് മൗഊദിന്റെ ആദ്യ കാല സഹാബിയും മസീഹ് മൗഊദിനോടും ജമാഅത്തിനോടും ഖലീഫത്തുൽ മസീഹ് അവ്വലിനോടും വലിയ ഭക്തിയും ആദരവും ആത്മാർഥതയും കാണിച്ചിരുന്ന ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനു ഖലീഫത്തുൽ മസീഹ് അവ്വലിനെ ഹുദൂറിന്റെ ജീവിതത്തിലെ അവസാന നാളുകളിൽ സേവിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള അവസരവും ഭാഗ്യവും ലഭിക്കുകയുണ്ടായി.

മാളികയുടെ വടക്കു ഭാഗത്തുള്ള വിശാലമായ ഒരു മുറിയാണു ഹുദൂറിനു വേണ്ടി നവാബ് സാഹിബ് സജ്ജമാക്കിയത്. ഹുദൂർ അവിടെ താമസിക്കുന്നതിനാൽ അതിഥികൾ ധാരാളമായി ഉണ്ടാകുമെന്നു നേരത്തെ മനസ്സിലാക്കിയ അദ്ദേഹം ഹുദൂറിനുവേണ്ടി ഒരുക്കിയ മുറിയോടു ചേർന്നുണ്ടായിരുന്ന മറ്റു മുറികളും അതിഥികൾക്കായി ഒരുക്കി വച്ചു. അവിടെ വരുന്ന എല്ലാ അതിഥികൾക്കും മസീഹ് മൗഊദിന്റെ കുടുംബത്തിൽപെട്ടവർക്കുമായി ഭക്ഷണത്തിനും താമസത്തിനും വേണ്ട എല്ലാ ഏർപ്പാടുകളും നവാബ് സാഹിബ് ചെയ്തിട്ടുണ്ടായിരുന്നു. ഹുദൂറിന്റെ ആരോഗ്യം ദിനേന ക്ഷയിച്ചു കൊണ്ടിരുന്ന ആശങ്ക കാരണം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബും മറ്റു ചിലരും കൂടുതലായി നവാബ് സാഹിബിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. ജമാഅത്തിന്നുള്ള അവസാന വസീയ്യത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഇവിടെ വച്ചായിരുന്നു എഴുതിയിരുന്നത്.

### മാലെർകോട്ലായും കോഠി ദാറുസ്സലാമും. അന്നും ഇന്നും

ഇന്ത്യൻസംസ്ഥാനമായ പഞ്ചാബിലെ സംഗ്റൂർ? ലൂധിയാന ദേശീയ പാതയിൽ സ്ഥിതി ചെയ്യുന്ന ഒരു പട്ടണമാണു മാലെർകോട്ലാ (Malerkotla). വടക്കു ലൂധിയാനയും പടിഞ്ഞാറ് ബർണാലയും കിഴക്കു പട്യാലയും തെക്കു സംഗ്രൂർ ജില്ലയുമാണു ഇതിന്റെ അതിരുകൾ. ബ്രിട്ടീഷ് ഭരണ കാലത്തു ഇവിടെ നാട്ടു രാജാക്കന്മാരുടെയും നവാബുമാരുടേയും

ഭരണമായിരുന്നു നിലവിലുണ്ടായിരുന്നത്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നിലനിന്നിരുന്ന മലെർ കോട്ല എന്ന നാട്ടു രാജ്യത്തിൽ നിന്നാണു ജില്ലയ്ക്കു ഈ പേരു ലഭിച്ചത്. പിന്നീട് അടുത്തുള്ള മറ്റു നാട്ടു രാജ്യങ്ങളുമായി ലയിപ്പിച്ച് പട്യാല ആന്റ് ഈസ്റ്റ് പഞ്ചാബ് യൂണിയൻ രൂപീകരിച്ചു. 2021 ജൂൺ 2 -ാം തിയ്യതിയാണു പഞ്ചാബിലെ 23 -ാമത്തെ ജില്ലയായി മലെർകോട്ല ജില്ലനിലവിൽ വരുന്നത്. ജില്ലയുടെ ആസ്ഥാനവും ഭരണകേന്ദ്രവും മാലെർകോട്ല തന്നേയാണ്. കവികൾക്കും സ്മാരകങ്ങൾക്കും പേരുകേട്ട സ്ഥലമാണ് മാലെർകോട്ല നഗരം. സായുധസേനയ്ക്കു വേണ്ടി ഹാൻഡ്

എംബ്രോയ്ഡറി ബാഡ്ജുകൾ, ചിഹ്നങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന പ്രശസ്തരായ കരകൗശല വിദഗ്ധർക്കും ലോഹ വ്യവസായത്തിനും കാർഷിക യന്ത്രങ്ങളുടെ നിർമാണത്തിനും മാലെർ കോട്ല അറിയപ്പെടുന്ന പട്ടണമാണ്. പഞ്ചാബിന്റെ ഈഭാഗത്തേയ്ക്കുള്ള പച്ചക്കറികളുടെ പ്രധാന വിതരണക്കാരും ഇവർ തന്നേയാണ്.

ഒരു കാലത്തു നാട്ടു രാജ്യമായ മാലെർകോട്ലായിലെ നവാബാ (ഭരണാധിപൻ ) യിരുന്ന ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിനു ഹദ്റത്ത് മസീഹ് മൗഊദിൽ വിശ്വസിക്കുവാനും ഹുദൂറിന്റെ കൈയിൽ ബൈഅത്തു ചെയ്തു അഹ്മദിയാ ജമാഅത്തിൽ പ്രവേശിക്കുവാനുമുള്ള ഭാഗ്യമുണ്ടായി. പിന്നീട് കുറച്ചു കാലത്തിനു ശേഷം അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ മൂത്തമകൾ ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബയെ വിവാഹം കഴിച്ചതിലൂടെ അദ്ദേഹം വാഗ്ദത്ത മസീഹി(അ)ന്റെ ജാമാതാവായിത്തീരുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്തു തന്നെ ഹദ്റത്ത് നവാബ് സാഹിബ് ഖാദിയാനിലെ നമ്മുടെ അഹ്മദിയാ മഹല്ലയിൽ നിന്നും ഏതാണ്ടു രണ്ടു കിലോ മീറ്റർ അകലെ ഏകദേശം എട്ടര ഏക്കറിൽ കൂടുതൽ വിസ്തീർണമുള്ള ഒരു ഭൂമി വാങ്ങിച്ചിട്ടുണ്ടായിരുന്നു. അതിനദ്ദേഹം ദാറുസ്സലാം എന്നു നാമകരണവും ചെയ്തു. ഇപ്പോഴത്തെ സിക്കു നാഷണൽ കോളജ് എന്നറിയപ്പെടുന്ന പഴയ കാല തഅ്ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂളും രണ്ടാം ഖിലാഫത്തു തെരഞ്ഞെടുപ്പു നടന്ന മസ്ജിദ് നൂറും ഇതിന്റെ സമീപത്താണു സ്ഥിതി ചെയ്യുന്നത്. അധികം അകലെയല്ലാതെ ഖാദിയാൻ റെയിൽവെ സ്റ്റേഷനും ഉണ്ട്. നാലു ഭാഗവും ചുറ്റുമതിലുകളുള്ള ഈ സ്ഥലവും കെട്ടിടങ്ങളും 1947 ലെ വിഭജനത്തിനു ശേഷം അന്യാധീനപ്പെട്ടു പോയിരുന്നുവെങ്കിലും ചെറിയൊരു സ്ഥലം ഒഴിച്ചുബാക്കിയെല്ലാം തന്നെ ഇപ്പോൾ ജമാഅത്തിന്റെ അധീനതയിൽ തന്നേയാണുള്ളത്.

സാമ്പത്തികമായി നല്ല കഴിവുണ്ടായിരുന്ന നവാബ് സാഹിബ് അവിടെ തനിക്കും ഭാര്യാ മക്കൾക്കുമായി വിശാലമായൊരു കോഠി പണികഴിപ്പിക്കുകയുണ്ടായി. ഉറുദുവിൽ കോഠി എന്നു പറഞ്ഞാൽ Mansion വലിയ മാളിക എന്നാർഥം. ദാറുസ്സലാം എന്ന സ്ഥലത്തെ മാളിക എന്ന അർഥത്തിൽ ആ മാളിക 'കോഠി ദാറുസ്സലാം' എന്നറിയപ്പെട്ടു. ഗവൺമെന്റ് രേഖകളിൽ ഇതു ഠിക്കരിവാൾ റോഡ് എന്ന പേരിലാണു രേഖപ്പെട്ടു കിടക്കുന്നതെങ്കിലും ഇപ്പോഴും ആ സ്ഥലവും പ്രദേശവും കോഠിദാറുസ്സലാം എന്ന പേരിലാണു പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ അടുത്ത കാലത്തായി കേന്ദ്ര ജമാഅത്തു അതിനു മഹല്ല മസ്റൂർ എന്ന പേർ നൽകിയിട്ടുണ്ട്.

1990 നു ശേഷം ഈ ഭൂമിയിൽ പല സമയങ്ങളിലായി ഖാദിയാനിലെ കുടുംബങ്ങൾക്കു വേണ്ടി നാൽപതോളം ചെറിയ വീടുകൾ (Quarter) ജമാഅത്തു പണി കഴിപ്പിക്കുകയുണ്ടായി. 2000 നു ശേഷം ഖാദിയാൻ നിവാസികൾക്കായി ഹുദൂറിന്റെ നിർദേശമനുസരിച്ചു പത്തു മനോഹരങ്ങളായ കെട്ടിടങ്ങൾ പണിതുയർത്തു. അതിൽ അറുപതോളം ഫ്ളാറ്റുകളുണ്ട്. 2005ൽ ഇവിടെ മസ്ജിദ് മസ്റൂർ എന്ന പേരിൽ വിശാലവും മനോഹരവുമായ ഒരു പള്ളിയും നിർമ്മിച്ചിട്ടുണ്ട്. ഇവിടെ അഞ്ചു നേര നമസ്ക്കാരങ്ങളും വെള്ളിയാഴ്ച ജുമുഅ നമസ്ക്കാരവും നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ കോഠി ദാറുസ്സലാമിൽ നിർബാധം തുടരുകയാണ്. ഹദ്റത്ത് നവാബ് സാഹിബ്(റ) നിർമിച്ച പഴയ മാളികയെ നവീകരിച്ച ശേഷം ആ കെട്ടിടത്തിന്റെ രണ്ടു ഭാഗങ്ങളിൽ സ്ഥിരമായി ജമാഅത്തിന്റെ എക്സിബിഷൻ നടക്കുന്നുണ്ട്. ഒന്നിൽ Islam world peace exhibitionഎന്നും മറ്റൊരുഭാഗത്തു ജമാഅത്തിന്റെ ചരിത്രം വിവരിക്കുന്ന A Glimpse of history of Jamaa'ath എന്നും പേരുള്ള രണ്ടു എക്സിബിഷനു(exhibition)കളാണുനടന്നു കൊണ്ടിരിക്കുന്നത്.

### സൂഫിവര്യരുടെ ജീവിതം മറ്റുള്ളവർക്കും അനുഗ്രഹീതം

ഹദ്റത്ത് പീർ ഇഫ്തിഖാർ അഹ്മദ് സാഹിബ് പറയുകയാണു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവസാന രോഗാവസ്ഥയിലായിരുന്ന അവസരത്തിൽ ഞാൻ ഹുദൂറിന്റെ സന്നിധിയിൽ ചെന്നിട്ടുണ്ടായിരുന്നു. അല്ലാഹു ഹുദൂറിന്റെ ദുആകൾ ധാരാളമായി കേൾക്കുന്നവനാണല്ലോ എന്നും അതിനാൽ ഹുദൂർ തനിക്കു വേണ്ടിയും ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു അതു സ്വീകരിക്കാതിരിക്കില്ല എന്ന ചിന്തയിൽ ഹുദൂറി

ന്റെ ആരോഗ്യത്തിനായി ഹുദൂറിനോടു തന്നെ ദുആ ചെയ്യുവാനായി അപേക്ഷിക്കുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ വളരെ വിനയപുരസ്സരം ഹുദൂറിനോടു പറഞ്ഞു ഹുദൂർ, സൂഫികളുടെ ഫാർസി ആപ്തവാക്യമുണ്ടല്ലോ

حیاتِ صوفی غنیمت است ہم برائے خویش و ہم برائے دیگراں

(ഹയാത്തെ സൂഫി ഗനീമത്ത് അസ്ത്. ഹം ബറായെ ഖവേശ്) വ ഹം ബറായെ ദീഗറാ - ഇതിന്റെ അർഥം സൂഫിവര്യരുടെ ജീവിതം തങ്ങൾക്കും മറ്റുള്ളവർക്കും ഒരുപോലെ അനുഗ്രഹീതവും വില മതിക്കപ്പെടേണ്ടതുമാണ് എന്നാണ്) ഇതു പറഞ്ഞു കൊണ്ട് പീർ ഇഫ്ത്തിഖാർ അഹ്മദ് സാഹിബ് ഹുദൂറിനോടു പറഞ്ഞു ഞങ്ങൾ ഹുദൂറിന്റെ ആരോഗ്യത്തിനും ദീർഘായുസ്സിന്നും വേണ്ടി എന്നും ദുആ ചെയ്യുന്നുണ്ട്. ഹുദൂറിന്റെ ജീവിതം ഞങ്ങൾക്ക് അനുഗ്രഹീതമാണ്. അതിനാൽ ഹുദൂറും തന്റെ ആരോഗ്യത്തിന്നായി ദുആ ചെയ്യണമെന്നാണു ഈ വിനീതന്റെ അഭ്യർഥന. ഇതു കേട്ടപ്പോൾ ഹുദൂർ പറഞ്ഞു, ഞാനാണെങ്കിൽ അല്ലാഹുവിൽ നിന്നുള്ള ഈ ശബ്ദം എപ്പോഴും കേട്ടു കൊണ്ടിരിക്കുകയാണ്.

كَلَّا بَلْ تُحِبُّونَ الْعَاجِلَةَ وَتَذَرُونَ الْآخِرَةَ

(എന്നാൽ,കേൾക്കൂ! നിങ്ങൾ ക്ഷണികമായ (ഐഹിക) ജീവിതത്തെ സ്നേഹിക്കുന്നു. നിങ്ങൾ പരലോകത്തെ അവഗണിക്കുകയും ചെയ്യുന്നു. *(ഖുർആൻ 75: 21,22)* ഹുദൂറിൽ നിന്നുള്ള ഈ മറുപടി കേട്ടപ്പോൾ ഹദ്റത്ത് ഇഫ്തിഖാർ സാഹിബിനു മറ്റൊന്നും പറയുവാനില്ലായിരുന്നു.

## ഭാര്യക്കുള്ള ഹുദൂറിന്റെ വസീയ്യത്ത്

ഹുദൂർ വഫാത്തിനു ഒന്നു രണ്ടു ദിവസങ്ങൾക്കു മുമ്പു തന്റെ ഭാര്യക്കു ഒരു കടലാസ്സിൽ ചില കാര്യങ്ങൾ എഴുതിക്കൊടുക്കുകയുണ്ടായി. എന്നിട്ടു പറഞ്ഞു, ഇതു കയ്യിൽ വെച്ചോളൂ പിന്നീട് വായിച്ചാൽ മതി. ഇതു ഈ ലോകത്തിന്റേയും പരലോകത്തിന്റേയും ഖജനാവുകളുടെ താക്കോലാണ്. ഹുദൂറിന്റെ വഫാത്തിനു ശേഷം അവരത് തുറന്നു നോക്കി അതിൽ ഇങ്ങനെ എഴുതിയിട്ടുണ്ടായിരുന്നു.

1. അഞ്ചു നേരമ നമസ്ക്കാരം കൃത്യമായി അനുഷ്ഠിക്കുക
2. ശിർക്കിനെ അതിന്റെ എല്ലാ രൂപത്തിലും ഭാവത്തിലും ഉപേക്ഷിക്കുക.
3. കളവ്, മോഷണം, ദുർനോട്ടം, ദുരാഗ്രഹം, ആർത്തി, ഭീരുത്വം, പിശുക്ക്, അകാരണമായി മറ്റുള്ളവരെ ഭയപ്പെടുക എന്നത് നിന്നിൽ ഉണ്ടാകരുത്. അതിന്റെ സ്ഥാനത്തു ഏകദൈവ വിശ്വാസം, അഞ്ചുനേര നമസ്ക്കാരത്തിലുള്ള ശ്രദ്ധ, സത്യസന്ധത, ധീരത, ദൃഷ്ടികൾ താഴ്ത്തൽ, ചാരിത്ര ശുദ്ധി, സ്ഥിരോത്സാഹം എന്നിവയാണുണ്ടാകേണ്ടത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിന്നക്കതിൽ മുന്നേറാൻ സാധിക്കുമാറാകട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഭാര്യ അമ്മാജീ എന്ന പേരിലായിരുന്നു ജമാഅത്തിൽ അറിയപ്പെട്ടിരുന്നത്. അവർ 1955 ആഗസ്റ്റ് 7-ാം തിയ്യതി എൺപത്തി നാലാമത്തെ വയസ്സിലായിരുന്നു വഫാത്തായിരുന്നത്.

## ജമാഅത്തിന്റെ ഐക്യവും കെട്ടുറപ്പും

ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് പറയുകയാണ്. ഹുദൂറിന്റെ ആരോഗ്യനില തുടർച്ചയായി വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അങ്ങേയറ്റത്തെ ദു:ഖത്തോടെ വരാനിരിക്കുന്ന അപകടത്തെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഇനിയെന്താണു സംഭവിക്കുക എന്ന ഉൽകണ്ഠ നിറഞ്ഞ ചിന്തയായിരുന്നു സ്വാഭാവികമായും എല്ലാവരുടേയും മനസ്സിൽ. ഞാൻ ദുആയിൽ പൂർണമായും മുഴുകിയിട്ടാണുള്ളത്. മറ്റുള്ളവരേയും ദുആ ചെയ്തുകൊണ്ടിരിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ജമാഅത്തിന്റെ ഐക്യവും കെട്ടുറപ്പും നഷ്ടപ്പെടുന്ന അവസ്ഥയെ കുറിച്ചോർത്തുള്ള ഭയമാണു എന്റെ മനസ്സിനെ കാർന്നു തിന്നുന്നത്.

ഈ കാര്യം ഞാൻ ജമാഅത്തിലെ പ്രധാനികളുമായി ചർച ചെയ്തിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നുബുവ്വത്തിൽ അടിയുറച്ചു വിശ്വസിക്കുകയും ജമാഅത്തിൽ ഖിലാഫത്തു സംവിധാനം നിലനിൽക്കണമെന്നു ശക്തമായി വാദിക്കുകയും ചെയ്യുന്നവരുടെ അഭിപ്രായത്തിൽ ഹദ്റത്ത് ഖലീഫത്തുമസീഹ് അവ്വലിന്റെ വഫാത്ത് അല്ലാഹുവിന്റെ വിധി പ്രകാരം എപ്പോൾ സംഭവിക്കുകയാണെങ്കിലും അഹ്മദിയാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ പൂർണമായും മുറുകെ പിടിക്കുന്നവരുടെ കയ്യിലായിരിക്കണം എല്ലാവരും ബൈഅത്തു ചെയ്യേണ്ടത് അല്ലാത്തപക്ഷം അഹ്മദിയാ ജമാഅത്തു തന്നെ ഇല്ലാതായിപ്പോകും എന്നു അഭിപ്രായപ്പെടുകയുണ്ടായി.

ഹദ്റത്ത് സാഹിബ് സാദാ സാഹിബ് പറയുകയാണു ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ആശയങ്ങളോടും ചിന്താഗതികളുമായും യോജിക്കുന്ന നമ്മുടെ സഹോദരന്മാരോടു ഞാനൊരു പ്രധാന കാര്യം പറഞ്ഞിട്ടുണ്ടായിരുന്നു. അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനു ശേഷം ജമാഅത്തിൽ കുഴപ്പങ്ങളും ഫിത്നയും തലപൊക്കുകയാണെങ്കിൽ നമ്മൾ എണ്ണത്തിൽ എത്ര തന്നെ ചെറുതാണെങ്കിലും അതിൽ നിന്നൊരാളെ തെരെഞ്ഞെടുത്തു കൊണ്ട് അയാളുടെ കയ്യിൽ ബൈഅത്തു ചെയ്യാം. എന്നാൽ മുഹമ്മദ് അലി സാ

ഹിബിന്റെ അനുയായികൾ അദ്ദേഹത്തെ ഖലീഫയായി അംഗീകരിക്കുകയില്ല. അതോടെ ജമാഅത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ തല പൊക്കും. ആ അവസരത്തിൽ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ആളുടെ കയ്യിൽ ഞാനും ബൈഅത്തു ചെയ്താൽ ജമാഅത്തിലെ വലിയൊരു ശതമാനം പേരും അദ്ദേഹത്തിന്റെ കയ്യിൽ ബൈഅത്തു ചെയ്തു കൊള്ളും. എങ്കിൽ ജമാഅത്തു ഫിത്നയിൽനിന്നും കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെട്ടേക്കാം.

### സംഘർഷ ഭരിതമായ അന്ത്യ ദിനങ്ങൾ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ജമാഅത്തിനു നൽകിയ തന്റെ അവസാന വസിയ്യത്ത് ഒരു തരത്തിൽ പറഞ്ഞാൽ ജമാഅത്തിനു മേൽ വീണ ഇടിത്തീയായിരുന്നു. ആ വസീയത്തിലൂടെ തങ്ങളുടെ പ്രിയപ്പെട്ട ഇമാമും യജമാനനുമായ ആ സ്നേഹനിധി എല്ലാവരേയും വേർപിരിയാൻ പോവുകയാണെന്നാണു എല്ലാവരോടും പറയാതെ പറഞ്ഞിരിക്കുന്നത്. ജനമനസ്സുകളാണെങ്കിൽ ആ വാർത്ത സ്വീകരിക്കാൻ ഒരുങ്ങിയിട്ടുണ്ടായിരുന്നില്ല. വരാനിരിക്കുന്ന ആ ദുരന്ത വാർത്തയോർത്തു മുഅ്മിനീങ്ങളുടെ ഹൃദയം പിടഞ്ഞു. ശരീരം വിറ കൊള്ളാൻ തുടങ്ങി.

1914 മാർച് 12-ാം തിയ്യതി വ്യാഴാഴ്ച ഹുദൂറിന്റെ ആരോഗ്യ നില അത്യാസന്നനിലയിലായി. ദിവസങ്ങളായി രാവും പകലും ഹുദൂറിനെ ശുശ്രൂഷിച്ചു കൊണ്ടു ഡോക്റ്റർമാരോടൊപ്പം അരുകിലിരുന്ന ഹദ്റത്ത് മിയാ സാഹിബ് (സാഹിബ് സാദാ മിയാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ്) ഹുദൂർ താമസിച്ചിരുന്ന കോഠി ദാറുസ്സലാമിൽ നിന്നും അങ്ങേയറ്റത്തെ പരിഭ്രാന്തിയിൽ അഹ്മദിയാ മഹല്ലയിൽ ചെന്നു. എന്തു ചെയ്യണമെന്നറിയാതെ അങ്ങോടു മിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. ഹുദൂറിന്റെ പെട്ടെന്നുള്ള ചികിത്സക്കായി ആവശ്യമായിരുന്ന കസ്തൂരി വാങ്ങാനായി ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബി (മർഹമെ ഈസ) നെ തലേ ദിവസം ബുധനാഴ്ച ലാഹോറിലേയ്ക്കയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഇതുവരെയും തിരിച്ചെത്താത്തതിലുള്ള ഉൽകണ്ഠയായിരുന്നു മിയാ സാഹിബിനു. അതോടൊപ്പം ഓരോ നിമിഷവും ക്ഷയിച്ചു കൊണ്ടിരുന്ന ഹുദൂറിന്റെ ആരോഗ്യവും.

പെട്ടെന്നാണു ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിയെ കണ്ടത്. മിയാ സാഹിബ് ചോദിച്ചു ഭായിജി താങ്കൾ പെട്ടെന്നൊന്നു ലാഹോറിൽ പോയി വരുമോ? കസ്തൂരി വാങ്ങാൻ പോയ ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബ് ഇതുവരേയും തിരിച്ചെത്തിയില്ല. ഹുദൂറിന്റെ ആരോഗ്യ നില മോശമായിക്കൊണ്ടിരിക്കുകയാണ്. അത്യാവശ്യമായി കുറച്ചു കസ്തൂരി വേണം.ഉടനെ ബട്ടാല എത്തിയാൽ അവിടെ നിന്നും ലാഹോറിലേയ്ക്കു തീവണ്ടിയുണ്ട്. ഭായിജി പറഞ്ഞു ഇവിടെ നിന്നും കുതിര വണ്ടിയിൽ പോയാൽ സമയത്തിനു ബട്ടാല എത്താൻ പറ്റുകയില്ല. ഒരു സൈക്കിൾ കിട്ടിയാൽ ഞാനെന്റെ കഴിവിന്റെ പരമാവധി ശ്രമിക്കാമായിരുന്നു. ആ കാലത്തു ഖാദിയാനിൽ നിന്നു ബട്ടാലയിലേയ്ക്കു കൃത്യമായ റോഡോ ശരിയായ വഴിയോ ഇല്ലായിരുന്നു. സാഹിബ് സാദാ സാഹിബ് പറഞ്ഞു ഭായിജി താങ്കൾ ഒരുങ്ങിക്കൊള്ളു ഞാൻ വീട്ടിൽ പോയി എന്റെ സൈക്കിൾ കൊണ്ടുവരാം.

മിയാ സാഹിബ് സൈക്കിൾ കൊണ്ടുവന്നു. ഭായിജി സൈക്കിളിൽ പുറപ്പെട്ടു. അദ്ദേഹം തന്റെ സർവ ശക്തിയുമുപയോഗിച്ച് സൈക്കിളിൽ പറപറക്കാൻ തുടങ്ങി. പൂഴിയും കല്ലും കുഴികളും നിറഞ്ഞ ദുർഘടം പിടിച്ച ആ വഴിയിൽ ഭായിജി ഒന്നു ശ്വാസം വിടാനോ ഒരു തുള്ളി വെള്ളം കുടിക്കാനോ എവിടേയും നിർത്തിയില്ല. ബട്ടാല സ്റ്റേഷനിൽ എത്തിയപ്പോൾ പുറപ്പെടാൻ തയ്യാറായി വണ്ടി നിൽപുണ്ട്. അദ്ദേഹം പറയുകയാണ് സൈക്കിളിൽ നിന്നും ഇറങ്ങിയപ്പോൾ ശരീരത്തോടൊപ്പം കാലുകളുണ്ടോ എന്നു സംശയമായിരുന്നു. ശരീരത്തിന്റെ ഭാരം താങ്ങാനുള്ള ശക്തി പോലും കാലുകൾക്കു നഷ്ടപ്പെട്ടിരുന്നു. ഒരടി മുന്നോട്ട് നടക്കാനാവുന്നില്ല. ഭാഗ്യത്തിനു ഒരു സ്നേഹിതനെ കണ്ടപ്പോൾ സൈക്കിൾ അയാളെ ഏൽപിച്ചു എന്നിട്ട് മൃഗങ്ങളെ പോലെ നാലു കാലിൽ സ്റ്റേഷന്റെ പടികൾ കയറി. പിന്നീട് ടിക്കറ്റെടുത്ത് വണ്ടിയിൽ പ്രവേശിച്ച് മുന്നിൽ കണ്ട സീറ്റിൽ തന്റെ ശരീരത്തെ കൊണ്ടിട്ടു. അത്രകണ്ട് തളർന്നു പോയിട്ടുണ്ടായിരുന്നു. ലാഹോറിൽ ചെന്നു ഹക്കീം മുഹമ്മദ് ഹുസൈൻ സാഹിബിനെ കുറിച്ചന്വേഷിച്ചപ്പോൾ അദ്ദേഹത്തിനു ഇന്നലെ രാത്രി തീവണ്ടി നഷ്ടപ്പെട്ടെന്നും ഇന്നു രാവിലെ തന്നെ കസ്തുരിയുമായി ഖാദിയാനിലേയ്ക്കു പുറപ്പെട്ടിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞു. അപ്പോഴേയ്ക്കും ഖാദിയാനിൽ ഹുദൂറിന്റെ സ്ഥിതി കൂടുതൽ വഷളായിക്കഴിഞ്ഞിരുന്നു.

### ഭയപ്പെട്ടിരുന്ന ആ ദിനം വന്നെത്തി

അവസാനം, ഭയപ്പെട്ടിരുന്ന ആ ദിനം വന്നെത്തി. 1914 മാർച് 13-ാം തിയ്യതി വെള്ളിയാഴ്ച രാവിലെ മുതൽ തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനു ക്ഷീണവും ബലഹീനതയും മുമ്പത്തേക്കാൾ കൂടുതലായി അനുഭവപ്പെട്ടു തുടങ്ങി. ഡോക്ടർമാർ ആരേയും ഹുദൂറിന്റെ അടുക്കലേയ്ക്കു പോകാൻ അനുവദിച്ചില്ല. എങ്കിലും ഭയപ്പെട്ടു കൊണ്ടിരുന്ന

ആ ദിനം ഇത്ര കണ്ട് സമീപ സ്ഥമാണെന്നു ജനങ്ങൾ ആരും പ്രതീക്ഷിച്ചിരുന്നില്ല. ഹുദൂറിന്റെ ആരോഗ്യ നിലയറിയാനായി കോഠി ദാറുസ്സലാമിലേയ്ക്കു ജനങ്ങൾ കൂടുതലായി എത്താൻ തുടങ്ങി.

കുറച്ചു നാളുകളായി ഖലീഫത്തുൽ മസീഹിന്റെ നിർദേശമനുസരിച്ചു സാധാരണ നമസ്ക്കാരങ്ങൾക്കും ജുമുഅ നമസ്ക്കാരത്തിനും നേതൃത്വം നൽകുന്നത് സാഹിബ്സാദാ സാഹിബായിരുന്നു. അതിനാൽ വെള്ളിയാഴ്ച ജുമുഅ നമസ്ക്കാരത്തിനുള്ള സമയമായപ്പോൾ മിയാ സാഹിബും ചുരുക്കം ചിലരൊഴിച്ചു ബാക്കിയാളുകളും നമസ്ക്കാരത്തിനായി കോഠി ദാറുസ്സലാമിൽ നിന്നു മസ്ജിദ് അഖ്സയിലേയ്ക്കു പോയി. കുറച്ചു പേർ ഖലിഫത്തുൽ മസീഹിനെ ശുശ്രൂഷിച്ചു കൊണ്ട് ഹുദൂറിനോടൊപ്പം അവിടെ തന്നെ നിന്നു. നമസ്ക്കാര സമയമായപ്പോൾ ഖലീഫത്തുൽ മസീഹ് തയമ്മും ചെയ്തു സുഹ്ർ നമസ്ക്കരിക്കാൻ തുടങ്ങി. എന്നാൽ നമസ്ക്കാരം പൂർത്തിയാക്കാനായില്ല. നമസ്ക്കാരത്തിന്നിടയിൽ തന്നെ ഹുദൂറിന്റെ ആത്മാവ് അല്ലാഹുവിൽ അഭയം പ്രാപിച്ചു.

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

അപ്പോൾ സമയം രണ്ടു മണി കഴിഞ്ഞു ഇരുപത് മിനുട്ടായിട്ടുണ്ടായിരുന്നു.

### മകനുള്ള പിതാവിന്റെ അവസാന വസീയ്യത്ത്

വഫാത്തിനു മുമ്പ് തന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബിനെ വിളിച്ചു അടുത്തു നിർത്തിക്കൊണ്ട് ഹുദൂർ പറഞ്ഞു ***ലാ ഇലാഹ ഇല്ലല്ലാഹുമുഹമ്മദുർ റസൂലുല്ലാഹ്*** എന്നതിലാണെന്റെ വിശ്വാസം.ഞാനതിൽ തന്നെ മരിക്കുകയും ചെയ്യും. റസൂൽ കരീമി(സ)ന്റെ എല്ലാ സഹാബാക്കളും പരിശുദ്ധരും സാത്വികരുമെന്നു തന്നേയാണു ഞാൻ കരുതുന്നത്. ഹദ്റത്ത് ഇമാം ബുഖാരി റഹ്മത്തുല്ലാഹ് അലൈഹി ക്രോഡീകരിച്ച ഗ്രന്ഥം അല്ലാഹുവിന്റെ ഇഷ്ട ഗ്രന്ഥമാണെന്നു ഞാൻ മനസ്സിലാക്കുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) മസീഹ്മൗഊദും അല്ലാഹുവിന്റെ വരിഷ്ഠദാസരുമാണ്. എനിക്കു അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സന്താനങ്ങളോടും അതിരറ്റ സ്നേഹമാണുള്ളത്. നീ എന്റെ വളരെ പ്രിയപ്പെട്ട മകനാണു. എന്നാൽ മസീഹ് മൗഊദും അദ്ദേഹത്തിന്റെ സന്താനങ്ങളും എനിക്കു അതിലും കൂടുതൽ പ്രിയപ്പെട്ടവരാണ്. നീ അല്ലാഹുവിന്റെ ഗ്രന്ഥം എപ്പോഴും വായിക്കുകയും പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നാണു നിനക്കുള്ള എന്റെ ഉപദേശം അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആൻ പോലുള്ള മറ്റൊരു ഗ്രന്ഥം ഞാൻ കണ്ടിട്ടില്ല. മിയാ അബ്ദുൽ ഹൈയ് സാഹിബിനു പുറമെ ഹദ്റത്ത് സാഹിബ് സാദാ മിയാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബിന്റെ പത്നിയും ഹുദൂറിന്റെ മകളുമായ സാഹിബ് സാദി അമത്തുൽ ഹൈയ് സാഹിബയോടു തന്റെ മരണ ശേഷം സ്ത്രീകളിലും ഖുർആൻ ദറസ് നടത്തുവാൻ മിയാ സാഹിബിനോടു പറയണമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു.

### ഹുദൂറിന്റെ മരണ വാർത്ത

ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹ്മ്മൂദ് അഹ്മദ് സാഹിബ് പറയുകയാണ് ജുമുആ നമസ്ക്കാര ശേഷം ഞാനൊരു അത്യാവശ്യ കാര്യത്തിനായി വീട്ടിൽ പോയിട്ടുണ്ടായിരുന്നു. ആ സമയം ഖാൻ മുഹമ്മദ് അലി ഖാൻ സാഹിബ് തന്റെ കാറിൽ എന്നെ കാത്തിരിക്കുകയാണെന്ന സന്ദേശവുമായി അദ്ദേഹത്തിന്റെ ഭൃത്യൻ വന്നു. ഞാൻ പെട്ടെന്നു തന്നെ അദ്ദേഹത്തോടൊപ്പം കാറിൽ കയറി മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീട്ടിലേയ്ക്കു പുറപ്പെട്ടു. വഴിയിൽ വെച്ചു മറ്റൊരാൾ ഓടി വന്നു പറഞ്ഞു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വഫാത്തായിരിക്കുന്നു. ഇത്തരത്തിൽ എന്റെ ഒരു പഴയ കാല സ്വപ്നം പൂർത്തിയായി. ഞാൻ കാറിൽ എവിടെ നിന്നോ വരുന്നതായും വഴിയിൽ വെച്ച് ഒരാൾ വന്നു എന്നോടു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ വഫാത്തായതായി പറയുന്നതായാണു ഞാൻ സ്വപ്നത്തിൽ കണ്ടത്. ഹുദൂറിന്റെ വേർപാട് ഞങ്ങളെ അങ്ങേയറ്റം ദു:ഖത്തിലാഴ്ത്തുന്നതാണെങ്കിലും ഇനി ഖിലാഫത്തു വിരോധികൾ ജമാഅത്തു വിരുദ്ധ പ്രവർത്തനങ്ങൾക്കു ആക്കം കൂട്ടുമോ, എങ്കിൽ ജമാഅത്തിന്റെ സ്ഥിതി എന്തായി ത്തീരും എന്ന ആശങ്കയായിരുന്നു എന്റെ ഹൃദയത്തിൽ.

ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് പറയുകയാണ്, ജുമുഅക്കു പോകുമ്പോഴുള്ള ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ആരോഗ്യ സ്ഥിതിയോർത്തു ഞാൻ പള്ളിയിൽ നിന്നും ധൃതിപ്പെട്ടിറങ്ങി കോഠി ദാറുസ്സലാമിലേയ്ക്കു വേഗം നടക്കാൻ തുടങ്ങി. എന്റെ സഹോദരൻ മിർസാ ബശീർ അഹ്മദ് സാഹിബിന്റെ വീടും കഴിഞ്ഞു അൽപം മുന്നിൽ എത്തിയിട്ടേ ഉണ്ടാവുകയുള്ളു ഒരാൾ ഓടി വന്നു പറഞ്ഞു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് വഫാത്തായിരിക്കുന്നു. ആ സമയം മറ്റൊന്നും ആലോചിക്കാതെ ഞാൻ വേഗത്തിൽ ഓടാൻ തുടങ്ങി. മുന്നോട്ട് ഏതാനും കാലടികൾ മാത്രമേ വെച്ചിട്ടുണ്ടാവുകയുള്ളു ഞാൻ ഓർത്തു ഹുദൂർ വഫാത്തായിരിക്കുന്നു. ഇനിയിപ്പോൾ ഞാൻ ഓടിയതു കൊണ്ട് എന്തു പ്രയോജനം. എന്നാൽ ജമാഅത്തിന്റെ സ്ഥിതിയോർത്ത് ഞാൻ വല്ലാതെ വേവലാതിപ്പെട്ടു.

(ശേഷം പേജ് 38 ൽ)

# മതേതരത്വം ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

സത്യദൂതൻ വജ്രജൂബിലി പതിപ്പിന്ന് വേണ്ടി 24 വർഷം മുമ്പ് അന്തരിച്ച ആദരണീയനായ ജസ്റ്റീസ് വി. ആർ കൃഷ്ണയ്യറുമായി നടത്തിയ ഹ്രസ്വമായ അഭിമുഖമാണ് ഇവിടെ പുനപ്രസിദ്ധീകരിക്കുന്നത്. എല്ലാ മതങ്ങളോടും തുല്യനീതിയാണ് ഇന്ത്യൻ ഭരണ ഘടന വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇന്ത്യയെ പൊലെയുള്ള ന്യൂനപക്ഷവും ഭൂരിപക്ഷ മതങ്ങളുള്ള ഒരു രാജ്യത്ത ജനാധിപത്യത്തിന്റെ നില നിൽപ്പിന്ന് മതേതരത്വം അനിവാര്യമാണെന്നും കൃഷ്ണയ്യർ പറയുന്നു. സ്വതന്ത്ര ഭാരതത്തിൽ അഹ്മദികൾ മുസ്ലിംകളാണെന്ന് 1971 ൽ ആദ്യമായി വിധിപ്രസ്താവം നടത്തിയത് ജസ്റ്റീസ് കൃഷ്ണയ്യരായിരുന്നു. (വിധിയുടെ പൂർണ്ണ രൂപം സത്യദൂതനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്). ഒരാളുടെ മതവിശ്വാസത്തിൽ വിധി പറയാൻ ഭരണ കൂടത്തിന്ന് അധികാരമില്ലെന്നും അവിഭക്ത ഭാരതത്തിൽ സർ സഫറുല്ലാഹ് ഖാൻ വാദിച്ചു ജയിച്ച വിധിയാണ് തൻ്റെ വിധിക്കായി റഫർ ചെയ്തതെന്നും ആംഗ്ലോ സാക്സൺ കീഴ്വഴക്കങ്ങളാണ് ഇത്തരം വിധിക്ക് അഭികാമ്യമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. പാകിസ്താനിൽ അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചത് ശരിയല്ല എന്നും കൃഷ്ണയ്യർ അഭിമുഖത്തിൽ പറഞ്ഞു. അഭിമുഖം നടത്തിയത് :എ. എം. മുഹമ്മദ് സലിം.

**വി. ആർ കൃഷ്ണയ്യർ**

ചോദ്യം: മതേതരത്വത്തെക്കുറിച്ച് താങ്കളുടെ കാഴ്ച്ചപ്പാട് എന്താണ്.?

ഉത്തരം: മതേതരത്വം എന്ന് പറയുന്നത് സെക്കുലരിസം എന്ന ഇംഗ്ലീഷ് വാക്കിന്റെ മലയാളമാണ്. സെക്കുലർ എന്ന വാക്കിന്ന് പല അർത്ഥങ്ങളും പലരും കൽപ്പിച്ചിട്ടുണ്ട്. പാശ്ചാത്യർ സെക്കുലർ എന്ന പദത്തിന്ന് നിരീശ്വര വാദം എന്ന് വരെയുള്ള അർത്ഥം കൊടുത്തിട്ടുണ്ട്. അതിനോട് ഞാൻ യോജിക്കുന്നില്ല. ഇന്ത്യയിലെ പരിതസ്ഥിതി മുന്നിൽ വെച്ച് കൊണ്ട് ബഹുമതങ്ങളുള്ള ഈ രാജ്യത്ത് സെക്കുലരിസം അഥവാ മതേതരത്വം നിർബന്ധമായും ഒരാവശ്യമാണെന്ന് ഞാൻ കരുതുന്നു. ഞാൻ കൽപ്പിക്കുന്ന അർത്ഥം എല്ലാ മതങ്ങൾക്കും അന്യോന്യം ബഹുമാനത്തോടുകൂടി വളരുവാൻ അനുവദിക്കുക എന്നുള്ളതാണ്. ഹിന്ദുവാകാം മുസ്ലിമാകാം മറ്റു മതാനുയായികളാവാം പക്ഷേ ഒരുവന്റെ മതത്തെ മറ്റൊരുവൻ വ്രണപ്പെടുത്തുകയോ അല്ലെങ്കിൽ തെറ്റായ ധാണമൂലം അപമാനിക്കുകയോ ചെയ്യുന്നത് ഒരു കാലത്തും സമ്മതിച്ചു കൂടാത്തതാണ്. അസഹിഷ്ണുത മതരംഗത്ത് ഒരു മതവും പ്രകടിപ്പിക്കുന്നത് ഉചിതമല്ല. എല്ലാ മതങ്ങളുടെയും സാരാംശം ഒന്നാണെന്ന് ബോധം ഉണ്ടാവണം രണ്ടാമതായി മത വ്യത്യസ്ത മറ്റുള്ളവരെ വെറുക്കാൻ കാരണമാവരുത്. അത് വർഗ്ഗീയതയിൽ എത്തിക്കും.

ഒരു മതം മറ്റൊരു മതത്തെ ബഹുമാനിക്കണമെന്ന് മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവരുടെ ആത്മാർത്ഥ തയെ അംഗീകരിച്ചുകൊണ്ട് അവരെ ആദരിക്കണമെന്നുള്ളതാണ് മതേതരത്വത്തിന്റെ അടിസ്ഥാന ദർശനം. അന്യോന്യമുള്ള ആദരവ് എന്ന മനോഭാവമാണ് ഞാൻ സെക്കുലരിസം എന്ന പദത്തിന്ന് നൽകുന്നത്.


ചോദ്യം: നമ്മുടെ സെക്കുലരിസം അത് ലക്ഷ്യമാക്കുന്ന നന്മകളിൽ എത്തിചേരാൻ സഹായകമാണോ?

ഉത്തരം: നിശ്ചയമായും സാധിക്കും. മതേതരത്വം ശരിയായി പാലിക്കുന്ന ജനതയാണ് നമ്മളെങ്കിൽ നമ്മുടെ നാട്ടിൽ നാം ഉണ്ടാക്കുന്നതായ ദുരവസ്ഥകൾ ഒന്നും സംഭവിക്കില്ലായിരുന്നു. നിർഭാഗ്യവശാൽ ചില മൗലിക വാദികൾ മത മൗലിക വാദികളെന്നാണ് അവരെ പറ്റി പറയുന്നത് (ആ വാക്കിന്റെ അർത്ഥം തന്നെ എന്താണെന്ന് വ്യക്തമല്ല.) അന്ധവിശ്വാസങ്ങളെ ഉയർത്തിപ്പിടിച്ച് അതാണ് മതമെന്ന് അവർ വാദിക്കുന്നു. വികാരങ്ങളെ ഇളക്കിവിട്ട് നാട്ടിൽ കുഴപ്പങ്ങളും വർഗ്ഗീയ ലഹളകളും ഉണ്ടാക്കുന്നു. അത് ഒരു കാലത്തും പൊറുക്കാവതല്ലാത്തതാണ്. ഈ നിലക്ക് സെക്കുലരിസം നമ്മുടെ നാട്ടിൽ കുറേയൊക്കെ പരാജയപ്പെട്ടിരിക്കുന്നു. എന്ന് പറയേണ്ടിവരും. എന്നാൽ നമ്മുടെ നാട്ടിൽ പുതുതായി, ഒരു ചൈതന്യവത്തായ ശക്തിയായി മതേതരത്വം വളർന്നു വരുന്നുണ്ട്. മതങ്ങൾ അന്യോന്യം സഹിഷ്ണുത കാണിക്കണം. സൗഭ്രാതം കാണിക്കണം എന്നുള്ളത് വളരെ പ്രധാനമാണ്. ആ നിലക്ക് ഇന്നത്തെ അന്തരീക്ഷം വളരെ അനുകൂലമായി തെളിഞ്ഞു കൊണ്ടിരിക്കുന്നു എന്നു മാത്രമേ പറയുന്നുള്ളൂ. വർഗ്ഗീയത മനസ്സിന്റെ ഉള്ളിൽ ഒളിപ്പിച്ചിരിക്കുന്നതായി പല ദിക്കിലും കാണാൻ കഴിയുന്നു. എങ്ങനെയാണ് ഇത് പിഴുതെറിയാൻ സാധിക്കുക? എന്നതിനെപറ്റി എനിക്ക് യാതൊന്നും പറയാൻ കഴിയുകയില്ല. ഞാൻ പല സംഘടനകളിലും അം

ഗമാണ്. അതിലെല്ലാമുള്ള ഒരു പ്രധാന ഘടകം വർഗ്ഗീയതയെ എതിർക്കുക മതങ്ങൾ അന്യോന്യം ബഹുമാനം പ്രകടിപ്പിക്കുക എന്നതാണ്. അങ്ങിനെ പൊതുജനാഭിപ്രായം എല്ലാ ജനവിഭാഗങ്ങളിലും ഉയർന്നു വരികയാണെങ്കിൽ സംശയമില്ല അന്തരീക്ഷം നമുക്ക് അനുകൂലമാണ്.

ചോദ്യം: വർഗ്ഗീയതയെ ഇല്ലാതാക്കാൻ മതത്തിന്റെ ഭാഗത്ത് നിന്ന് തന്നെയുള്ള ആത്മീയ ധാർമിക മൂല്യങ്ങൾക്ക് സാധിക്കുമോ? സഹിഷ്ണുതാപരമായ അത്തരം ഘടകങ്ങൾ എല്ലാ മതത്തിലും ഉണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ? അവ പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുമോ?

ഉത്തരം: സാധിക്കും എന്നാണ് എന്റെ വിശ്വാസം. സാധിക്കുന്നില്ല എന്ന് പരമാർത്ഥം മറച്ച് വെച്ചത് കൊണ്ട് യാതൊരു കാര്യവുമില്ല. ഇന്ന് എന്താണ് നടക്കുന്നതെന്ന് വെച്ചാൽ ഈ രാജ്യത്ത് ബഹുമതങ്ങൾ ഉണ്ടെന്ന് എല്ലാവരും അംഗീകരിക്കുന്നു എന്നു മാത്രമല്ല സർ രാധാകൃഷ്ണൻ മഹാത്മാ ഗാന്ധി എന്നിവരെല്ലാം നമ്മെ പറഞ്ഞു ധരിപ്പിച്ചിട്ടുള്ള ഈ വീക്ഷണ കോണിൽ കൂടി നോക്കുകയാണെങ്കിൽ എല്ലാ മതങ്ങളിലും മാന്യതയുണ്ട്. എല്ലാ മതങ്ങളിലും സത്യമുണ്ട് അതുകൊണ്ട് എല്ലാ മതാനുയായികളും സൗഹൃദത്തിൽ ജീവിക്കേണ്ട ഒരു രാജ്യമാണ് ഭാരതം. എങ്കിലും ഈ വർഗ്ഗീയതയെ പ്രീണിപ്പിക്കാൻ വേണ്ടി പല കക്ഷികളും ശ്രമിക്കുന്നതായി കാണാം വർഗ്ഗീയതയിൽ നിന്ന് രാഷ്ട്രീയമായി മുതലെടുക്കാൻ ശ്രമിക്കുന്ന ശക്തികളുമുണ്ട്. വർഗ്ഗീയതയേയും മതവികാരത്തേയും കൂട്ടിക്കുഴച്ച് ഈ രാജ്യത്ത് കുഴപ്പങ്ങളും കഷ്ടപ്പാടുകളും സൃഷ്ടിക്കുന്ന ആ വിഭാഗം നിലനിൽക്കുമ്പോൾ എങ്ങനെയാണ് ഇത് അവസാനിപ്പിക്കുക? ഇന്ന് നാം ചെയ്യേണ്ടത് രാഷ്ട്രീയമൊ



വി.ആർ കൃഷ്ണയ്യർ- ഒരു പഴയകാല ചിത്രം

ന്നു വേറെ മതമൊന്നു വേറെ എന്നതിലേക്ക് ഒരു 'വാൾ ഓഫ് സപ്പറേഷൻ' (വിഭജന ഭിത്തി) തന്നെ വേണമെന്നുള്ളതാണ്. അല്ലെങ്കിൽ മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടികുഴയുകയാണ് ഫലം. ഇത് എവിടെയെങ്കിലും വികാരത്തിൽ ചെന്ന് മുട്ടാതിരിക്കില്ല. വികാരമാകുന്ന അഗ്നി ആളിക്കത്തിയാൽ പിടിച്ചു നിർത്താൻ സാധിച്ചെന്ന് വരില്ല. ഇതാണ് ഇന്നത്തെ അവസ്ഥ.

ചോദ്യം: പാകിസ്താനിൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്താണ് താങ്കളുടെ അഭിപ്രായം?

ഉത്തരം: അഹ്മദിയ്യാ സമൂഹത്തെ ഇവിടുത്തെ മുസ്‌ലിംകൾ, മുസ്‌ലിംകളല്ല എന്നാണ് പറയുന്നത്. അത്കൊണ്ട് അവരെ മതത്തിൽ നിന്ന് പുറത്താക്കണമെന്നും അവർ പറയുന്നു. അപ്രകാരം അഹ്മദികൾ മുസ്‌ലിംകളല്ലന്നാണ് പാകിസ്താനിലെ മുസ്‌ലിംകൾ പറയുന്നത്. ഇതിൽ എനിക്കൊന്നും പറയാനില്ല. ആ രാജ്യത്തിന്റെ തലപ്പത്തുള്ള രാഷ്ട്രീയ നേതാക്കന്മാർ അങ്ങനെ വിധിച്ചിരിക്കയാണ്. അഹ്മദിയ്യർ മുസ്‌ലിംകളല്ല എന്ന വാദം വിചിത്രമാണ്. കാരണം സർ സഫറുല്ലാഹ് ഖാൻ പാക്കിസ്താന്റെ പ്രതിനിധിയായിരുന്നു. യുണൈറ്റഡ് നേഷൻസിൽ പാക്കിസ്താന്റെ വാക്താവായിരുന്നു. അദ്ദേഹം അഹ്മദിയ്യാക്കാരൻ ആയിരുന്നു. അപ്പോൾ ഒരു മുസ്‌ലിം രാഷ്ട്രത്തിന്റെ പ്രതിനിധിയായി ഒരു അമുസ്‌ലിമിനെയാണോ അവിടെ നിയമിച്ചത് എന്നത് അവിശ്വസനീയമാണ് എന്നാണ് ഞാൻ അനുമാനിക്കുന്നത്. അന്യോന്യം പൊറുപ്പിക്കാതിരിക്കാനുള്ള വാസനയും അതിൽ നിന്ന് രാഷ്ട്രീയ മുതലെടുപ്പ് നടത്താനുള്ള പ്രവണതയുമാണ് ഇതിന്റെ അടിയിൽ കിടക്കുന്നത്. അപ്പോൾ അധികാരത്തെ മതത്തിൽ നിന്നും എങ്ങിനെങ്കിലും പറിച്ചെടുക്കണം. അങ്ങനെ ആവുമെങ്കിൽ നമ്മുടെ ലക്ഷ്യം വിജയത്തിലെത്തും. എന്റെ എളിയ അഭിപ്രായം എന്റെ ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ചൂണ്ടിക്കാണിച്ചത് പോലെ, അഹ്മദിയർ ഇസ്‌ലാം മതത്തിൽപ്പെട്ടവർ ആണ് എന്നും കൂടുതൽ വിശാലമായി അവർ കാര്യങ്ങൾ കാണുന്നവരുമാണത്. അതല്ലാതെ അവർ അമുസ്‌ലിംങ്ങളാണെന്ന് പറയുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. പക്ഷേ അതിന്റെ അടിസ്ഥനത്തിൽ ഒരു വഴക്കിന്നും ഞാനില്ല.

ചോദ്യം: പാക്കിസ്താനിൽ അഹ്മദികളെ പാർലമെന്റിന്റെ ഭൂരിപക്ഷത്തോടെയാണ് അമുസ്‌ലിംകളായി പ്രഖ്യാപിച്ചത്. വ്യക്തികളുടെ മതവിശ്വാസത്തെ പറ്റി ഒരു തീരുമാനമെടുക്കാൻ ഗവർമെന്റിന്ന് അധികാരമുണ്ടോ? നമ്മുടെ ഇന്ത്യൻ ഭരണ ഘടന അക്കാര്യത്തിൽ എത്രത്തോളം ഉറപ്പ് നൽകുന്നു?

ഉത്തരം: മതത്തിൽ ഇടപെടാൻ പാടില്ല എന്ന് നമ്മുടെ ഭരണ ഘടന ഉറപ്പ് നൽകിയിട്ടുണ്ട്. അതിനെപറ്റി തർക്കമില്ല. പാക്കിസ്താൻ മറ്റൊരു നിലപാടാണ് അംഗീകരിച്ചിട്ടുള്ളത്. പാകിസ്താൻ ഭരണ ഘടനയിൽ ഇസ്‌ലാമിന്ന് പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാം എന്താണെന്ന് അവരാണ് കൽപ്പിക്കുന്നത്. അങ്ങനെ ചെയ്യുന്നത് ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഭൗതിക കാര്യങ്ങൾ മാത്രം കൈയ്യാളുന്ന രാഷ്ട്രീയക്കാരൻ എങ്ങനെയാണ് മതത്തിന്റെ കാര്യത്തിൽ വിധിയെഴുതുക? ഇത് വിചിത്രമായിരിക്കുന്നു. ഏതായാലും അവിടെ അഹ്മദിയർ മുസ്‌ലിംകൾ അല്ല എന്നാണ് പറയുന്നത്. നിങ്ങൾ ചൂണ്ടിക്കാണിച്ചത് പോലെ അവരെ അമുസ്‌ലിംകളായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷേ എനിക്കറിയാവുന്ന പാക്കിസ്താനിലെ ഹ്യൂമൻ റൈറ്റ് കമ്മീഷൻ പ്രസിഡണ്ട് അസ്മാ ജഹാംഗീർ* ഒരു അഹ്മദിയ്യാ സ്ത്രീ ആണ്. അവരുടെ ഭർത്താവും രണ്ടും പേരും മുസ്‌ലിംകൾ തന്നെ.

എന്റെ എളിയ അഭിപ്രായതിൽ അഹ്മദിയ്യാ വിഭാഗത്തെ, അവർ മുസ്‌ലിംകളല്ല എന്ന് പറഞ്ഞ് മാറ്റി നിർത്തുന്ന പ്രക്രിയ ഭൗതിക രാഷ് ട്രീയത്തിന്റെ പരിധിയിൽപ്പെട്ടതല്ല എന്നുള്ളതാണ്. അക്കാര്യങ്ങളെല്ലാം മത നേതാക്കൾ ചർച്ച ചെയ്ത് തീരുമാനിക്കട്ടെ. രാഷ്ട്രീയക്കാർ അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതും അധികാരം നടത്തുന്നതും ശരിയല്ല.

ഇത് സംബന്ധിച്ച പ്രശ്നം എന്റെ കോടതിയിൽ വന്നപ്പോൾ മുസൽമാൻ എന്ന് പറഞ്ഞാൽ എന്തെല്ലാമാണ് അതിന്റെ ഘടകങ്ങൾ എന്നതായിരുന്നു ചോദ്യങ്ങളായി കോടതിയിൽ വന്നത്. അതിനെ സംബന്ധി ചേടത്തോളം ആംഗ്ലോ സാക്സൺ കീഴ്‌വഴക്കങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനനുസരിച്ച് പ്രവർത്തിക്കാനാണ് ഇന്ത്യയിൽ അവശ്യമായിരുന്നത്. ഈ ചോദ്യം എന്റെ കോടതിയിൽ വന്നപ്പോൾ പഴയ വിധികൾ നോക്കിയതിൽ മദ്രാസിൽ ഒരു ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുള്ളത് അഹ്മദികൾ മുസ്‌ലിംകളാണെന്നാണ്. സർ സഫറുല്ലാഹ് ഖാൻ ആണ് കേസ് വാദിച്ചത്. രണ്ട് യൂറോപ്യൻ ജഡ്ജിമാരാണ് വിധി പറഞ്ഞത്. അതിനെതിരെ ഒരു വിധിയും ഉണ്ടായിട്ടില്ല.

ചോദ്യം: സെക്കുലരിസത്തിന്റെ ഗുണഭോക്താക്കൾ ഏറിയ കൂറും ന്യൂനപക്ഷങ്ങളാണെന്നിരിക്കെ ന്യൂനപക്ഷങ്ങളിൽ നിന്നുള്ള പ്രതികരണങ്ങൾ സെക്കുലറിസത്തെ എങ്ങനെ ബാധിക്കും?

ഉത്തരം: ന്യൂനപക്ഷത്തിന്ന് മാത്രമല്ല, ജനാധിപത്യം ഒരു രാജ്യത്ത് വേരൂന്നണമെങ്കിൽ ഭൂരിപക്ഷത്തിന്നും മതേതരത്വം അംഗീകരിക്കേണ്ടിവരും. അല്ലെങ്കിൽ ജനാധിപത്യത്തിന്ന് തന്നെ ഭദ്രതയില്ല. മതേതരത്വം എന്ന തത്വം ഭൂരിപക്ഷത്തിന്നും ന്യൂനപക്ഷത്തിന്നും ഒരു പോലെ ആവശ്യമാണ് മതേതരത്വവും ജനാധിപത്യവും പരസ്പര പൂരകങ്ങളാണ്. ഐക്യവും ഉദ്ഗ്രഥനവും സ്ഥായിയായി തീരണമെങ്കിൽ മതേതരത്വം ശക്തിപ്പെട്ടേ മതിയാവൂ.

**പേജ് 35 ൽ നിന്ന്**

അതിനാൽ ഞാൻ ആ വഴിയിൽ തന്നെ നിന്നു കൊണ്ട് അതിദയനീയമായി അല്ലാഹുവിനോടു ദുആ ചെയ്യാൻ തുടങ്ങി. അല്ലാഹുവേ ഖലീഫത്തുൽ മസീഹ് വഫാത്തായിരിക്കുന്നു. നീ ജമാഅത്തിനെ ഫിത്നയിൽ നിന്നും രക്ഷിക്കേണമേ. ഞാൻ കുറേ നേരം വരെ ആ വഴിയിൽ കൈ ഉയർത്തി ദുആ ചെയ്തു കൊണ്ടിരുന്നു. പിന്നീട് ഞാൻ ഹദറത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീട്ടിലേയ്ക്കു വേഗം വേഗം നടക്കാൻ തുടങ്ങി.

നവാബ് അബ്ദുർ റഹീം ഖാൻ സാഹിബ് വിവരിക്കുകയാണു ജുമുആ നമസ്ക്കാരം കഴിഞ്ഞ യുടനെ മസ്ജിദ് അഖ്സയിൽ നിന്നും ഞാനും മിർസാ ബശീർ അഹ്മദ് സാഹിബും ഖലീഫത്തുൽ മസീഹിന്റെ ആരോഗ്യനിലയോർത്തു വേഗം തന്നെ കോഠി ദാറുസ്സലാമിലേയ്ക്കു പുറപ്പെട്ടു. കോഠിയെത്തുന്നതിനു അൽപം മുമ്പ് എതിരെ വന്ന ഒരാൾ പറഞ്ഞു ഖലീഫത്തു മസീഹ് വഫാത്തായിരിക്കുന്നു. ഹദ്റത്ത് ബശീർ അഹ്മദ് സാഹിബ് അതു കേട്ട് ദു:ഖം സഹിക്കാനാവാതെ വേവലാതിയോടെ കോഠിയിലേയ്ക്കു ഓടി. അപ്പോഴേയ്ക്കും കോഠിയുടെ ഓരോ ഭാഗവും ഖാദിയാനിലെ സ്ത്രീകളേയും പുരുഷന്മാരേയും കൊണ്ട് നിറയാൻ തുടങ്ങിയിരുന്നു. ഇതായിരുന്നു ഹുദൂർ വഫാത്തായ ശേഷമുള്ള ഖാദിയാന്റെ അവസ്ഥ. ഖാദിയാനു പുറത്തുള്ള ഇന്ത്യയിലെ മുഴുവൻ ജമാഅത്തുകൾക്കും കമ്പി സന്ദേശം മുഖേന ഈ ദു:ഖ വാർത്ത അറിയിച്ചതോടെ അവരും ഖാദിയാനിൽ എത്താൻ തുടങ്ങിയിരുന്നു. (തുടരും)

The Official Website of
the Ahmadiyya Muslim Community
AL-ISLAM

# പരമ ദയനീയം ലോക മുസ്‌ലിം അവസ്ഥ

ചരിത്രത്തിൽ ഇന്ന് വരെ ഇല്ലാത്തവിധം ആഗോള വ്യാപകമായി മുസ്‌ലിം സമൂഹം സ്വയം ജീർണ്ണിക്കുകയും വേട്ടയാടപ്പെടുകയും ചെയ്യുന്നു. ലോകത്തിന് മഹത്തായ സംസ്കാരവും വിജ്ഞാവും നൽകിയ ഒരു മത സമൂഹം ദൈന്യതയുടെയും പീഡനത്തിന്റെയും നീചസ്ഥായിയിൽ നിലകൊള്ളുകയാണ്. ഈയൊരു യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി ഒരു പ്രമേയം പാസ്സാക്കിക്കൊണ്ട് 2022 മുതൽ മാർച്ച് 15 ന് ഇസ്‌ലാമോഫോബിയാ വിരുദ്ധ ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. 140 രാജ്യങ്ങളിൽ ലോക വ്യാപകമായി ഈ ദിനം ആചരിക്കുകയാണ്. 2019 മാർച്ച് 15 ന് ഒരു വെള്ള വംശീയ ഭീകരവാദി ന്യൂസിലണ്ടിലെ ക്രൈസ്റ്റ് ചർച്ച് നഗരത്തിലെ മസ്ജിദിൽ നടത്തിയ വെടിവെപ്പിൽ 51 പേരെ വധിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ലോകത്തെല്ലായിടത്തും പ്രത്യേകിച്ചും യൂറോപ്പിൽ ഉരുണ്ടു കൂടിയ ഇസ്‌ലാം വിരുദ്ധത ഒരു ഹീന മനസ്സിലൂടെ പുറത്തുവന്ന സംഹാരാത്മകമായ സംഭവമായിരുന്നു ഈ കൂട്ടക്കൊല. ലോകമനസ്സാക്ഷിയെ നടുക്കിയ ആ സംഭവത്തിന്റെ അനുസ്മരണമായിട്ടാണ് മാർച്ച് 15 ഇസ്‌ലാമോഫോബിയാ വിരുദ്ധ ദിനമായി ആചരിക്കാൻ ഐക്യരാഷ്ട്ര സഭ തിരഞ്ഞെടുത്തത്.

പ്രസ്തുത ദിനത്തോടനുബന്ധിച്ച് ഈ വർഷം 2024 മാർച്ച് 15 ന് ജനീവയിലെ യുഎൻ മനുഷ്യാവകാശ കമ്മീഷണറുടെ ഓഫീസിൽ നിന്നിറക്കിയ പത്രക്കുറിപ്പിൽ ഇസ്‌ലാമിക വിരുദ്ധത അപകടകരമായ വിതാനത്തിൽ എത്തി നിൽക്കുകയാണെന്ന് പറയുന്നു. ലോകം മുഴുവൻ മുസ്‌ലിംകൾ ഭയാനകമായ തോതിൽ അക്രമണങ്ങളും പീഡനങ്ങളും അഭിമുഖീകരിക്കുകയാണെന്നും ലോക ഭരണകൂടങ്ങൾ ഇതിനെതിരെ നടപടി സ്വീകരിക്കണമെന്നും ഐക്യരാഷ്ട്ര സഭ ആധികാരികമായി മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ലോകം മുഴുവനുമുള്ള വിവരങ്ങൾ ശേഖരിച്ചാണ് യു എൻ വിദഗ്ദർ ഈ താക്കീത് നൽകിയത്. ഇസ്‌ലാമോഫോബിയായെ പ്രതിരോധിക്കാനുള്ള യു എൻ പ്രമേയം 115 രാജ്യങ്ങളുടെ പിന്തുണയോടെ സഭ അംഗീകരിച്ചു. ഇന്ത്യ വോട്ടെടുപ്പിൽ നിന്നും വിട്ടു നിന്നു. ഫ്രാൻസ് ബ്രസീൽ ജർമ്മനി ഇറ്റലി യുക്രെയ്ൻ തുടങ്ങി 44 രാജ്യങ്ങളും വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു.

മുസ്‌ലിം വിരുദ്ധതയുടെ അതിമാരകമായ പ്രകടനങ്ങൾ 2023 ഒക്ടോബറിൽ ആരംഭിച്ച ഇസ്റയേൽ ആക്രമണത്തിൽ പ്രകടമാണ്. 31,500 ഫലസ്തീനികൾ ഇതുവരെ കൊല്ലപ്പെട്ടു. ഗസ്സയിലെ 70 ശതമാനത്തിലധികം വീടുകൾ തകർത്തു തരിപ്പണമാക്കി. ആ നിഷ്ഠൂരമായ നരമേധങ്ങൾ ഇപ്പോഴും നിർബാധം തുടരുന്നു. ആശുപത്രികൾ, വിദ്യാലയങ്ങൾ അഭയാർത്ഥിക്യാമ്പുകൾ യുദ്ധ മുഖത്ത് പോലും ഒരിക്കലും ചെയ്യാൻ പാടില്ലാത്ത സ്തോഭജനകമായ പൈശാചിക കൃത്യങ്ങളാണ് ഇസ്റയേൽചെയ്ത് കൊണ്ടിരിക്കുന്നത്. ഐക്യരാഷ്ട്രസഭയും ലോക രാഷ്ട്രങ്ങളും അറബ് മുസ്‌ലിം ലോകവും നിസ്സംഗരായി ഈ മഹാ ക്രൂരതകൾ നോക്കി നിൽക്കുകയാണ്. ഇസ്റയേലിന്റെ വംശഹത്യക്കെതിരെ ദക്ഷിണാഫ്രിക്ക ലോക കോടതിക്കു മുന്നിൽ ഫയൽ ചെയ്ത കേസിൽ ഇസ്റയേലിനെതിരെ ഇടക്കാല ഉത്തരവ് വന്നിട്ടും അതിന് പുല്ല് വില കൽപ്പിക്കാതെ ഫലസ്തീനികൾക്കെതിരെ മനുഷ്യമനസ്സാക്ഷി നടുങ്ങിപ്പോകും വിധം ഇസ്റയേൽ ചെയ്തു കൂട്ടുന്ന അകൃത്യങ്ങൾ നാസികൾ പോലും അവരോട് ചെയ്യാത്തതാണ്. ഇസ്റയേലിന്റെ ഉപരോധവും വൈദ്യുതി വിഛേദനം കൊണ്ടും ഭക്ഷണവും വെള്ളവും ഇല്ലാതെ കൊടുംപട്ടിണിയിൽ അവശരായ ഫലസ്തീനികൾ ഫെബ്ര 29 ന് ഭക്ഷണത്തിനും സഹായത്തിനും കാത്തുനിൽക്കുമ്പോൾ ആ വിശന്നു വലഞ്ഞ പട്ടിണിക്കോലങ്ങൾക്ക് നേരെ ഇസ്റയേലീ അധിനിവേശ സേന അതിക്രൂരമായി വെടിവെച്ചു. മഗയാ വിനോദം പോലെ വേട്ട നടത്തുകയാണ്. ക്യൂവിൽ നിന്ന ആ ഹതഭാഗ്യരിൽ 21 പേരാണ് തൽക്ഷണം മരിച്ചു വീണത്. നൂറുക്കണക്കിന്നാളുകൾക്ക് ഗുരുതരമായ പരിക്കുകളുമേറ്റു. റമദാനിൽ ഗസ്സയിൽ ആറാഴ്ച്ച വെടിനിർത്തലുണ്ടാക്കാൻ ശ്രമിക്കുമെന്ന് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ അഭ്യർത്ഥിച്ചെങ്കിലും കല്ല്പോലെ ഹൃദയമുള്ള ഇസ്റയേലികൾ അത് അനുവദിച്ചില്ല. കടലിലൂടെ ഗസ്സയിലേക്ക് ഭക്ഷണമെത്തിക്കാനുള്ള യൂറോപ്യൻ യൂണിയന്റെ തീവ്രശ്രമവും വിജയിച്ചിട്ടില്ല. യൂറോപ്യൻ യൂണിയനിൻ ഫലസ്തീൻ പുനർ നിർമ്മാണത്തിന് നൽകുമെന്ന് വാഗ്ദാനം ചെയ്ത 691 ദശലക്ഷം യൂറോ (728 ദശലക്ഷം ഡോളർ) ഇപ്പോൾ ചില അംഗരാജ്യങ്ങളുടെ വിയോജിപ്പ് കാരണം നൽകാതെ പുനരാലോചനക്ക് വെച്ചിരിക്കയാണ്. ഭക്ഷണവും സഹായവുമെത്തിക്കാൻ ഈജിപ്തിൽ നിന്നുമുള്ള റഫാ അതിർത്തി തുറക്കാൻ അവർ ഇതുവരെ അനുവദിച്ചിട്ടില്ല. പോഷകാഹാര കുറവും മരുന്നുമില്ലാതെ കുട്ടികൾ അവിടെ മരിച്ചു വീഴാനാരംഭിച്ചിരിക്കുന്നു എ

ന്ന അത്യന്തം ആശങ്കാജനകമായ വിവരമാണ് ലഭിക്കുന്നത്. ഗസ്സയിൽ ഇനി പൂർണ്ണ ആരോഗ്യത്തോടെ കുഞ്ഞുങ്ങൾ പിറക്കുന്നത് അപൂർവ്വമായിരിക്കുമെന്നാണ് യു എൻ പോപ്പുലേഷൻ ഫണ്ട് പ്രതിനിധി ഡൊമിനിക്ക് അലൻ പറഞ്ഞത് (2024 മാർച്ച് 15). അത്രക്ക് പട്ടിണിയും പോഷകാഹാര കുറവും രോഗവും ബോംബിംങ്ങും ഭീകരതയും അരക്ഷിതത്വവും അവരെ ഗ്രസിച്ചു കഴിഞ്ഞു. ഈ റമദാനിലും ഇസ്റയേലീ അക്രമണത്തിന് യാതൊരു അയവുമില്ല. അൽ അഖ്സാ പള്ളിയിൽ കയറിയും ഇസ്റയേലീ പട്ടാളം അക്രമമാരംഭിച്ചിരിക്കുന്നു. ഫിർഔൻ കുട്ടികളെ വധിച്ചത് പോലെ പതിനായിരക്കണക്കിന് കുട്ടികളെയാണ് ഇസ്റയേൽ പ്രത്യേക ലക്ഷ്യത്തോടെ വധിച്ചു കളഞ്ഞത്. ഇത്രയുമായിട്ടും യു എന്നോ അമേരിക്കക്കും ഇസ്റയേലിനും വിധേയപ്പെട്ട 22 അംഗ രാജ്യങ്ങളുള്ള അറബ്‌ലീഗിനോ 57 ഇസ്‌ലാമിക രാജ്യങ്ങൾ അംഗങ്ങളായുള്ള ഒ ഐ സി യോ ഫലസ്തീൻ പ്രശ്നത്തിൽ ഒരു ചെറുവിരലനക്കാൻ സാധിച്ചിട്ടില്ല. ബ്രിട്ടനും അമേരിക്കയും ഫ്രാൻസും മറ്റു യൂറോപ്യൻ രാജ്യങ്ങളും ഈ കൊടും പാതകത്തിന്റെ കൂട്ടു പ്രതികളാണ്.

ആധുനിക കാലത്ത് മുസ്‌ലിം പീഡനത്തിന്റെ ദാരുണമായ ഒരു സംഭവം സാർ ചക്രവർത്തിമാർ നടത്തിയ ഭീതി ദത്തമായ വംശഹത്യകളിലൊന്നായ സിർകാസിയൻ വംശഹത്യയാണ് (1800–1870). പത്ത് മുതൽ പതിനഞ്ച് ലക്ഷം മുസ്‌ലിംകളാണ് അന്ന് കൊല്ലപ്പെട്ടത്. പിന്നീട് 1995 ലെ ബോസ്നിയൻ മുസ്ലികളുടെ കൂട്ടക്കൊല. അതിന് ശേഷം മെയ്നമാറിലെ രോഹിഗ്യൻ മുസ്‌ലിംകളുടെ വംശഹത്യ. അവിടുത്തെ പട്ടാള ഭരണകൂടം നടത്തിയ കൂട്ടക്കൊലയുടെ ഫലമായി ബംഗ്ലാദേശിലേക്കും ഇന്ത്യയിലേക്കും അവർ പലായനം ചെയ്ത് അഭയാർത്ഥികളായി കഴിയുകയാണ്. സി ഐ എ എ അവരെ അവിടെ നിന്നും എപ്പോഴാണ് നിഷ്കാസിതരാക്കുക എന്നറിയില്ല. ചൈനയിലെ ഉയിഗൂർ മുസ്‌ലിംകൾ മാസ് ഡിറ്റൻഷൻ കേന്ദ്രങ്ങളിലും നിർബന്ധിത പാർട്ടി വിദ്യാഭ്യാസവും നിർബന്ധിത വന്ധ്യകരണം എന്നീ കിരാത മുറകൾ അനുഭവിച്ചു വരികയാണ്. സിറിയ ഇറാഖ് യമൻ ഇവിടങ്ങളിലെല്ലാം രക്തവും കണ്ണീരും ഒഴിയാത്ത നേരമില്ല. യൂറോപ്പിൽ പണ്ട് ആന്റി സെമിറ്റിസം എന്ന പേരിൽ യഹൂദരായിരുന്നു പീഡനത്തിന് വിധേരായിരുന്നത് ഇന്ന് ആ സ്ഥാനത്ത് മുസ്‌ലിംകളാണ്. ഇന്ത്യയിൽ ദളിതരെപോലെ മുസ്‌ലിംകളും പിന്നോക്കക്കാരും പീഡിതരുമാണ്.

ഇന്ന് യൂറോപ്പിലാകെ 44 ദശലക്ഷം മുസ്‌ലിംകൾ വസിക്കുന്നു. യൂറോപ്യൻ ജനസംഖ്യയുടെ 6 ശതമാനം വരും ഇത്. യൂറോപ്പിൽ ക്രിസ്തുമതം കഴിഞ്ഞാൽ ഏറ്റവും വലിയ മതം ഇസ്‌ലാമാണ് 8 മുതൽ 10 വരെ നൂറ്റാണ്ടു കളിൽ ഉമവിയ്യാ ഖിലാഫത്തിനു കീഴിൽ വടക്കൻ ആഫ്രിക്കയിൽ നിന്നും സ്പെയിൻ വഴി പശ്ചിമ യൂറോപ്പിലേക്ക് പ്രവേശിച്ച ഇസ്‌ലാമിന്റെ തുടർ പ്രയാണം ഫ്രാൻസിൽ വെച്ച് തടയപ്പെടുകയായിരുന്നു. പിന്നീട് 15–ാം നൂറ്റാണ്ടിൽ ഉസ്മാനിയാ ഖിലാഫത്തിന്റെ കാലത്ത് തുർക്കികൾ കിഴക്കൻ റോമാ സാമ്രാജ്യം എന്നറിയപ്പെട്ട ബൈസാന്റിയം സാമ്രാജ്യം കീഴടക്കിയപോഴാണ് കിഴക്കൻ യൂറോപ്പിലെ ഗ്രീസ് അൽബേനിയ, നോർത്ത് മാസിഡോണിയ, കോസോവ, അൽബേനിയ, ബോസ്നിയ, സെർബിയ മൊണ്ടെനെർഗോ, ഹെർസഗോവിന, ക്രയോഷ്യ, ഹംങ്കറി, റോമേനിയ ബൾഗേറിയ ഉക്രയ്ന്റെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ അവരുടെ ഖിലാഫത്തിനു കീഴിലുള്ള ഭരണ പ്രദേശങ്ങൾ എന്ന നിലക്ക് ഇസ്‌ലാമിനെ യൂറോപ്പിന് പരിചയപ്പെടുന്നത്. ഇന്ന് തുർക്കി, അൽബേനിയ, അസർബൈജാൻ ബോസ്നിയ ഹെർസഗോവിന, ഖസാകിസ്ഥാൻ എന്നീ രാജ്യങ്ങൾ മുസ്‌ലിം ഭൂരിപക്ഷമുള്ള യൂറോപ്യൻ രാജ്യങ്ങളാണ്. പശ്ചിമ യൂറോപ്പിൽ ഫ്രാൻസ്, (7.5%) നെതർലന്റ്സ് (6%) ബെൽജിയം (5.9%) ജർമ്മനി (4%) എന്നീ രാജ്യങ്ങളിൽ മുസ്‌ലിം സാന്നിദ്ധ്യമുണ്ട്. സ്വീഡൻ ബെൽജിയം എന്നീ രാജ്യങ്ങളിലും മുസ്‌ലിം സാന്നിദ്ധ്യം ശക്തമായുണ്ട്. വാഷിംങ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജലം Research Centre എന്ന വിദഗ്ദന്മാരുടെ (Think Tank) സംഘം ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ അവസ്ഥയിലും യൂറോപ്പിൽ ഏറ്റവും പ്രചാരമുള്ള മതം ഇസ്‌ലാം മതമാണെന്നാണ് അവരുടെ പഠനഫലങ്ങൾ പറയുന്നത്. യൂറോപ്പിൽ ഇന്ന് വ്യാപകമായി മുസ്‌ലിം വിദ്വേഷ പ്രചാരണം ശക്തിപ്പെട്ടു വരുന്നതിന് കാരണവും അതാണ്. യൂറോപ്പിലെല്ലായിടത്തുമുള്ള ഫാസിസ്റ്റ് രുചിയുള്ള വലത് പക്ഷ പാർട്ടികളാണ് ഇതിന് നേതൃത്വം നൽകുന്നത്. പലസ്ഥലങ്ങളിലും ഫലസ്തീൻ അനുകൂല പ്രകടനങ്ങൾ വരെ നിരോധിക്കപ്പെടുകയാണ്.

നെതർലന്റിൽ ഗീർട്ട് വൈൽഡർ ഖുർആനും മസ്ജിദുകളും നിരോധിക്കും എന്ന് പറഞ്ഞാണ് അധികാരത്തിലേറിയത്. ഈ വരുന്ന നവംമ്പറിൽ നടക്കുന്ന അമേരിക്കൻ തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രമ്പ് വീണ്ടും അധികാരത്തിൽ വരുകയാണെങ്കിൽ മുസ്‌ലിം വിദ്വേഷത്തിന്റെ മറ്റൊരു തരംഗമായിരിക്കും അമേരിക്കയിൽ അലയടിച്ചുയരുക. സ്പെയിനിലെ തീവ്ര വലത് പക്ഷ പാർട്ടിയായ വോക്സ് പാർട്ടി ഇസ്‌ലാമിക സംസ്കാരം ഉള്ളവർക്ക് റസിഡണ്ട് പെർമിറ്റും പൗരത്വവും നൽകുന്നത് നിർത്തണമെന്ന് ആവശ്യപ്പെട്ടിരിക്കയാണ്. പാശ്ചാത്യ നാടുകളിൽ വെച്ച് ഏറ്റവും കൂടുതൽ മുസ്‌ലിംകൾ ജീവിക്കുന്നത് ഫ്രാൻസിലാണ്. ശിരോ വസ്ത്ര വിവാദത്തിൽ നിന്നും ആരംഭിച്ച് പിന്നീട് മുഖം മുഴുവൻ മറക്കുന്ന നിഖാബ്, ബുർഖ നിരോധനത്തിൽ അത് പരിമിതപ്പെടുത്തുകയാണുണ്ടായത്.

അവിടെ ഫ്രഞ്ച് തീവ്ര വലത് പക്ഷക്കാരി നാഷനൽ റാലീ പാർട്ടിയുടെ നേതാവ് മരീൻ ലീ പെന്നാണ് ഭാവിയിലെ ഫ്രഞ്ച് പ്രസിഡണ്ടായി കണക്കാക്കപ്പെടുന്നത് കടുത്ത കുടിയേറ്റ വിരുദ്ധതയോടൊപ്പം മുസ്‌ലിം വിരുദ്ധതയും ഫാസിസ്റ്റ് പ്രവണതയുള്ള ദേശീയ വാദവുമാണ് അവരുടെ മുഖമുദ്ര. ജർമ്മനിയിലും മുസ്‌ലിം വിദ്വേഷം വ്യാപകമാണെന്ന് അവരുടെ അന്തർ ദേശീയ മാധ്യമമായ ഉണ പറയുന്നത് ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെയുള്ള വിദ്വേഷ പ്രസ്താവനകളെ രണ്ടിൽ ഒരു ജർമ്മൻകാരൻ അനുകൂലിക്കുന്നു എന്നാണ് പത്രം പറയുന്നത്. 5.5 ദശ ലക്ഷം മുസ്‌ലികളാണ് ജർമ്മനിയിലുള്ളത്. അവർ ദിനേന മതപരമായ പലവിധ വിവേചനങ്ങളും അനുഭവിക്കുന്നു. കിഴക്കൻ ജർമ്മനിയിൽ എർഫർട്ട് എന്ന പട്ടണത്തിൽ അഹ്മദിയ്യാ ജമാഅത്ത് പണിത ഒരു മസ്ജിന്റെ കഥ ആ പത്രം വിവരിക്കുന്നുണ്ട്. സുലൈമാൻ മാലിക്ക് എന്ന് പേരുള്ള പാകിസ്താനിൽ നിന്നും വർഷങ്ങൾക്ക് മുമ്പ് കുടിയേറിയ ഒരു അഹ്മദികുടുബമാണ് അദ്ദേഹത്തിന്റേത്. യൂറോപ്യൻ രാജ്യങ്ങളിൽ ഇസ്‌ലാമിന്റെ തനത് രൂപം കാഴ്ച വെച്ചു കൊണ്ട് മാതൃകാപരമായി യൂറോപ്പിലെ സിവിൽ സമൂഹവുമായി സമരസപ്പെട്ടു പോകുന്ന വിഭാഗമാണ് അഹ്മദികൾ. ആഗോളവ്യാപകമായി ഒരു ആത്മീയ നേതൃത്വത്തിനു കീഴിൽ പ്രവർത്തിക്കുന്ന അഹ്മദിയ്യാ ജമാഅത്ത് യൂറോപ്പിൽ ഏറ്റവും കൂടുതൽ സ്വീകാര്യത നേടിക്കൊണ്ടിരിക്കുന്ന വിഭാഗമാണ്. അവർക്ക് പോലും ചില സ്ഥലങ്ങളിൽ ഇപ്പോൾ പ്രയാസപ്പെടുന്നുണ്ട് എന്നത് ഒരു യഥാർത്ഥ്യമാണ്. എർഫർട്ട് ജില്ലയുടെ ഡെപ്യൂട്ടി മേയർ കൂടിയാണ് സുലൈമാൻ മാലിക് എന്ന അഹ്മദി. കിഴക്കൻ ജർമ്മനിയിലുള്ള ആ പ്രദേശത്ത് ആദ്യമായി പണിയുന്ന മുസ്‌ലിം പള്ളിയാണത്. മസ്ജിദിന്റെ 9 മീറ്റർ ഉയരമുള്ള മിനാരത്ത് സ്ഥാപിച്ചതിന്റെ ചരിത്രം വിവരിക്കുന്നുണ്ട്. അഞ്ച് ഭാഗങ്ങളായാണ് മിനാരം സ്ഥാപിച്ചിരിക്കുന്നത്. ഓരോന്നും ടൺകണക്കിന് ഭാരമുണ്ട്. ജർമ്മനിയിലെ വംശീയ വലത് പക്ഷ വാദികളുടെ ഭീഷണിയെ തുടർന്ന് നിർമാണത്തിന്നായി കമ്പനികളൊന്നും മുന്നോട്ട് വന്നില്ല. അവസാനം പാതിരാത്രിക്കാണ് മിനാരം പണി പൂർത്തിയാക്കിയത് നിർമ്മാണ ജോലിയുടെ ഫോട്ടോ എടുക്കരുത് എന്ന് കരാറുകാരൻ പ്രത്യേകം നിഷ്ക്കർശിക്കുകയും ചെയ്തു.(The daily experience of Islamophobia in Germany, DW- 2024 March 14 ) ആശയ പ്രചരണ സ്വാതന്ത്ര്യത്തിന്റേയും ചിന്താസ്വാതന്ത്ര്യത്തിന്റേയും മത സ്വാതന്ത്ര്യത്തിന്റെയും അങ്ങനെ എല്ലാ സ്വാതന്ത്ര്യങ്ങളുടെയും പറുദീസ എന്ന് വിളിക്കപ്പെടുന്ന യൂറോപ്പ് ഇന്ന് അസഹിഷ്ണുതയുടെയും ഉഷ്ണകാലമാണ് എന്ന് ചുരുക്കം

യൂറോപ്പിൽ സമൂഹം പൊതുവേ ജനാധിപത്യ വാദികളും മനുഷ്യ സ്നേഹികളുമാണ്. ഇസ്‌ലാമോഫോബിയ വളർത്തിയത് നാസിസത്തിന്റെയും ഫാസിസത്തിന്റെയും ആശയ ധാരകളുള്ള വലത് പക്ഷ പാർട്ടികളാണ്. ഇത്കൂടാതെ മുസ്‌ലിം സമൂഹത്തെ പൊതുവേ ഗ്രസിച്ച ജീർണ്ണതകളും മറ്റുള്ളവരിൽ ഇസ്‌ലാമോ ഫോബിയ ഉണ്ടാക്കാൻ കാരണമാകുന്നു. റസൂൽ തിരുമേനി(സ) യുടെ ആത്മിയവും ധാർമികവുമായ യഥാർത്ഥ മാനവിക മാതൃകയാണ് മുസ്‌ലിംകൾ അവലംബിക്കേണ്ട യഥാർത്ഥ മാതൃക. ആധുനിക കാലത്തുണ്ടായ പല ഭൗതിക വിപ്ലവ പ്രത്യയ ശാസ്ത്രങ്ങളെയും അനുകരിച്ച് മുസ്‌ലിം രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലുമടക്കം മുസ്‌ലിംകളിൽ ഒരു വിഭാഗം ജിഹാദിസവും മതരാഷ്ട്ര മൗലിക വാദവും അമുസ്‌ലിം ഭൂരിപക്ഷമുള്ള യൂറോപ്യൻ രാജ്യങ്ങളിലും പ്രചരിപ്പിക്കുന്നുണ്ട്. മുസ്‌ലിം രാജ്യങ്ങളിൽ അവർതന്നെ പരസ്പരം പൊരുതുന്ന മിലിറ്റൻറ്റ് ഗ്രൂപ്പുകളാണ് അധികവും. മാത്രമല്ല ജനാധിപത്യം സ്വതന്ത്ര പത്രപ്രവർത്തനം പാർലമെന്റ് മുതലായ സംവിധാനങ്ങളൊന്നും മുസ്‌ലിം രാജ്യങ്ങളില്ല. പല രാജ്യങ്ങളിലും പട്ടാളക്കാരും രാജാക്കന്മാരും താലീബാൻ പോലെയുള്ള മതയാഥാസ്ഥിതിക ഗോത്ര സമിതികളുമാണ് ഭരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങളിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം മുസ്‌ലിം രാജ്യങ്ങളിൽ അമുസ്‌ലിംകൾക്ക് ലഭിക്കുന്നില്ല എന്നതും യൂറോപ്പിലെ വലത് പക്ഷ രാഷ്ട്രീയത്തിന്റെ ഒരു ആക്ഷേപമാണ്. പല മുസ്‌ലിം രാജ്യങ്ങളിലും രാജഭരണമോ പട്ടാള ഭരണമോ താലീബാൻ പോലെയുള്ള മതയാഥാസ്ഥിതിക ഭരണമോ ആണ്. വംശീയ പ്രവണതകളുള്ള യൂറോപ്പിലെ വലത് പക്ഷ പാർട്ടികൾ അവരുടെ നാട്ടിലുള്ള കുടിയേറ്റക്കാരായവർക്കെതിരെ പ്രത്യേകിച്ചും മുസ്‌ലിംകൾക്കെതിരെ പ്രചാരണം നടത്താൻ ഇതെല്ലാം ആയുധമാക്കുന്നു. പ്രത്യേകിച്ച് തിരഞ്ഞെടുപ്പു കാലങ്ങളിൽ വെറുപ്പും വിദ്വേഷവും ഊതിക്കത്തിച്ച് നേട്ടമുണ്ടാക്കാൻ വലത് പക്ഷ പാർട്ടികൾ ശ്രമിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഈ ജീർണ്ണാവസ്ഥയിൽ നിന്നും ആത്മീയമായ ഒരു സമൂല പരിവർത്തനമല്ലാതെ മുസ്‌ലിംകൾക്ക് മറ്റൊരു പരിഹാരമില്ല. വിശുദ്ധ ഖുർആനിൽ ഇത്തരം ജീർണിച്ച സമൂഹങ്ങളുടെ പുനരുജ്ജീവനം അല്ലാഹു ദിവ്യജ്ഞാനങ്ങൾ നൽകി അയക്കുന്ന പുണ്യാത്മാക്കളിലൂടെയാണ് നിർവ്വഹിക്കപ്പെടുക എന്ന ചരിത്രങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. ആ ദിവ്യാത്മാക്കളുടെ നിഷേധങ്ങൾക്കൊണ്ടുണ്ടാകുന്ന നാശങ്ങളും ഖുർആൻ വിവരിക്കുന്നു. അല്ലാതെ പാർട്ടികളും കക്ഷികളും പ്രസ്ഥാനങ്ങളുമല്ല അക്കാര്യം നിർവ്വഹികുക. മുഹമ്മദ് നബി(സ) യുടെ വാഗ്ദാന പ്രകാരം ആഗതനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ മുസ്‌ലിം ലോകം കൈകൊള്ളുന്നില്ലെങ്കിൽ അവർ ഈ ജീർണ്ണാവസ്ഥയിൽ വിപത്തുക

ളും നാശങ്ങളും കാത്തിരിക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാകുമാറാകട്ടെ. അല്ലാഹു ഖുർആനിൽ പറയുന്നു:

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് അവർ സ്വയം മാറ്റം വരുത്തുന്നത് അവരെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.'** (അൽ റഅദ് 13:12)

**പേജ് 23 ൽ നിന്ന്**

നീ എന്താണ് എന്നെ കൈവിട്ടത്? ......... യേശു ഉറക്കെ നിലവിളിച്ച് അന്ത്യശ്വാസം വലിച്ചു.' (മാർക്ക്15: 33-38) മൂന്നാം മണിക്കൂർ കുരിശിലേറ്റിയ ക്രിസ്തു ഒമ്പതാം മണിക്കൂറിൽ മരിച്ചു. എന്നാണ് ഈ വിവരണത്തിൽ നിന്നുമുള്ള നിഗമനം. എന്നാൽ യോഹാന്നനിലെ ക്രൂശീകരണ വിവരണം നോക്കൂ.' അത് പെസഹായുടെ ഒരുക്കു ദിവസമായിരുന്നു. ഏതാണ്ട് ആറാം മണിക്കൂർ. അയാൾ (പീലാത്തോസ്) യഹൂദരോട് പറഞ്ഞു: 'ഇതാ നിങ്ങളുടെ രാജാവ്!' അവർ വിളിച്ചു പറഞ്ഞു: 'അവനെ കൊണ്ടു പോവുക! അവനെ കൊണ്ടു പോകുക. അവനെ ക്രൂശിക്കുക.!' പീലാത്തോസ് ചോദിച്ചു: 'നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ?' പുരോഹിതൻ പറഞ്ഞു: 'സീസറല്ലാതെ വേറെ രാജാവ് ഞങ്ങൾക്കില്ല.' അപ്പോൾ അയാൾ അവനെ കുരിശിൽ തറക്കാൻ അവർക്ക് ഏൽപ്പിച്ചു കൊടുത്തു.' (യോഹന്നാൻ: 19: 14-16)

യേശുവിനെ ക്രൂശിച്ച സമയം മാർക്കോസ് സുവിശേഷത്തിലെ 3-ാം മണിക്കൂർ കുരിശിലേറ്റി 9-ാം മണിക്കൂർ അന്ത്യശ്വാസം വലിച്ചു എന്ന സമയ ദൈർഘ്യം സ്വീകരിച്ചാൽ 6 മണിക്കൂറും യോഹാന്നന്റെ 6-ാം മണി സമയ ഗണന സ്വീകരിച്ചാൽ മൂന്ന് മണിക്കൂർ മാത്രമാണ് യേശു കുരിശിൽ തൂങ്ങിക്കിടന്നത്. ഇതിൽ കൂടുതൽ യഥാർത്ഥവും സൂക്ഷ്മവും ആധികാരികവുമായ രംഗചിത്രീകരണം യോഹന്നാനിലാണ് കാണുന്നത്. സിനോപ്റ്റിക് (ഒരുപോലെ കാണപ്പെടുന്നവ) എന്ന് വിശേഷിപ്പിക്കപ്പെടുന്ന മറ്റു മൂന്ന് സുവിശേഷങ്ങളും ഒരേ സ്റോതസ്സിൽ നിന്നും എഴുതപ്പെട്ടവയാണ്. യോഹന്നാൻ സുവിശേഷമാണ് ഏറ്റവും ഒടുവിൽ എഴുതപ്പെട്ടതെങ്കിലും അതാണ് നാലു സുവിശേഷങ്ങളിലും വെച്ച് ഏറ്റവും ആധികാരികമായി പരിഗണിക്കുന്നത് മറ്റു സുവിശേഷങ്ങളിലില്ലാത്ത കാനായിലെ കല്ല്യാണം നിക്കോദമസുമായുള്ള സംഭാഷണം ലാസറിന്റെ ഉയിർപ്പ് തുടങ്ങിയ സംഭവങ്ങൾ വിവരിച്ചത് യോഹന്നാനിലാണ്. അത്കൊണ്ട് യോഹന്നാൻ സുവിശേഷത്തിലെ കാലഗണ പരിഗണിക്കുമ്പോൾ കേവലം മൂന്ന് മണിക്കൂർ മാത്ര മാണ് യേശു ക്രൂശിതനായത് ഇതൊരിക്കലും യേശുവെപോലെ ആരോഗ്യ ദൃഢഗാത്രനായ ഒരു ചെറുപ്പക്കാരന് മരിക്കാൻ പര്യാപ്തമായ സമയമല്ല. മാത്രമല്ല എല്ലാം അറിയാവുന്ന പീലാത്തോസിനെ പോലും വിസ്മയിപ്പിച്ചുകൊണ്ടാണ് കുറഞ്ഞ സമയത്തിനുള്ളിലെ ഈ മരണ വാർത്തേയോട് അദ്ദേഹം പ്രതികരിക്കുന്നത്. 'യേശു മരിച്ചു കഴിഞ്ഞോ എന്ന് പീലാത്തോസ് വിസ്മയിച്ചു. അയാൾ ശതാധിപനെ വിളിച്ച് അവൻ മരിച്ചു കഴിഞ്ഞോ എന്ന് ചോദിച്ചു.' (മാർക്കോസ് 15: 44,45)

## കുരിശിലെ വീഞ്ഞ്

യേശുവിനെ ക്രൂശിക്കാൻ കൊണ്ടു പോകുന്ന വേളയിൽ മൂന്നു വ്യത്യസ്ത സന്ദർഭങ്ങളിൽ വീഞ്ഞ് കഴിക്കാൻ നൽകിയതായി ബൈബിളിൽ കാണാം ഒന്നാമതായി ഗോൽഗൊഥായിൽ വെച്ച്. ക്രൂശീകരണത്തിന് മുമ്പാണ് നൽകുന്നത് 'അവനു കയ്പു ചേർത്ത വീഞ്ഞു കുടിക്കാൻ കൊടുത്തു. അവൻ അത് രുചിച്ചു നോക്കിയെങ്കിലും കുടിക്കാൻ വിസമ്മതിച്ചു.' (മത്തായി 27:34). മീറാ കലർത്തിയ വീഞ്ഞായിരുന്നു വെന്നാണ് മാർക്കോസ് 15: 23 ൽ പറയുന്നത്. ഇത് വ്യക്തമായും വേദനാ സംഹാരിയും മയക്ക് മരുന്നുമാണ്. രണ്ടാമതായി കാവൽക്കാരാണ് വീഞ്ഞ് നൽകിയത്. 'ഭടന്മാരും അവനെ പരിഹസിച്ചു. അടുത്ത് വന്ന് വിന്നാഗിരി കൊടുത്തു.' (ലൂക്കോസ് 23: 36) മൂന്നാമതായി യേശുവിനെ 'ഒമ്പതാം മണിക്കൂറിൽ യേശു ഉറക്കെ നിലവിളിച്ചു: 'ഏലി, ഏലി, ലമാ സബക്താനി' അതായത് എന്റെ ദൈവമെ, എന്റെ ദൈവമെ, നീ എന്താണ് എന്നെ കൈവിട്ടത്? ഉടനെ അവരിൽ ഒരാൾ ഓടിചെന്ന് നീർ പഞ്ഞി എടുത്തു വിന്നാഗിരിയിൽ മുക്കി ഒരു ഞാണങ്ങായുടെ അറ്റത്ത് വച്ച് അവന്നു കുടിക്കാൻ കൊടുത്തു. (മത്തായി 27:48) യേശു വിശുദ്ധ ലിഖിതം നിറവേറാൻ പറഞ്ഞു: എനിക്ക് ദാഹിക്കുന്നു താഴ്ന്ന വീഞ്ഞ് നിറച്ച ഒരു പാത്രം അവിടെ ഉണ്ടായിരുന്നു. അവർ വീഞ്ഞു നിറഞ്ഞ നീർപഞ്ഞി ഒരു ഈസോപ്പു തണ്ടിൽ വച്ച് അവന്റെ വായോട് ചേർത്തു. യേശു വീഞ്ഞു കുടിച്ചു പറഞ്ഞു: എല്ലാം പൂർത്തിയായി (യോഹന്നാൻ: 19:29,30) മാർക്കോസ് (15:36)

ശ്രദ്ധേയമായ കാര്യം ഇവിടെ യേശു ദാഹമകറ്റാനാണ് വെള്ളം ചോദിക്കുന്നത്. പക്ഷേ കൊടുത്തത് വീഞ്ഞാണ്. ഇത് വ്യക്തമായും ഒരു ലക്ഷ്യം സാധിതമാക്കാൻ വേണ്ടിയുള്ള ഉദ്ദേശ്യപൂർവ്വമായ നീക്കമായിരുന്നു. അൽപ്പ സമയത്തെ ക്രൂശീകരണത്തിൽ വേദനയില്ലാതെ ബോധശൂന്യനായി മയങ്ങിക്കിടക്കാൻ റോമൻ പട്ടാളക്കാരുടെ സഹായത്താലും പീലാത്തോസിന്റെ സമ്മതത്തോടെയും കൂടി നടത്തിയ ഒരു പ്രവർത്തനമാണ് അതെന്ന് വ്യക്തം. (തുടരും)

mta INTERNATIONAL
Reaching The Corners of The Earth
www.mta.tv

## യു . ഖദീജാ സാഹിബ.

ഖാദിയാനിൽ ദർവ്വേശായിരുന്ന ബഹുമാനപ്പെട്ട മുഹമ്മദ് അഹ്മദ് നസീം (മർഹൂം) സാഹിബിന്റെ പത്നി യു. ഖദീജ നസീം സാഹിബ 27 ജനുവരി 2024 ന് ഖാദിയാനിൽ വെച്ച് വഫാത്തായി ഇന്നാലില്ലാഹി.... കൂടാളി ജമാഅത്തിലെ പ്രഥമ അഹ്മദി സി. ഇബ്രാഹിം കുട്ടി സാഹിബിന്റെയും യു ഫാത്തിമാ ബീ സാഹിബയുടെയും മകളായിരുന്നു. അവരുടെ ഭർത്തവ് നസീം സാഹിബ് വളരെ സാത്വികനനും ത്യാഗിവര്യനുമായ വ്യക്തിയായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ ഇന്ത്യൻ റോയൽ ആർമിയിൽ അംഗമായിരുന്നു. പിന്നീട് പൂനയിലായിരുന്ന അദ്ദേഹം കേരളത്തിലേക്ക് തിരിച്ചുവന്നു. വിഭജന കാലത്ത് ഖാദിയാനിൽ അഹ്മദികളുടെ സ്വത്തും പുണ്യസ്ഥലങ്ങളും സംരക്ഷിക്കാൻ ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശ പ്രകാരം അവിടെ നിൽക്കുകയായിരുന്നു. പിന്നീട് അദ്ദേഹം ഖാദിയായിൽ നിന്നും ഒരു നിമിഷം പോലും മാറി താമസിച്ചിരുന്നില്ല. 1950 മുതൽ ഖാദിയനിൽ സ്ഥിര താമസമാക്കിയ അദ്ദേഹം 25 വർഷം നീണ്ടു നിന്ന അതി കഠിനമായ ജീവിതമായിരുന്നു നയിച്ചത്. ഖദീജ സാഹിബ 1975 ൽ കുടുംബവുമായി കൂടാളിയിൽ വന്നെങ്കിലും അപ്പോഴേക്കും ഭർത്താവ് രോഗിയായിക്കഴിഞ്ഞിരുന്നു പിന്നീട് അവർ ഖാദിയാനിലേക്ക് തിരിച്ച് പോകുകയായിരുന്നു. കഠിന പരീക്ഷണങ്ങളെ അക്ഷോഭ്യനായി സഹനത്തോടും ക്ഷമയോടും ആ കുടുംബവുംഖദീജാ സാഹിബയും സഹിച്ചു. ഭർത്താവിനോടൊപ്പം എല്ലാ വിപരീത പരിതസ്തിയിലും സർവ്വവും സഹിച്ച് സന്തോഷത്തോടെയാണ് അവർ ജീവിച്ചത്. വിശുദ്ധ ഖുർആനിനോടുള്ള ഖദീജാ സാഹിബയുടെ ആദരവും ബഹുമാനവും അളവറ്റതായിരുന്നു കുട്ടികൾക്കും സ്ത്രീകൾക്കും ജമാഅത്തിലേക്ക് പുതുതായി വരുന്നവർക്കും ഖുർആൻ പഠിപ്പിക്കാൻ അവർ അതിവ ശ്രദ്ധയാണ് കാണിച്ചത്. സ്വന്തം കുട്ടികളെ ഖുർറൻ ഹാഫിളുമാരാക്കാൻ അവർ കഠിനമായി പരിശ്രമിക്കുകയും ഒരു മകൻ ഹാഫിളാകുകയും ചെയ്തു. ലജ്നയുടെ പ്രവർത്തനങ്ങളിൽ സജീവമായി അവർ പങ്കെടുത്തിരുന്നു. അവർക്ക് ജന്നാത്തുൽ ഫിർദൗസിൽ അല്ലാഹു ഉന്നതമായ സ്ഥാനവും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ

മക്കൾ

1 ഫാത്തിമ സുഹറ (മർഹൂമ)
2 ഡോ. ഹമീദ് അഹ്മദ് നസീം
3. സാദിഖ തയ്യിബ
4. അൻവർ അഹ്മദ്(മർഹൂം)
5. മുനവ്വർ അഹ്മദ് നാസർ.
6. ഹാഫിസ് മസ്ഹർ അഹ്മദ്
7. റഫി അഹമദ് നസീം.

മുനീറ മുബാറക്, കൂടാളി

## കെ. പി അബ്ദുർറഹീം സാഹിബ്



മാത്തോട്ടം ജമാഅത്ത് അംഗവും തലശ്ശേരി പുന്നോൽ സ്വദേശിയും കോഴിക്കോട് ജമാഅത്തിലെ ആദ്യകാല അംഗവുമായിരുന്ന കെ. പി അബ്ദുർ റഹീം സാഹിബ് (93) വഫാത്തായി. ഇന്നാ ലില്ലാഹി.....1931 ഫ്രിബ്ര: 22 തലശ്ശേരി പുന്നോലിൽ ജനിച്ച അദ്ദേഹം പുന്നോൽ ബി ഈ എം ഹൈസ്കൂളിൽ പഴയ സിക്സ്ത് ഫോറം. (എസ് എസ് എൽ സി ക്ക് തുല്യം ) വരെ പഠിച്ചുപഴയ പതിനേഴാമത്തെ വയസ്സിൽ കോഴിക്കോട്ടേക്ക് വന്നു. അമ്മാവനായ മൊയ്‌വിന്റെ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചു. കെ പി അബ്ദുർറഹീം സാഹിബ് അന്നു മുതൽ അഹ്മദിയ്യാ അനുഭാവിയായിരുന്നു. ഉത്ബുദ്ധനായ നല്ല വായനക്കാരനായിരുന്ന കെപി. സമകാലീനവും വൈജ്ഞാനികവും ഇസ്ലാമികവുമായ അറിവുകൾ കൊണ്ട് ധന്യനും ആരോടും താൻ മനസ്സിലാക്കിയ കാര്യങ്ങൾ സുവ്യക്തമായി പറഞ്ഞു ധരിപ്പിക്കാനും സംവദിക്കാനും ശേഷിയുമുള്ള ആളായിരുന്നു. പിന്നീട് ജേഷ്ഠ സഹോദരനായ കെ പി അസ്സു സാഹിബിനോടൊപ്പം അദ്ദേഹത്തിന്റെ അസ്സു സോ മിൽസ് എന്ന സ്ഥാപനത്തിൽ ചേർന്നു 20-ാം വയസ്സിലാണ് ബയ്യത്ത് ചെയ്തത്. പിന്നീട് ടുബാക്കോ സ്ട്രീറ്റിൽ സ്വന്തമായി ഒരു ഫ്ളോർ മില്ല് തുടങ്ങി. ഇട്ക്ക് ചില അഭിപ്രായ വ്യത്യാസങ്ങൾ കാരണം ജമാഅത്തിൽ നിന്നും വിട്ടു നിൽക്കേണ്ടി വന്നു. എല്ലാ വൈജ്ഞാനിക വിഷയങ്ങളെ പറ്റിയും സാമാന്യ ജ്ഞാനമുണ്ടായിരുന്ന കെ പി സത്യ ദൂതനിൽ ഒരു പാട് ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. കുരിശിനെ അതിജീവിച്ച യേശു, അഹ്മദിയ്യാ തബ്ലീഗ് സഹായി, ഒരു പ്രവചനവും പ്രകൃതി പ്രതിഭാസവും, ശ്രീകൃഷ്ഷണൻ ഒരു പുനർ വായന. എന്നീ പു സ്തകങ്ങൾ കെ പി രചിച്ചതാണ്. അവസാനകാലത്ത് അദ്ദേഹത്തിന്റെ കാഴ്ച്ച ശക്തി നിശ്ശേഷം നശിക്കുകയുണ്ടായി. അതിന് ശേഷം വീട്ടൽ നിന്നും പുറത്ത് പോകാറില്ല. വളരെ നിശിതവും തെളിമയാർന്നതുമായ ഓർമ്മ ശക്തികൊണ്ടനുഗ്രഹീതനായ അദ്ദേഹം ലോകത്തും സമൂഹത്തിലും നടക്കുന്ന എല്ലാ കാര്യങ്ങളും ചോദിച്ചറിയുമായിരുനു. പാവങ്ങളെ സഹായിക്കാനും എല്ലാവരുമായും സൗഹൃദം സൂക്ഷിക്കാനും ബദ്ധദ്ധനായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ: കോഴിക്കോട് ജമാഅത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് കലന്തൻ കോയ ഹാജിയുടെ ഏക മകൾ ആയിശാ ബി (ബീബി). മക്കൾ: ഷക്കീല, ഹസീന, മുസഫർ, സുശീല.

Published on 07.04.2024
Pages 44
RNI No. 3332/1957, Registered KL/EKM/726/2024-26
Vol: 96 Issue.03-04
Price Rs. 30/-

The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!

# സത്യദൂതൻ




ഒരു നൂറ്റാണ്ടിനോടടുക്കുന്ന
മലയാളത്തിലെ
ഏക ഇസ്‌ലാമിക
പ്രസിദ്ധീകരണം

G Pay
accepted here
ISLAM INTERNATIONAL PUBLICATIONS
+91 94470 86862
9447086862@okbizaxis
BHIM UPI

# SUBSCRIBE

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

*കൂടുതൽ വിവരങ്ങൾക്ക്:*
**മാനേജർ**
**സത്യദൂതൻ, മസ്ജിദ് ഉമർ**
**സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം**
*Email : sathyadoothan1@gmail.com*
***Phone No: 9447086862 (G. Pay)***

Printed & Published by B.B.Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at A-One Offset Prints, Ramanattukara, Calicut, Kerala - 673 633
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim.